KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE



# JAGRATHA

## ജാഗ്രത ന്യൂസ് NEWS

April - June 2020
Issue 274 - 275



കൊറോണക്കാലം കരുതലിന്റെ ഭാഷ്യമാക്കാം! 2
ബിഷപ്പ് മാർ ജോസഫ് കരിയിൽ

കൊറോണപ്രവാഹം ചാടിക്കടക്കുന്ന ... 4
ഫാ. വർഗീസ് വള്ളിക്കാട്ട്

ലവ് ജിഹാദ്: സത്യവും മിഥ്യയും 8
ജേക്കബ് ജോബ് ഐപിഎസ് (റിട്ടയേർഡ്)

ജാഗ്രത! വിശ്വാസികൾക്കിടയിലെ ... 11
ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ

വത്തിക്കാൻ കൗൺസിലും മതബോധനഗ്രന്ഥവും, പിന്നെ ഇസ്ലാമും 14
ഫാ. ജോഷി മയ്യാറ്റിൽ

തീരനിയന്ത്രണ വിജ്ഞാപനം - കഥയിതു വരെ 17
അഡ്വ. ഷെറി ജെ തോമസ്

മതങ്ങൾ വിമർശനവിധേയമാകുമ്പോൾ 20
ഫാ. വർഗീസ് വള്ളിക്കാട്ട്

ക്രൈസ്തവവിശ്വാസവും ക്രിസ്ത്യൻ ട്രോൾസും:..... 24
കെസിബിസി ഐക്യജാഗ്രതകമ്മീഷൻ

സന്ന്യാസാർത്ഥിനിയുടെ മരണത്തിന്റെ മറവിൽ ..... 27

കെസിബിസി പ്രസ്താവനകൾ, വാർത്തകൾ 29

വാർത്തകൾ 33

സോഷ്യൽ മീഡിയയിലെ ചതിക്കുഴികൾ 35
സി. സോണിയ ഡി.എസ്.ജെ

കോവിഡ് 19 പ്രതിരോധവും ലോക്ഡൗൺകാല പ്രതിരോധ പ്രവർത്തനങ്ങളും കെസിബിസി വിലയിരുത്തും 36

For Private Circulation Only



# കൊറോണക്കാലം കരുതലിന്റെ ഭാഷ്യമാക്കാം!

**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)



**അ**ടച്ചിരുപ്പിന്റെ കാലത്തെ അടയാളവാക്യമാണ് "ജാഗ്രത". ഏതു കാതിലും ഈ വാക്ക് വന്നുവീഴുന്നു! ഏതു നാവും രൂപപ്പെടുത്തുന്ന അക്ഷരക്കൂട്ടും ഇതാവും. സ്വന്തം ആരോഗ്യത്തെക്കുറിച്ചും അപരന്റെ ആരോഗ്യത്തെക്കുറിച്ചുമുള്ള കരുതൽ ഇതിലുണ്ട്. തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന കർത്തൃകല്പനയുടെ അനുവർത്തനമാണിത് എന്നുപറയാം. രോഗാണുബാധയുടെ സംശയമുണ്ടായാൽ ഉടനെ ഒരാളെ ക്വാറന്റൈനിൽ ആക്കുന്നു. അയൽവാസികളെ ഈ വിവരം അറിയിക്കുന്നുമുണ്ടെന്നു കരുതാം. അല്ലെങ്കിൽത്തന്നെ ആരോഗ്യപ്രവർത്തകരുടെ വരവും പോക്കും മതിയല്ലോ കാര്യങ്ങൾ ഊഹിച്ചെടുക്കാൻ. സഹോദരൻ സഹോദരന്റെ കാവല്ക്കാരനാകുന്നതു കാണുമ്പോൾ, കൗതുകം തോന്നുന്നില്ലേ? കായേൻ മുതലിങ്ങോട്ട് എല്ലാ സഹോദരന്മാരും മറന്നുപോയതാണ് ഈ കല്പന. ഏകാധിപതികൾ മാത്രമാണ് ഈ കല്പന ഓർത്തതും രൂപമാറ്റം വരുത്തി ഉപയോഗപ്പെടുത്തുന്നതും. സംശയരോഗം മൂക്കുമ്പോൾ എല്ലാവരും ഓരോരുത്തനും ചാരന്മാരാകുന്ന അവസ്ഥ അവർ സൃഷ്ടിക്കുന്നു! സ്നേഹത്തിന്റെ അന്തരീക്ഷമല്ല, ഭീതിയുടെ അന്തരീക്ഷമാണ് ഇവിടെ ഉണ്ടാകുന്നത്. ഇന്നും എന്നും ബോധ്യങ്ങളെക്കാൾ ശിക്ഷാപേടിയാണല്ലോ നിയമവിധേയത്വത്തെ ഉറപ്പിക്കുന്നത്. ആധുനിക രാഷ്ട്രതന്ത്രത്തിന്റെ പിതാവായിട്ടു കരുതപ്പെടുന്ന നിക്കൊളോ മാക്കിയവെല്ലി രാജകുമാരനു കൊടുക്കുന്ന രാജനീതിയുടെ ഒരു കല്പന ഇതാണ്: It is better to be feared than loved!

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Rt. Rev. Dr. Joseph Kariyil

**Vice Chairmen**
Adp. Mar Andrews Thazhath
Bp. Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com



Pandemic എന്നാണ് കോവിഡ്-19 നെ വിശേഷിപ്പിക്കുന്നത് - ശരീരത്തെ ബാധിക്കുന്ന ഒരു പകർച്ച വ്യാധി. പാൻഡെമിക്കിനോടു ബന്ധപ്പെടുത്തി മനസ്സിനെ ബാധിക്കുന്ന ഒരു വ്യാധിയെക്കുറിച്ച് പറയാം. Infodemics എന്ന വ്യാധിയാണിത്. വാക്കിന്റെ അർത്ഥം 'വിവരങ്ങളുടെപ്രളയം' എന്നാണ്. ഇംഗ്ലീഷ് നിഘണ്ടുവിൽ ഇതിന്റെ അർത്ഥം കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്: an excessive amount of information concerning a problem such that the solution is made more difficult. ഒരു പ്രശ്നത്തെ സങ്കീർണ്ണമാക്കുകയോ പരിഹാരവിധികൾ ദുഷ്കരമാക്കുകയോ ചെയ്യുന്ന വിവര ധാരാളിത്തമാണ് ഇൻഫോഡെമിക്സ്. വിവരങ്ങൾ (informations, data) വളരെ അത്യാവശ്യകമാണ്, പക്ഷേ, ലഭിക്കുന്ന വിവരങ്ങൾ തെളിമയുള്ള വിവരങ്ങളാവണം; ഗൂഢോദ്ദേശ്യ നിർമ്മിതികളാവരുത്. സോഷ്യൽ മീഡിയായുടെ തള്ളിക്കയറ്റത്തോടെ സർവ്വരും വിവരദാതാക്കളോ വിവരസ്രോതസ്സുകളോ ആവുന്നു. വിവര പ്രളയകാലത്ത് വസ്തുനിഷ്ഠമായ വിവരങ്ങളെക്കാൾ വ്യാജനിർമ്മിതികളാണ് കൂടുതൽ ഉണ്ടാവുക. അടുത്ത കാലത്ത് ഒരു വ്യാജവാർത്ത സമൂഹത്തിൽ പ്രചരിക്കുകയുണ്ടായി. പത്രത്താളുകളിലൂടെ കോവിഡ് പകരാം! ദിനപ്പത്രങ്ങൾക്കേറ്റ ആഘാതം ഭയപ്പെടുത്തുന്നതായിരുന്നു. പത്രം തൊട്ടുകഴിഞ്ഞാൽ സാനിറ്റൈസർകൊണ്ടു കൈകഴുകണമെന്നായി! ചില വാർത്തകളെ സൗകര്യം പ്രമാണിച്ചു തമസ്കരിച്ചും ന്യൂസ് ഡെസ്കിലിരുന്ന് ഏത് സംഭവവും ദുരൂഹത എന്ന വാക്ക് ചേർത്ത് വാർത്താനിർമ്മാണം നടത്തിപോന്ന പത്രമാസികകൾക്ക് പണികിട്ടിയപോലെ ആയി. അച്ചടിച്ചത് സത്യമാണെന്ന സത്യവാങ്മൂലവുമായി പത്രങ്ങൾ എത്രവട്ടമാണ് അവതരിച്ചത്! കൊടുത്താൽ കൊല്ലത്തും കിട്ടും എന്നു പഠിക്കേണ്ടിവന്നിരിക്കുന്നു.

പഴയൊരുപാട്ട് ഓർക്കുക:

"ആരാദ്യം പറയും? ആരാദ്യം പറയും?
പറയാതിനി വയ്യ, പറയാനും വയ്യ.
ആരാദ്യം പറയും? ആരാദ്യം പറയും?"
പറയാതിനി വയ്യ, പറയാനും വയ്യ!

എന്ന സന്ദിഗ്ധാവസ്ഥ ഉള്ളപ്പോഴും ഉള്ളിലുള്ളത് പറയുകതന്നെ വേണം എന്ന നിർബന്ധമുള്ളതുകൊണ്ടാണ് ആരാദ്യം പറയും? എന്ന് കവിതയിൽ ചോദ്യമുണ്ടാകുന്നത്. പരദൂഷണം കേൾക്കാനുള്ള ചെവിചായ്വ് മലയാളിക്കു കൂടുതലാണ്. അതിനെ പരിപോഷിപ്പിക്കുന്ന രീതിയിലാണ് വാർത്താ മാധ്യമങ്ങളുടെ പുറപ്പാട്. ആരാദ്യം പറയും? എന്ന കുത്സിത ബുദ്ധിയുടെ പ്രവർത്തനം ഇവിടെയുണ്ട്. ഫ്ളാഷ് ന്യൂസുകളുടെ പദവിന്യാസം ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? എങ്ങനെ രൂപപ്പെടും എന്ന് വ്യക്തതവന്നിട്ടില്ലാത്ത ഭാവികാല ക്രിയയെ, വർത്തമാനകാലത്തേക്കു കൊണ്ടുവന്നുനിർത്തി ഭൂതകാല ക്രിയയാക്കുന്ന മായാജാലം ഫ്ളാഷ് ന്യൂസുകളിൽകാണാം. ആദ്യം പറയാനുള്ള ബദ്ധപ്പാടിനു ബലിയാടാകുന്നത് പൂർണ്ണസത്യം അറിയാനുള്ള അവകാശമാണ്. ജാഗ്രത, കരുതൽ, വേണ്ടരംഗമാണിത്.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ ഒരുപമ (13:47-48) മേല്പ്പറഞ്ഞ കരുതലിന്റെ ഒരു ഭാഷ്യമാകും. സ്വർഗ്ഗരാജ്യം എല്ലാത്തരം മത്സ്യങ്ങളെയും ശേഖരിക്കാൻ കടലിൽ എറിയപ്പെട്ട വലയോട് കർത്താവ് ഉപമിക്കുന്നു. (Net ൽ നിന്നാണ് Internet രൂപപ്പെട്ടത് എന്നോർക്കണം)! വലനിറഞ്ഞപ്പോൾ അവർ വല കരയ്ക്കു വലിച്ചുകയറ്റി. അവർ കരയ്ക്കിരുന്ന് നല്ല മത്സ്യങ്ങൾ ശേഖരിക്കുകയും ചീത്ത മത്സ്യങ്ങൾ പുറത്തേക്കെറിയുകയും ചെയ്യുന്നു. വലയിൽ കിട്ടിയതെന്തും നല്ലതാവണമെന്നില്ല എന്നർത്ഥം. തരംതിരിവിനു ശേഷമാണ് സ്വീകാര്യതയുടെ പ്രശ്നം വരേണ്ടത്. ത്യാജ്യഗ്രാഹ്യവിവേചനം എന്ന് ഇതിനെ വിളിക്കാം. വാർത്തകളുടെ ദാതാവും സ്വീകർത്താവും നിർബന്ധമായും അനുഷ്ഠിക്കേണ്ടൊരു കടമയാണിത്. വലയിൽ എന്തെങ്കിലും പെട്ടാൽ ഉടനെ ഫ്ളാഷ് ന്യൂസ് ആക്കാൻ ബഹളം വയ്ക്കരുതെന്നും വല നിറഞ്ഞാലേ വല വലിച്ചുകയറ്റാവൂ, വിവരദാനത്തിനു മുതിരാവൂ, എന്നുമുള്ള പാഠം ഈ ഉപമയിലുണ്ട്. അക്ഷമ പാടില്ല. എല്ലാ ഇതളുകളും വിടരാൻ കാത്തുനില്ക്കണം, എങ്കിലേ പൂവിന്റെ സൗന്ദര്യം കിട്ടൂ. സത്യവും സുന്ദരവും പരസ്പരം മാറ്റി പ്രയോഗിക്കാമെന്നത് അടിസ്ഥാനജ്ഞാനം. വലയിൽ പെട്ടുപോകാതിരിക്കാൻ കരുതൽ വേണം. തരംതിരിവിനു ശേഷം കിട്ടുന്ന നല്ല ബാക്കിയാണ് സുന്ദരമായ സത്യം, വിമോചിപ്പിക്കുന്ന സത്യം. അടിമപ്പെടുത്തുന്ന വ്യാജ സത്യങ്ങളെക്കുറിച്ചു കരുതൽ, ജാഗ്രത, പുലർത്താം.

****************

# കൊറോണപ്രവാഹം
## ചാടിക്കടക്കുന്ന സമൂഹവും സഭയും

**ഫാ. വർഗീസ് വള്ളിക്കാട്ട്**
കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി



**കോ**വിഡ് അനന്തര കാലത്തെപ്പറ്റിയുള്ള ആലോചനകളും ചർച്ചകളും എല്ലായിടത്തും സജീവമാകുകയാണ്. കോവിഡ് അനന്തരം എന്ത് എന്നതിനെക്കാൾ ഇപ്പോൾ പ്രസക്തമായിരിക്കുന്നത് കോവിഡിന്റെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന 'ലോക് ഡൗൺ' എന്ന് തീരും എന്നതും ലോക്ക് ഡൗണിനു ശേഷമെന്ത് എന്നതുമാണ്. ലോക്ക് ഡൗൺ മൂന്നാം ഘട്ടം ഏതാനും ദിവസങ്ങൾക്കകം അവസാനിക്കും. ലോക് ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചു സംസ്ഥാനങ്ങൾ രംഗത്തു വന്നുതുടങ്ങി. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. എന്നാൽ, എല്ലാം പഴയപടിയാകും എന്ന് ആരുംതന്നെ ചിന്തിക്കുന്നില്ല. ലോക്ക് ഡൗൺ കഴിഞ്ഞാലും കൊറോണ വൈറസും കോവിഡ് 19 എന്ന രോഗവും ജീവിതത്തിന്റെ എല്ലാ മേഖലകളിലും അത് ഏല്പ്പിച്ച ആഘാതവും ഏറെക്കാലം നിലനില്ക്കും. ഫലപ്രദമായ പ്രതിരോധ വാക്സിനുകളോ മരുന്നുകളോ കണ്ടെത്തുന്നതുവരെ കോവിഡ് മനുഷ്യവർഗത്തിന് ഒരു ഭീഷണി തന്നെയായിരിക്കും.

അരനൂറ്റാണ്ടിനുള്ളിൽ ഇതുപോലെ ഒരു മഹാമാരി ലോകം കണ്ടിട്ടില്ല. 1980 ലാണ് വസൂരി (സ്മോൾ പോക്സ്) എന്ന മാരക വ്യാധി മനുഷ്യൻ നിയന്ത്രണ വിധേയമാക്കി നിർമാർജനം ചെയ്തത്. നൂറ്റാണ്ടുകൾ മനുഷ്യ വർഗത്തെ വരുതിയിൽ നിർത്തിയ വസൂരി ഇരുപതാം നൂറ്റാണ്ടിൽ മാത്രം മുന്നൂറു ദശലക്ഷം മനുഷ്യജീവനെടുത്തു എന്നാണ് കണക്കാക്കുന്നത്. മനുഷ്യ വർഗത്തിനു ഭീഷണിയായി മഹാമാരികൾ എക്കാലവും ഉണ്ടായിരുന്നു. അവയോടു പൊരുതിയും പൊരുത്തപ്പെട്ടും അവയെ അതിജീവിച്ചുമാണ് മനുഷ്യവംശം ചരിത്രത്തിൽ മുന്നോട്ടുപോയിട്ടുള്ളത്. തല്ക്കാലം കൊറോണയുമായി പൊരുതിനില്ക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ലോക രാഷ്ട്രങ്ങൾ കൈകോർത്തു പ്രവർത്തിച്ചാൽ, എത്രയും വേഗം അതിനെ അതിജീവിക്കാനുള്ള വാക്സിനുകളും മരുന്നും കണ്ടെത്താനായേക്കും.

2019 ഡിസംബർ 31 നാണു ചൈനയിലെ വുഹാനിൽ ന്യൂമോണിയക്കു തുല്യമായ രോഗം പടരുന്നതായി ചൈനീസ് അധികൃതർ ലോകാരോഗ്യ സംഘടനയെ അറിയിച്ചത്. പനിയും ശ്വാസ തടസ്സവുമായിരുന്നു പ്രധാന രോഗ ലക്ഷണങ്ങൾ. ജനുവരി മാസത്തിൽ തന്നെ ചൈനക്ക് പുറത്തേക്കും രോഗ വ്യാപനം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനുവരി 25 ആയപ്പോഴേക്കും മരണ സംഖ്യ 1000 കടന്നു. ജനുവരി 30 നു ലോകാരോഗ്യ സംഘടന കോവിഡ് - 19 വ്യാപനത്തെ ആഗോള അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ചു. ഇതേ ദിവസംതന്നെ ഇന്ത്യയിൽ ആദ്യത്തെ കോവിഡ് -19 കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വുഹാനിൽ നിന്ന് കേരളത്തിലെത്തിയ വിദ്യാർത്ഥിക്കായിരുന്നു രോഗം സ്ഥിരീകരിച്ചത്. കോവിഡിന് കൃത്യമായ ചികിത്സയില്ലെന്നു ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചത് ഫെബ്രുവരി അഞ്ചിനാണ്. മാർച്ച് 11-നു കൊറോണ വൈറസ് വ്യാപനത്തെ ലോകാരോഗ്യ സംഘടന ആഗോള മഹാമാരിയായി പ്രഖ്യാപിച്ചു. അപ്പോഴേക്കും മരണം 4291 കടന്നിരുന്നു.

ഇന്ത്യയിൽ ആദ്യമായി കോവിഡ് 19 സ്ഥിരീകരിച്ച സംസ്ഥാനം കേരളം ആണെങ്കിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കോവിഡിനെ നിയന്ത്രിക്കുന്നതിൽ കേരളം ലോകത്തിനു തന്നെ മാതൃകയായി. എങ്കിലും കോവിഡ് ഭീഷണിയിൽ നിന്നും നമ്മൾ മുക്തരായി എന്ന് കരുതാൻ വയ്യ. പ്രതിരോധ വാക്സിനോ മരുന്നോ കണ്ടെത്തും വരെ നമ്മൾ മാത്രമല്ല, ലോകത്ത് എവിടെയും ആരുംതന്നെ സുരക്ഷിതരാണെന്ന് പറഞ്ഞുകൂടാ. എല്ലാവരും മരണകരമായ ഒരു അപകടാവസ്ഥയിലാണ് എന്നതാണ് യാഥാർത്ഥ്യം. ഒരു സമൂഹം എന്ന നിലയിൽ എങ്ങിനെ ഈ അപകടാവസ്ഥയെ നാം അതിജീവിക്കും എന്നതാണ് പ്രസക്തമായ ചോദ്യം.

ദീർഘകാല അടിസ്ഥാനത്തിൽ ലോക്ക് ഡൗൺ ഒരു പ്രതിവിധിയല്ല എന്ന തിരിച്ചറിവിലേക്ക് മെല്ലെ നമ്മൾ ഉണരുകയാണ്. എന്നാൽ, ലോക്ക് ഡൗൺ ഗൗരവമായി എടുക്കാതിരുന്ന രാജ്യങ്ങളും, സമൂഹങ്ങളും എത്ര വലിയ വിലയാണ് കൊടുക്കേണ്ടിവന്നത് എന്നതും നമ്മൾ കണ്ടതാണ്. ദീർഘകാലത്തേക്കുള്ള ലോക്ക്

ഡൗൺ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണ് എന്ന തിരിച്ചറിവാണ്, നിയന്ത്രണങ്ങളോടെ ആണെങ്കിലും ലോക്ക് ഡൗൺ പിൻവലിക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ രാഷ്ട്ര നേതാക്കളെ നിർബന്ധിതരാക്കുന്നത്. അതേസമയം, കോവിഡ് മൂലം ജനുവരി മുതൽ മെയ് 22 വരെ മരിച്ചവരുടെ എണ്ണം 3, 31, 696 ആണ്. കോവിഡ് ഒരു മഹാ കൊലയാളി തന്നെയാണ്. അര നൂറ്റാണ്ടു മുൻപു വരെ വസൂരിയെ നമ്മുടെ പൂർവികർ എങ്ങിനെ അഭിമുഖീകരിച്ചുവോ, അതേവിധം നമ്മൾ കോവിഡിനെ മുന്നിൽ കണ്ടു ജീവിക്കേണ്ടിയിരിക്കുന്നു. സ്മോൾ പോക്സിനെ അപേക്ഷിച്ചു കോവിഡ് -19 ന്റെ മരണ നിരക്ക് തുലോം കുറവാണ് എന്നതാണ് ഏക ആശ്വാസം.

## അനിശ്ചിതമായ ഭാവി

നിരന്തരം രൂപമാറ്റം വരാവുന്ന കോവിഡ് വൈറസ് ഇനി എങ്ങനെയെല്ലാമായിരിക്കും ഭാവിയിൽ അതിന്റെ വിശ്വ രൂപം കാട്ടുക എന്ന് യാതൊരു നിശ്ചയവും ആർക്കുമില്ല. രണ്ടായി രത്തിപത്തൊൻപതു വരെ ജീവിച്ച രീതികളിലേക്കും അനുഭവിച്ച സ്വാതന്ത്ര്യങ്ങളിലേക്കും എത്രമാത്രം തിരിച്ചുപോകാൻ കഴിയും എന്ന് പറയാൻ സമയം ആയിട്ടില്ല. ഇപ്പോൾ തന്നെ, ഏറെക്കാര്യങ്ങൾ നമ്മൾ വേണ്ടെന്നു വച്ചിരിക്കുന്നു. അതിലേറെ നിയന്ത്രണങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലയിലും നമ്മൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏറെക്കാര്യങ്ങൾ പുതുതായി ശീലിച്ചുകൊണ്ടിരിക്കുന്നു. പല നിയന്ത്രണങ്ങളോടും നമ്മൾ പൊരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകം മാറുകയാണ്. നമ്മുടെ ശീലങ്ങളും.



ലോകത്തിന്റെ സാമ്പത്തിക സ്ഥിതി ആകെ തകിടം മറിഞ്ഞിരിക്കുകയാണ്. കൊറോണക്ക് മുൻപുതന്നെ, ലോക സാമ്പത്തിക ക്രമം തകർച്ചയെ നേരിടുകയായിരുന്നു. ലോകരാഷ്ട്രങ്ങൾ മുൻപ് അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധി മുന്നിൽ കാണുകയായിരുന്നു. ഇത്തരം രോഗാതുരമായ ഒരു സാമ്പത്തിക ക്രമത്തെയാണ്, ജീവിത ശൈലീ രോഗങ്ങൾകൊണ്ട് പൊറുതിമുട്ടിയ ഒരാളെ കൊറോണ വൈറസ് ബാധിച്ചാലെന്നപോലെ കോഡിഡ് പൊറുതിമുട്ടിച്ചിരിക്കുന്നത്. ഉല്പാദന മേഖലയും, വാണിജ്യ വ്യവസായ മേഖലകളുമെല്ലാം ഒരുപോലെ സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. ദിവസ വരുമാനക്കാരായ അസംഘടിത തൊഴിലാളികൾക്കും ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കും കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും മൽസ്യബന്ധനം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർക്കുമെല്ലാം ലോക്ക് ഡൗൺ രൂക്ഷമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഉടനെ ഒരു തിരിച്ചുവരവ് അസാധ്യമായവിധം സാമ്പത്തിക രംഗം താറുമാറായിരിക്കുന്നു.

ലോക്ക് ഡൗണിൽ അടച്ചിരുന്നു ജീവൻ സംരക്ഷിക്കാമെങ്കിലും ജീവിതം തിരിച്ചുപിടിക്കണമെങ്കിൽ , മനുഷ്യ പ്രയത്നത്തിന്റെയും പ്രവർത്തനങ്ങളുടെയും എല്ലാ മേഖലകളും സജ്ജീവമാകേണ്ടിയിരിക്കുന്നു. കരയിലും കടലിലും ആകാശത്തും വാഹനങ്ങൾ ഓടിത്തുടങ്ങണം. കട കമ്പോളങ്ങൾ തുറന്നു പ്രവർത്തിക്കണം. ജീവ സന്ധാരണത്തിനും അനുദിന വരുമാനത്തിനുമുള്ള മാർഗങ്ങൾ തുറന്നു കിട്ടണം. ഉല്പാദന, വ്യവസായ, നിർമാണ മേഖലകൾ പ്രവർത്തന നിരതമാകണം. വളരെക്കാലമായി അവഗണന നേരിട്ട് തകർച്ചയിലായിരിക്കുന്ന കാർഷിക മേഖലയും മൽസ്യബന്ധനം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളും സജ്ജീവമാകണം. സർക്കാർ ഹ്രസ്വകാല - ദീർഘകാല പദ്ധതികൾ ഇതിനായി ആവിഷ്ക്കരിച്ചു നടപ്പാക്കണം. അതിരൂക്ഷമായ ഭക്ഷ്യ ക്ഷാമത്തിലേക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് ലോക ഭക്ഷ്യ സംഘടന തന്നെ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. സാധാരണക്കാരുടെ കൈകളിൽ പണം എത്തുകയും അത് വിപണിയെ ഉണർത്തുകയും ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക പാക്കേജുകൾ ഉടൻ പ്രഖ്യാപിച്ചു ഫലപ്രദമായി നടപ്പാക്കാൻ സർക്കാരുകൾക്ക് കഴിയണം. ഒപ്പം, വാണിജ്യ വ്യവസായ മേഖലകൾക്ക് ഉണർവുപകരുന്ന ആശ്വാസ നടപടികളും ഉണ്ടാകണം.



## ശുഭസൂചനകളുടെ ദൃശ്യം

സ്വയം മറന്നുള്ള പരക്കം പാച്ചിലുകളിൽനിന്നു മുക്തരായി വീണ്ടും പ്രകൃതിയുടെ താളവും സംഗീതവും അറിയാനും അനുഭവിക്കാനും സഹായിച്ച ഒരു കാലഘട്ടമായിരുന്നല്ലോ ലോക്ക് ഡൗൺ! മനുഷ്യന്റെ പരിധിവിട്ട പരാക്രമങ്ങളിൽനിന്നു മുക്തയായ പ്രകൃതി കുറേക്കൂടി സ്വച്ഛവും ശുദ്ധവുമായിരിക്കുന്നു. പ്രകൃതിയുടെ അവകാശികൾ മനുഷ്യർ മാത്രമല്ല എന്ന ഒരു ബോധം മനുഷ്യർക്ക് നല്കിക്കൊണ്ട് എന്തെല്ലാം തരം പക്ഷികളും ചെറുജീവി വർഗങ്ങളുമാണ് ഇപ്പോൾ നമുക്ക് ചുറ്റും പാറിപ്പറക്കുന്നത്! പ്രകൃതി മനുഷ്യ സമൂഹത്തോട് മറുതലിക്കുന്നത് അടുത്തകാലത്തായി വർധിച്ചു വരികയായിരുന്നു എന്നത് കാണാതിരുന്നുകൂടാ. കുറേക്കൂടി പ്രകൃതിയോട് ചേർന്നും ലളിതമായും

ജീവിക്കാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു എന്നതിന്റെ ഒരു സൂചനകൂടിയാവാം കോവിഡ്! പ്രകൃതിയുടെയും ദരിദ്രരുടെയും നീതിക്കുവേണ്ടി യുള്ള നിലവിളിയെ അവഗണിക്കരുതെന്നു ഫ്രാൻസിസ് പാപ്പാ നിരന്തരം മനുഷ്യ സമൂഹത്തെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രസക്തി ഇനിയും നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഭാവിതലമുറയെ വാർത്തെടുക്കുന്ന വിദ്യാഭാസ രംഗം മറ്റേതു മേഖലയേയുംകാൾ വെല്ലുവിളി നേരിടുക യാണ്. കുട്ടികളുടെയും യുവതലമുറയുടെയും വിദ്യാഭ്യാസ രീതികളിൽ കാതലായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട് കോവിഡ്. സാമൂഹ്യ അകലം പാലിക്കുക, ഓരോരുത്തരും സ്വയം സംരക്ഷിക്കുന്നതി നാവശ്യമായ മുൻകരുതലുകളും പെരുമാറ്റ ക്രമീകരണങ്ങളും ശീലിക്കുക, ഒത്തുചേരലുകൾ പരമാവധി ഒഴിവാക്കുക തുടങ്ങിയ കൊറോണക്കാല പെരുമാറ്റച്ചട്ടങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുക എന്നത് വലിയതോതിൽ വെല്ലുവിളി ഉയർത്തും. 2020 ൽ സ്കൂളുകളും കോളേജുകളും തുറന്നു പ്രവർത്തിക്കുക എന്നത് എളുപ്പമാവില്ല. ചിലരെല്ലാം ഓൺലൈൻ ക്ലാസുകൾ തുടങ്ങിയ പുതിയ രീതികൾ ഇപ്പോൾത്തന്നെ പരീക്ഷിച്ചുതുടങ്ങിയിട്ടുണ്ട്. അവയൊക്കെ എത്രത്തോളം ഫലപ്രദമാകും എന്ന് പറയാറായിട്ടില്ല. പുതിയ തലമുറ ഒരുപക്ഷെ മാറ്റങ്ങളോട് വേഗം പൊരുത്തപ്പെട്ടു എന്ന് വരാം. അധ്യാപകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിലവിലുള്ള മറ്റു സംവിധാനങ്ങൾ എല്ലാം ഈ രംഗത്തെ പുതിയ മാറ്റങ്ങളും അതുയർത്തുന്ന വെല്ലുവിളികളും ഏറ്റെടുക്കാൻ സജ്ജരാ കേണ്ടിയിരിക്കുന്നു. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ, സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അർഹരായ കുട്ടികൾക്ക് ആവശ്യമായ ഫീസ് സൗജന്യവും മറ്റ് ആനുകൂല്യങ്ങളും ഏർപ്പെടുത്തുകയും കോവിഡ് മൂലമുണ്ടാകുന്ന മാനസിക പിരിമുറുക്കവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നല്കുകയും വേണമെന്ന് സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേതൃത്വം നല്കുന്നവർക്ക് കെസിബിസി നിർദേശം നല്കിയിട്ടുണ്ട്.

## പുത്തൻ അജപാലനാഭിമുഖ്യങ്ങൾ

ആധ്യാത്മീക സാംസ്കാരിക രംഗങ്ങളിലും കോവിഡ് വലിയ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. സാമൂഹ്യ ജീവിതത്തിന്റെ പ്രധാന മേഖലകളായ ആധ്യാത്മീക സാംസ്കാരിക രംഗങ്ങളെല്ലാംതന്നെ, കോവിഡി നോടനുബന്ധിച്ചുള്ള ലോക്ക് ഡൗണിൽ നിശ്ചലമായി രിക്കുകയാണ്. ആധ്യാത്മീക കേന്ദ്രങ്ങളായ ദൈവാ ലയങ്ങളും അവയോടനുബന്ധിച്ചുള്ള പ്രവർത്തന ങ്ങളും, ആഘോഷങ്ങളും, കൂടിവരവുകളുമെല്ലാം അസാധ്യമായിരിക്കുന്നു. ദൈവാലയങ്ങളിൽ വിശുദ്ധ



കുർബാനയും തിരുക്കർമ്മങ്ങളും നടത്തുന്നതിന് വിലക്കില്ലെങ്കിലും വിശ്വാസികൾക്ക് അതിൽ പങ്കെടുക്കുന്നതിന് നിയന്ത്രണങ്ങളുണ്ട്. വീടിന്റെ അകത്തളങ്ങളിലും ചുറ്റുവട്ടത്തുമായി ഓരോ വ്യക്തിയുടെയും ജീവിത വൃത്തം ചുരുങ്ങിയിരിക്കുന്നു. വലിയനോമ്പുകാലവും വിശുദ്ധ വാരവും ഈസ്റ്ററുമെല്ലാം ലോക്ക് ഡൗൺ കവർന്നെടുത്തു. മരണത്തിന്റെ ഇരുണ്ട ചിറകുകൾ ഭൂമിക്കുമേൽ നിഴൽവീഴ്ത്തിയ ദിനങ്ങളായിരുന്നു അവ. ഇല കൊഴിയുന്നതുപോലെ മനുഷ്യർ കൊഴിഞ്ഞു വീഴുന്ന വാർത്തകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും എത്തിക്കൊണ്ടിരുന്ന പേടിപ്പെടുത്തുന്ന ദിന രാത്രങ്ങൾ! മാർച്ച് 27 നു ശൂന്യമായ വത്തിക്കാൻ ചത്വരത്തിനുമദ്ധ്യേ ഫ്രാൻസിസ് പാപ്പയോടൊപ്പം ലോകം ദിവ്യകാരുണ്യ നാഥനു മുമ്പിൽ മുട്ടുകുത്തി ദൈവ കാരുണ്യത്തിനുവേണ്ടി യാചിച്ച നിമിഷങ്ങൾ മറക്കാനാവുമോ? ദൈവാലയങ്ങൾ അടഞ്ഞു കിടന്നപ്പോൾ ഒരുകാര്യം നമ്മൾ തിരിച്ചറിഞ്ഞു: നമ്മുടെ കുടുംബങ്ങൾ ദൈവാലയങ്ങളാകുന്നു! ഒപ്പം, സഭയിലെ ഇടയന്മാർ വിശ്വാസികളെ അനുധാവനം ചെയ്യുന്നതിൽ ഒരു പുതിയ മാനം കൈവരിക്കുക യായിരുന്നു. നേരിട്ട് എത്താതെതന്നെ കടന്നുചെല്ലുന്ന കരുതലിന്റെയും സാന്ത്വനത്തിന്റെയും ധൈര്യം പകരുന്ന സാന്നിധ്യം! ഓരോ വിശ്വാസിയെയും അവരവർ ആയിരിക്കുന്ന ഇടങ്ങളിലും അവസ്ഥയിലും അനുധാവനം ചെയ്യുന്ന അജപാലന സാന്നിധ്യം! ഭൂരിഭാഗം വൈദികരും സന്ന്യസ്തരുമൊക്കെ ഇത്തരം പുതിയ രീതികളോട് ഇനിയും പൊരുത്തപ്പെട്ടു വരുന്നതേയുള്ളു. എങ്കിലും, ആടുകളെ തേടിയിറ ങ്ങുന്ന വ്യത്യസ്തമായ അജപാലന മാതൃകകൾ പലതും ഈ കോവിഡ് കാലം നമുക്ക് പരിചയ പ്പെടുത്തി.

ലോക്ക് ഡൗൺ കാലം കഴിഞ്ഞാലും സഭ അഭിമുഖീ കരിക്കേണ്ട പ്രശ്നങ്ങൾ നിരവധിയാണ്. മനുഷ്യന്റെ ജീവൽ പ്രശ്നങ്ങളോട് പ്രതികരിക്കാതെ സഭക്ക് അതിന്റെ ശുശ്രൂഷയിൽ മുന്നോട്ടു പോകാനാവില്ല. മനുഷ്യന്റെ ആവശ്യങ്ങളോടും പരിമിതികളോടും സാധ്യതകളോടും സുവിശേഷാത്മകമായി പ്രതികരിച്ചു കൊണ്ടാണ് സഭ അതിന്റെ ദൗത്യം നിർവഹിക്കുന്നത്. കൊറോണക്കാലം, വിശിഷ്യാ ലോക്ക് ഡൗൺ കാലം സഭയിൽ ശുശ്രൂഷയുടെ അനേകം സാധ്യതകൾ പരീക്ഷിക്കപ്പെട്ടു. രൂപത സോഷ്യൽ സർവീസ് സൊസൈറ്റികൾ പ്രതിരോധ - ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്ക് അതാത് ജില്ലാ ഭരണകൂടവുമായി സഹകരിച്ച് രൂപതകളിൽ നേതൃത്വം നല്കി വരുന്നു. കോവിഡിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണവും വിതരണവും, അതിഥി തൊഴിലാളികൾക്കും പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കും ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കൽ, ഭക്ഷണ കിറ്റ് തയ്യാറാക്കി വിതരണം ചെയ്യൽ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ സഭയുടെ വിവിധ തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി നടന്ന പ്രവർത്തനങ്ങൾക്ക് ഇതിനോടകം കെസിബിസി ഓഫീസിൽ ലഭിച്ച കണക്കുകൾ അനുസരിച്ച് 10, 07, 29, 745 രൂപയും ഇടവകകളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് 21, 20, 89, 968 രൂപയും സന്ന്യസ്ത സമൂഹങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് 12, 87, 18, 280 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഏപ്രിൽ 30 വരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും കണക്കും ഓരോ രൂപതയും സോഷ്യൽ സർവീസ് സൊസൈറ്റിയും സന്ന്യാസ സമൂഹവും കെസിബിസി സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, രൂപതകളിൽനിന്നും സന്ന്യാസ സമൂഹങ്ങളിൽനിന്നും സമാഹരിച്ച്, 1,03,50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കെസിബിസി സംഭാവന ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തു ലോക്ക് ഡൗൺ പ്രഖ്യാപിച്ച അവസരത്തിൽത്തന്നെ കത്തോലിക്കാ സഭയുടെ ആശുപത്രികളും ആരോഗ്യ മേഖലയിൽ ശുശ്രൂഷ ചെയ്യുന്നവരും സർക്കാരുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള സന്നദ്ധത സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ, സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലു കൾ, സ്റ്റഡി ഹൗസുകൾ, പാസ്റ്ററൽ സെന്ററുകൾ, ധ്യാന കേന്ദ്രങ്ങൾ, സാമൂഹിക ക്ഷേമ സംവിധാനങ്ങൾ എന്നിവയുടെ വിശദ വിവരങ്ങളും അവിടെ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങളും അതാതു ജില്ലാ ഭരണാധികാരികൾക്ക് കൈമാറിയിരുന്നു. പ്രവാസി മലയാളികളുടെ ക്വാറന്റൈൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഓരോ ഇടവകയും അതാതു പ്രദേശത്തുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താൻ പ്രാദേശിക തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് സന്നദ്ധ സംഘടനകളുമായും സഹകരിച്ചു തുടർന്നും പ്രവർത്തിക്കേണ്ടതുണ്ട്. ലോക്ക് ഡൗൺ കഴിയുന്ന മുറയ്ക്ക് തിരിച്ചുവരുന്ന മദ്യം കുടുംബങ്ങളിലും സമൂഹത്തിലും നിലനില്ക്കുന്ന സമാധാന അന്തരീക്ഷം തകർക്കുകയും കോവിഡ് കാലത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യും. സാമൂഹികാകലം പാലിക്കാൻ തക്ക സുബോധം പൗരന്മാർക്ക് ഇപ്പോൾ അനിവാര്യമാണെന്ന് സർക്കാരിനു ബോധ്യമില്ലെങ്കിൽ കഷ്ടം എന്നേ പറയേണ്ടൂ.

നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിഡ് ഏല്പിച്ചിട്ടുള്ള സാമ്പത്തിക ആഘാതം വലുതാണ്. ഓരോ വ്യക്തിയും കുടുംബവും ഇതിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കുന്നുണ്ട്. പരസ്പരം കരുതുന്ന ഒരു സമൂഹം എന്ന നിലയിൽ ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതിനു ഓരോ ഇടവകയും സജ്ജമാകേണ്ടിയിരിക്കുന്നു. ദരിദ്രരെ പ്രത്യേകം കരുതുകയും ദാരിദ്ര്യത്തിന്റെ അരൂപി സ്വയം ഉൾക്കൊള്ളുകയും ചെയ്യുന്ന സഭ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക പരാധീനത നമ്മുടെ കുടുംബാന്തരീക്ഷം കലുഷമാക്കാൻ നമ്മൾ അനുവദിക്കരുത്. പരസ്പരം താങ്ങും തണലുമാവാൻ നാം ജാഗ്രതയുള്ളവരാകണം. യുവജനങ്ങളും അൽമായ നേതൃത്വവും വൈദികരും പ്രാദേശികമായ പ്രശ്നങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കാൻ സന്നദ്ധരാകണം. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഈ കൊറോണാ കാലത്തു സഭ എന്തായിരുന്നു, എവിടെയായിരുന്നു, എന്ത് ചെയ്യുകയായിരുന്നു എന്നത് അതി പ്രധാനമാണ്. കൊറോണക്കാലത്തെ സഭ അതിനു ശേഷമുള്ള സഭയുടെ സ്വഭാവവും പ്രസക്തിയും നിർണയിക്കും എന്നതിൽ സംശയമില്ല.

ദൈവാലയങ്ങൾ അടച്ചിടണം എന്നും ജനങ്ങൾ ഒരുമിച്ചു കൂടുന്നത് ഒഴിവാക്കണമെന്നും, പരമാവധി സാമൂഹ്യ അകലം പാലിക്കണമെന്നും നിഷ്കർഷിക്കപ്പെട്ട ഇക്കാലത്താണ് സഭ യഥാർത്ഥത്തിൽ ജനങ്ങളിലേക്ക് എത്തിയത്. ജനങ്ങളോടൊപ്പവും ജനങ്ങൾക്കുവേണ്ടിയും നിലകൊള്ളുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും സംവിധാനങ്ങളുമാണ് സഭ എന്ന അനുഭവപരമായ തിരിച്ചറിവ് വിശ്വാസികൾക്കും സമൂഹത്തിനും ഉണ്ടാകുമ്പോഴാണ് സഭ ദൈവ ജനത്തിന്റെ കൂട്ടായ്മയാകുന്നത്. ഭീതിയുടെയും പരാജയ ബോധത്തിന്റെയും ആകുലതയുടെയും നാളുകളിൽ ആശ്വാസവും പ്രത്യാശയും നല്കുന്ന സാന്നിധ്യമാകാൻ അതിനു കഴിയുന്നു എന്നതിലാണ് സഭ അതിന്റെ തനിമ കണ്ടെത്തുന്നത്. സഭ അതിന്റെ മിഷനറി സ്വഭാവവും തനിമയും വീണ്ടെടുക്കുന്ന സമയവും സന്ദർഭവും ആയിരിക്കണം ഈ കോവിഡ് കാലം. യേശുവിനും ഉണ്ടായിരുന്നു ഒരു ലോക്ക് ഡൗൺ കാലം! അവിടുന്ന് അതിനെ അതിജീവിച്ചത് മനുഷ്യവർഗത്തിനു മുഴുവൻ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രത്യാശ പകർന്നുകൊണ്ടായിരുന്നല്ലോ. ലോകത്തിനു പ്രത്യാശയുടെ വെളിച്ചം പകരാൻ കോവിഡ് കാലത്തെ സഭക്ക് കഴിയണം.

**************



# ലവ് ജിഹാദ്: സത്യവും മിഥ്യയും

ജേക്കബ് ജോബ് ഐപിഎസ്
(റിട്ടയേർഡ്)



ലവ് ജിഹാദ് ഇപ്പോൾ ഒരു വലിയ ചർച്ചാ വിഷയമായി മാറിയിരിക്കുകയാണ്. പോലീസിന്റെ റെക്കോർഡുകൾ പരിശോധിച്ചാൽ അവിടെ 'ലവ് ജിഹാദ്' എന്നൊന്ന് ഒരിടത്തും കാണാനാവില്ല. എന്നാൽ മുസ്ലീം മതവിഭാഗത്തിലെ മതസൗഹാർദ്ദം ആഗ്രഹിക്കുന്ന ഭൂരിപക്ഷം പോലും അറിയാത്ത വിധത്തിൽ സംഘടിതമായി ചില ഇസ്ലാമിക തീവ്രവാദ ഗ്രൂപ്പുകൾ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന്റെ ഭാഗമായി പല ജിഹാദുകളും അവർ നടപ്പാക്കുന്നു. അതിലൊന്നായി ലവ് ജിഹാദും കേരളത്തിലുണ്ട് എന്നുള്ളത് സാഹചര്യങ്ങൾ കൊണ്ട് നമുക്കു വ്യക്തമാണ്.

## കാണാതാകുന്ന പെൺകുട്ടികൾ

കഴിഞ്ഞ പത്തുവർഷങ്ങൾക്കിടയിൽ നാൽപ്പത്തയ്യായിരത്തോളം സ്ത്രീകൾ കേരളത്തിൽ മിസ്സിംഗ് ആയിട്ടുണ്ട്. അതിൽ 875 ഓളം പേരെ ഇനിയും കണ്ടെത്താനുണ്ട്. അവർ എവിടെപ്പോയി എന്ന് ആർക്കും വ്യക്തമല്ല എന്നതാണ് അവസ്ഥ. ഈ സ്ത്രീകൾ എവിടെപ്പോയി? ഈ ചോദ്യത്തിന് ഉത്തരം കിട്ടുവാൻ ശരിയായ അന്വേഷണങ്ങൾ നടന്നിട്ടുണ്ടോ എന്ന് സന്ദേഹിക്കണം. പലപ്പോഴും മിസ്സിംഗ് കേസുകൾ ലഭിച്ചാൽ മൂന്നുമാസം തുടർച്ചയായി അന്വേഷിക്കും. അതിനുശേഷം, സാവകാശം തുടരന്വേഷണത്തിനുള്ള അനുമതിവാങ്ങി അത് മാറ്റിവയ്ക്കുകയാണ് പതിവ്. എല്ലാ മാസവും തുടരന്വേഷണം നടത്തണം എന്ന് നിയമം വ്യക്തമായി പറയുന്നുണ്ടെങ്കിലും ഇത്തരം കേസുകളുടെ തുടരന്വേഷണം പലപ്പോഴും നടക്കുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പോലീസിന്റെ ജോലിത്തിരക്കിനിടയിൽ അതിനുള്ള സമയം കണ്ടെത്താൻ ചിലപ്പോൾ ബുദ്ധിമുട്ടും കാണും. ഏതായാലും, മേൽപ്പറഞ്ഞ 875 ഓളം സ്ത്രീകൾ എവിടെ എന്നു കണ്ടെത്തുന്നതിൽ അന്വേഷണ ഏജൻസികൾ വിജയിച്ചിട്ടില്ല.

അവർ എവിടെപ്പോയി എന്നുള്ളതിനെക്കുറിച്ച് സമൂഹം അറിയേണ്ടതില്ലേ? അത് വ്യക്തമാക്കാൻ അന്വേഷണ ഏജൻസികൾക്ക് ബാധ്യതയുണ്ട്. അത് അവർ ചെയ്തെങ്കിൽ മാത്രമേ തീവ്രവാദ ഗ്രൂപ്പുകളിൽ ചെന്നെത്തിയിട്ടുണ്ടോ, നിർബ്ബന്ധിതമായി മതം മാറ്റത്തിന് വിധേയരായിട്ടുണ്ടോ, അതോ മറ്റെന്തെങ്കിലും സംഭവിച്ചതാണോ തുടങ്ങിയ കാര്യങ്ങൾ കണ്ടെത്താൻ കഴിയൂ. നമുക്കറിയാം, കഴിഞ്ഞ കാലങ്ങളിൽ ഐഎസിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടുവന്ന ചില പെൺകുട്ടികളുണ്ട്. മതം മാറ്റത്തിന് നിർബ്ബന്ധിച്ചു എന്നു വെളിപ്പെടുത്തപ്പെട്ട കേസുകളുമുണ്ട്. കൂടാതെ, ഭീഷണികൾ, അതിക്രമങ്ങൾ, ബലപ്രയോഗങ്ങൾ തുടങ്ങിയവ, ക്രൈസ്തവരും ഹൈന്ദവരുമായ പെൺകുട്ടികൾക്ക് നേരേ ഉണ്ടായി എന്നുള്ള പരാതികളും ബഹുമാനപ്പെട്ട കോടതികളുടെ മുമ്പാകെ വന്നിട്ടുണ്ട്. ഇത്തരം കേസുകളിലെല്ലാം പെൺകുട്ടികൾ നിർബ്ബന്ധിത മതപരിവർത്തനത്തിന് വിധേയരാക്ക പ്പെടുന്നു എന്ന ആരോപണവും പതിവാണ്. ഈ 875 പേരെ കണ്ടെത്തേണ്ടത് സ്റ്റേറ്റിന്റെ ബാധ്യതയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടിയിരുന്നു. എങ്കിലും അത് ഉണ്ടായിട്ടില്ല. എന്നാൽ, ഇനിയും വൈകിയിട്ടില്ല.

തെളിയാനുള്ള മിസ്സിംഗ് കേസുകളിൽ പ്രസക്തമായ വകുപ്പുകൾ ചേർക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്. തട്ടിക്കൊണ്ടു പോകൽ, തെറ്റിദ്ധരിപ്പിച്ചു ലൈംഗികബന്ധത്തിൽ ഏർപ്പെടൽ, ബലാത്സംഗം, ലൈംഗികാവയവ വിച്ഛേദനം, നിർബ്ബന്ധിത മതംമാറ്റൽ, ഭീകരപ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കൽ, രാജ്യദ്രോഹക്കുറ്റങ്ങൾക്ക് പ്രേരിപ്പിക്കൽ, തുടങ്ങിയുള്ള വകുപ്പുകൾ വിവിധ കേസുകളിൽ ചേർക്കാവുന്നതാണെങ്കിലും, പരാതിക്കാരുടെ ജാഗ്രതക്കുറവു കൊണ്ടോ മറ്റോ പോലീസ് പ്രസ്തുത കുറ്റകൃത്യങ്ങൾക്കുള്ള വകുപ്പുകൾ F.I.R മുതൽ

ചേർക്കാൻ ശ്രദ്ധിക്കാറില്ല. പകരം, വെറും മിസ്സിംഗ് കേസ്സുകളായി രജിസ്റ്റർ ചെയ്താൽ, കേസ്സുകളുടെ ഗൗരവം നഷ്ടപ്പെടുകയും അന്വേഷണത്തിന്റെ ഗൗരവം നഷ്ടപ്പെട്ട് മേലു ദ്യോഗസ്ഥരുടെ ശ്രദ്ധയിൽ വരാതെ ഒതുങ്ങി പ്പോവുകയും ചെയ്യും.

### ന്യായമായ ആശങ്കയും ഉണ്ടാവേണ്ട ജാഗ്രതയും

പത്തുവർഷംമുമ്പ് കെസിബിസിയുടെ ജാഗ്ര താകമ്മീഷൻ ഇക്കാര്യം പൊതുജനശ്രദ്ധയിൽ കൊണ്ടു വന്നിരുന്നു. കഴിഞ്ഞ സീറോമലബാർ സിനഡ് ഈ വിഷയത്തിൽ ആശങ്ക പ്രകടിപ്പിച്ചതോടൊപ്പം, ഇത്തരം ചർച്ചകൾ മതസൗഹാർദ്ദത്തെ ഹനിക്കാൻ ഇടയാകരുത് എന്ന് പ്രത്യേകം പറഞ്ഞിരുന്നു. ഇത് ക്രൈസ്തവവിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട താണ്. ചില ചാനലുകളിലും സോഷ്യൽ മീഡിയയിലും അരങ്ങേറുന്ന വഴിവിട്ട ചർച്ചകൾ കൂടുതൽ സങ്കീർണ്ണ പ്രശ്നങ്ങളിലേക്ക് സമൂഹത്തെ കൊണ്ടെത്തിക്കും. ഇത്തരം വിഷയങ്ങളെ മതസ്പർദ്ധയുടെ തലത്തി ലേക്ക് വളർത്തിയെടുക്കേണ്ടത് ചില ജിഹാദി ഗ്രൂപ്പുകളുടെയും സാമൂഹിക വിരുദ്ധ ശക്തികളുടെയും അജണ്ടയാണ് എന്നുള്ളതും നാം തിരിച്ചറിയണം. സോഷ്യൽ മീഡിയയിലെ പ്രതികരണങ്ങൾ ശ്രദ്ധിച്ചാൽ, ചില ക്രിസ്ത്യൻ നാമധാരികൾ (ഒരുപക്ഷെ അവർ ക്രൈസ്തവർ ആയിരിക്കണ മെന്നില്ല) തീവ്രവാദത്തെ പ്രത്യക്ഷമായും പരോക്ഷ മായും പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ ആശയ പ്രചാരണങ്ങൾ നടത്തുന്നത് കാണാം. അതൊന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ഗുണകരമല്ല എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഇത്തരത്തിലുള്ള വിവാദങ്ങളെയും പ്രവർത്ത നങ്ങളെയും കത്തോലിക്കാ സഭയ്ക്കും കത്തോലിക്കാ പുരോഹിതർക്കും എതിരേയുള്ള വികാരമാക്കി മാറ്റുവാൻ ചില ശ്രമങ്ങൾ ഇവിടെ നടക്കുന്നുണ്ട് എന്നുള്ളതും വാസ്തവമാണ്. മുൻകാലങ്ങളിൽ പല വിഷയങ്ങളും ഉപയോഗിച്ച് സഭയെ ആക്രമിക്കാൻ മുന്നിൽ നിന്ന ചാനലുകളൊക്കെ തന്നെ ഇത് ഒരവസരമായി കണ്ടുകൊണ്ട് ഈ വിഷയത്തിലും മുൻനിരയിലുണ്ട്. ഏതെങ്കിലും കേസിൽ പക്വമല്ലാത്ത പ്രതികരണം സഭാപക്ഷത്തിൽ നിന്നുണ്ടാവുകയും, അതേറ്റു പിടിച്ച് ഒരു വൈകാരികമായ പ്രതികരണം മുസ്ലീം സമുദായത്തിൽ നിന്നുണ്ടാവുകയും ചെയ്താൽ മതസൗഹാർദ്ദം നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് അതു നയിക്കും എന്ന കാര്യത്തിൽ സംശയമില്ല. അത്തരം ഒരവസ്ഥയാണ്, ഇപ്പോൾ സമുദായത്തിൽ വലിയ സ്വാധീനമില്ലാത്ത തീവ്രവാദ ഗ്രൂപ്പുകൾ ആഗ്രഹിക്കുന്നതും. നിഷ്പക്ഷരായ സമുദായാംഗ ങ്ങളെ തങ്ങളിലേക്കാകർഷിക്കാൻ അവർ എന്തും ചെയ്യും. എരിതീയിൽ അവർ ഒളിഞ്ഞിരുന്ന് എണ്ണ പകരും.

സഭാമക്കളായ പെൺകുട്ടികൾക്കിടയിൽ ഒരുവിഭാഗം സാമാന്യ രീതികൾക്കപ്പുറമുള്ള ചില ബന്ധങ്ങളിൽപെട്ട് പുറത്തുപോവുകയും, നിർബ്ബന്ധിത മതപരിവർത്തനത്തിന് വിധേയരാവു കയും, ചിലർ ഐഎസിന്റെയും മറ്റും ഇരകളായി മാറുകയും ചെയ്യുന്നു. ഭീകരപ്രവർത്തനത്തിൽ ഏർപ്പെട്ടതിനു ശേഷം തിരികെയെത്തിയ ചില പെൺകുട്ടികളിൽ ക്രൈസ്തവരും ഹൈന്ദവരും ഉണ്ട്. ആ ഒരു പ്രതിസന്ധി നിലനില്ക്കുമ്പോൾ അതിലുള്ള ആശങ്ക



പ്രകടമാക്കുക എന്നുള്ളത് സഭാ നേതൃത്വത്തിന്റെ കടമയാണ്.

### ലവ് ജിഹാദ് - ഒരു യാഥാർത്ഥ്യം

തീവ്രവാദ ലക്ഷ്യങ്ങളുള്ള ചില സംഘടനകൾ തന്നെ രംഗത്തു വന്നിട്ടുണ്ട്. പാക്കിസ്ഥാന്റെ രഹസ്യ ഏജൻസിയായ ഐഎസ്ഐ പോലുള്ളവയുടെ സാമ്പത്തിക സഹായം പോലും ഇത്തരക്കാർക്കുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ജിഹാദി ഗ്രൂപ്പുകൾ യുവാക്കൾക്ക് പണവും വാഹനവും, ആഡംഭരവസ്തുക്കളും നല്കി അവരെ തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുകയും പെൺകുട്ടികളെ വലയിലാക്കാനായി അവരെ പ്രോത്സാഹിപ്പിക്കാറുമുണ്ട്. ഇത്തരം കുൽസിത ശ്രമങ്ങൾ നടക്കുമ്പോൾ, ആ വിപത്തിനെ ചൂണ്ടിക്കാണിക്കുമ്പോൾ അത് ആ വിഭാഗത്തിൽ പെട്ട മുഴുവൻ ആളുകളെയും തെറ്റുകാരാക്കി ചിത്രീ കരിക്കുന്നു എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം പ്രബു ദ്ധരായ മലയാളികൾക്കിടയിൽ വിലപ്പോവില്ല.

പ്രണയവിവാഹങ്ങൾ കേരളത്തിന് അന്യമല്ല. അത് ഇതുവരെ ആരും വലിയ പ്രശ്നമായി കണ്ടിട്ടു മില്ല. ഒരു പ്രത്യേക മതവിഭാഗത്തിലേക്ക് അനേകം പെൺകുട്ടികൾ ചേക്കേറുമ്പോഴും അതിനെ പ്രോത്സാ ഹിപ്പിക്കാൻ സംഘടിതമായ ശ്രമങ്ങൾ നടക്കുമ്പോഴും സ്വാഭാവികമായും പ്രതിഷേധമുയരും. അത്തരത്തിൽ ഒരു അവസ്ഥയെക്കുറിച്ചു ബോധവാന്മാരായിരിക്കണം എന്നാണ് മെത്രാന്മാർ വിശ്വാസികളെ ഓർമ്മിപ്പിച്ചത്.

മനുഷ്യൻ മനുഷ്യനെ നിഷ്ഠുരമായി

കൊലചെയ്യുന്ന, ഏറ്റവും വലിയ ക്രൂരതകൾ ചെയ്യുന്ന ഐഎസിന്റെ പ്രവർത്തകരായി കേരളത്തിലെ പെൺകുട്ടികൾ പോയിട്ടുണ്ടെങ്കിൽ, അത് സംഘടിതമായി കൊണ്ടുപോയതാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇപ്രകാരം ഐഎസിന്റെ മുന്നണിയിലേക്ക് ഏതെങ്കിലും ക്രിസ്തീയ ഹൈന്ദവ പെൺകുട്ടികൾ സ്വമേധയാ ചെന്നെത്തുമെന്ന് ആരെങ്കിലും പറഞ്ഞാൽ അതു വിശ്വസിക്കാൻ നമുക്കാവില്ല. ഇത്തരം കാര്യങ്ങൾ കൂട്ടിവായിച്ചാൽ കേരളത്തിലെ സമൂഹത്തിന് ചില വ്യക്തമായ തിരിച്ചറിവുകളിലേക്ക് എത്താൻ സാധിക്കും.

തീവ്രവാദ ഗ്രൂപ്പുകൾ എക്കാലവും സമൂഹത്തിന് ഭീഷണിയാണ്. അവർ പൊതുസമൂഹത്തിന്റെ മുഖ്യധാരയോട് ചേർന്നുപോകുന്നവരല്ല. ക്രൈസ്തവ നാമധാരികളായ ചിലർ തങ്ങളുടെ ആശയങ്ങളിലൂടെ തീവ്രവാദം പ്രചരിപ്പിക്കുന്നുവെങ്കിൽ, അവരെ ഒറ്റപ്പെടുത്തേണ്ടത് ക്രൈസ്തവ സമൂഹത്തിന്റെ ചുമതലയാണ്. ഹൈന്ദവ വിഭാഗത്തിൽ നിന്ന് അത്തരം ഗ്രൂപ്പുകൾ രംഗപ്രവേശം ചെയ്യുന്നെങ്കിൽ അവരെ ഒറ്റപ്പെടുത്തി ആ സമൂഹത്തിന്റെ ഭദ്രത കാത്തുസൂക്ഷിക്കേണ്ടത് ഹൈന്ദവ സമുദായമാണ്. അത്തരത്തിൽ മുസ്ലീം സമുദായത്തിൽ രൂപംകൊള്ളുന്ന തീവ്രവാദ പ്രവർത്തനങ്ങളെയും ജിഹാദികളെയും പ്രതിരോധിക്കേണ്ടത് മുസ്ലീം സമുദായത്തിന്റെ ഉത്തരവാദിത്വമാണ്. അങ്ങനെ കേരളത്തിലെ പൊതുസമൂഹം ഒറ്റക്കെട്ടായി നിന്ന് ഇത്തരം പ്രവർത്തനങ്ങളെ നേരിടാൻ പരിശ്രമിച്ചാൽ നമ്മുടെ രാജ്യത്ത് സമാധാനം പുനഃസ്ഥാപിക്കാൻ കഴിയും.

എന്നാൽ ഇത്തരം ചില തീവ്രവാദ ഗ്രൂപ്പുകൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും എതിരേ എന്തെങ്കിലും പരാമർശങ്ങൾ പൊതുവേദികളിൽ ഉണ്ടാകുമ്പോൾ അവയെ പെട്ടെന്ന് തമസ്കരിക്കാനോ, അവർക്ക് കൂട്ടുനിന്ന് അവരുടെ വക്താക്കളായി പ്രവർത്തിക്കാനോ ചില മാധ്യമങ്ങൾ ശ്രമിക്കുന്നത് മാധ്യമധർമ്മത്തിനു വിരുദ്ധമാണ്. അത്തരം മാധ്യമപ്രവർത്തകർ കൂലിക്കെടുക്കപ്പെട്ടവരാണ് എന്ന് ആരോപണമുയർന്നാൽ അതിൽ തെറ്റുപറയാൻ കഴിയില്ല. ഇത്തരം വിഷയങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതി മാധ്യമങ്ങൾക്ക് ചേർന്നതല്ല. തീവ്രവാദ വിഭാഗങ്ങളെ ഒറ്റപ്പെടുത്താൻ കേരള സമൂഹവും മാധ്യമങ്ങളും ഒരുമിച്ചു നില്ക്കുകയാണ് വേണ്ടത്.

ലവ് ജിഹാദ് കേസുകൾ ഞാൻ അന്വേഷിച്ചിട്ടോ, അത്തരം കേസുകൾ എന്റെ അന്വേഷണ പരിധിയിൽ വന്നിട്ടോ ഇല്ല എങ്കിലും, കേരളത്തിൽ സേവനം ചെയ്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ, ഇത്തരം കാര്യങ്ങൾ ഇവിടെ നടക്കുന്നു എന്നുള്ളത് എനിക്ക് ബോധ്യമായിട്ടുള്ള കാര്യമാണ്. നിർബ്ബന്ധിത മതപരിവർത്തനങ്ങളും അതിനു വേണ്ടിയുള്ള പ്രണയം നടിക്കലും കേരളത്തിൽ ഉണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുമുണ്ട്. തീവ്രവാദ ഗ്രൂപ്പുകൾ പെൺകുട്ടികളെ മാത്രമല്ല, ആൺകുട്ടികളെയും വലയിലാക്കി കൊണ്ടുപോയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. കണ്ണടച്ച് നമുക്ക് ഇരുട്ടാക്കാം. എന്നാൽ, കണ്ണടച്ച് യാഥാർഥ്യങ്ങളെ തമസ്ക്കരിക്കാൻ നമുക്കാവില്ല.

**(അഭിമുഖത്തിന്റെ വെളിച്ചത്തിൽ വിനോദ് നെല്ലയ്ക്കൽ തയ്യാറാക്കിയത്)**

***************



# ജാഗ്രത!

## വിശ്വാസികൾക്കിടയിലെ അവിശ്വസ്തഗ്രന്ഥങ്ങൾ



**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ**
പി.ഒ.സി., പാലാരിവട്ടം



### ആമുഖം

ഇന്നത്തെക്കാലത്ത് വിശ്വാസികൾ ഗുരുമുഖത്തുനിന്ന് നേരിട്ടു കാര്യങ്ങൾ പഠിക്കുന്നതിനൊപ്പം ധാരാളം അറിവുകൾ നേടുന്നതിന് സാമൂഹിക മാധ്യമങ്ങളും പുസ്തകങ്ങളും ഉപയോഗിക്കുന്നുണ്ട്. ശരിയായ നല്ല അറിവുകൾ നല്കുന്ന ധാരാളം ഉറവിടങ്ങൾ ഈ വിധത്തിൽ ഉള്ളപ്പോൾത്തന്നെ, സാമൂഹികമാധ്യമത്തിലൂടെയും അല്ലാതെയും അബദ്ധ പഠനങ്ങളും അന്ധവിശ്വാസങ്ങളും വിശ്വാസികൾക്കിടയിൽ പ്രചരിക്കുന്നതിനിടയാകുന്നുണ്ട്.

ജറുസലേമിലെ തോഫെത്തിനെ ഇറ്റലിയിലെ തോഫെത്താക്കിയ മാധ്യമ മായാജാലം, ഒരു വെള്ള സിംഹാസനം ആകാശമണ്ഡലത്തിൽ കണ്ടെത്തിയതിലൂടെ സ്വർഗ്ഗം ഉണ്ടെന്ന് നാസാ തെളിയിച്ചിരിക്കുന്നു എന്നു സ്ഥാപിക്കുന്ന വീഡിയോക്ലിപ്പ്, ജറുസലേമിൽ ഈശോയുടെ കല്ലറ തുറന്നപ്പോൾ മാലാഖമാരുടെ ഗീതം ശ്രവിക്കാനിടയായി, ജറുസലേമിൽ ഈശോയെ കിടത്തിയ കല്ഫലകം രക്തം വിയർക്കുന്നു, നോഹയുടെ പെട്ടകത്തിന്റെ അവശിഷ്ടം കണ്ടെത്തിയിരിക്കുന്നു, ചെങ്കടലിന്റെ അടിയിൽനിന്ന് കുതിരകളുടെ കുളമ്പടി കിട്ടിയിരിക്കുന്നു, യുഗാന്ത്യത്തിന്റെ ആരംഭമെന്നോണം ഒലിവുമലയുടെ ഉൾഭാഗം പിളർന്നുതുടങ്ങിയിരിക്കുന്നു എന്നിങ്ങനെയുള്ള വാർത്തകൾ, പല വിധത്തിലുള്ള യുഗാന്ത്യപ്രവചനങ്ങൾ എന്നിവയെല്ലാം ഈ അടുത്ത കാലത്ത് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ച ഇത്തരം സന്ദേശങ്ങളിൽ ചിലതാണ്. ഇവയെല്ലാം അസത്യങ്ങളായിരുന്നു എന്നതാണ് യാഥാർഥ്യം. ഇങ്ങനെയുള്ളവ പലപ്പോഴും വിശ്വാസികളുടെയിടയിൽ ആശയക്കുഴപ്പങ്ങളും അബദ്ധവിശ്വാസങ്ങളും ഉണ്ടാകുവാൻ ഇടയാക്കുന്നുണ്ട്. ഇവയൊന്നുംതന്നെ കത്തോലിക്കാവിശ്വാസമനുസരിച്ചുള്ള പഠിപ്പിക്കലുമല്ല. അതിനാൽ നാം ഇവയെക്കുറിച്ച് ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. വിശ്വാസം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയെന്നു പറഞ്ഞാണ് പലപ്പോഴും ഇങ്ങനെയുള്ളവ പ്രസദ്ധീകരിക്കുന്നത്. വിശുദ്ധഗ്രന്ഥം നല്കുന്ന സത്യസന്ദേശം പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഇപ്രകാരമുള്ള സാങ്കല്പിക ദൃഷ്ടാന്തങ്ങൾ ഗുണത്തെക്കാളേറേ ദോഷങ്ങൾ ചെയ്യും. അവ പലപ്പോഴും നിർമിതിക്കു പകരം ശിഥലീകരണത്തിലേക്ക് നയിക്കും.

### പുസ്തകലോകത്തിലേക്ക്

സാമൂഹിക മാധ്യമങ്ങളിൽ വരുന്നത് പെട്ടെന്ന് കടന്നു പോകുമെങ്കിലും അച്ചടി മാധ്യമങ്ങളിൽ വരുന്നത് പലപ്പോഴും കൂടുതൽ ചലനങ്ങൾ സൃഷ്ടിക്കാറുണ്ട്. അതുകൊണ്ടുതന്നെയായിരിക്കണം വിശ്വാസ സംബന്ധമായ പുസ്തകങ്ങൾ പ്രസദ്ധീകരിക്കുമ്പോൾ 'ഇംപ്രിമാത്തൂർ' വേണമെന്ന് നിഷ്കർഷിച്ചിരുന്നത്. ഈ അടുത്തകാലത്ത് ഇറങ്ങിയ ഏതാനും പുസ്തകങ്ങളെക്കുറിച്ച് വളരെ ജാഗ്രതവേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. അപ്രകാരമുള്ള ഏതാനും പുസ്തകങ്ങളാണ് 'സത്യഗ്രന്ഥം', 'യുഗാന്ത്യവും രണ്ടാംവരവും', 'യുഗാന്ത്യത്തിന്റെ മണിമുഴക്കം', 'അടയാളം ക്രൂശിതന്റെ ദർശനം', 'ദൈവകരുണയുടെ സന്ദേശം', 'അന്ത്യകാല സന്ദേശങ്ങൾ', 'അന്തിക്രിസ്തുവിന്റെ ആഗമനം', 'AA 1025 ഒരു ആന്റി- അപ്പസ്തോലന്റെ ഓർമക്കുറിപ്പുകൾ' തുടങ്ങിയവ. ഈ പുസ്തകങ്ങളൊന്നുംതന്നെ മലയാളഗ്രന്ഥകർത്താക്കന്മാരുടേതല്ല മറ്റുഭാഷകളിൽനിന്ന് വിവർത്തനം ചെയ്തിരിക്കുന്നതാണ്. ചിലത് നൂറ്റമ്പത് വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ടവയാണ്; ചിലത് വ്യക്തിഗത വെളിപാടുകൾ ആഗോളവത്കരിക്കപ്പെടുന്നതിന്റെ ഫലമാണ്; ചിലത് രൂപീകൃത ദൃഷ്ടാന്തങ്ങളോ ദൈവവചനത്തിന്റെ തെറ്റായ പഠിപ്പിക്കലുകളോ ആണ്. ഇക്കാലത്ത് മലയാള പ്രസിദ്ധീകരണരംഗത്തും ആധ്യാത്മികരംഗത്തുമുള്ള ഒരു പ്രവണതയാണ്, കഴിഞ്ഞ നൂറ്റാണ്ടുകളിൽ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായിരുന്ന ചില ഗ്രന്ഥങ്ങൾ അപക്വമായ ഭക്തി വർദ്ധിക്കുമാറ് വിവർത്തനം ചെയ്യുക, ഇന്റർനെറ്റിൽനിന്ന് ആധികാരിതയില്ലാത്ത ബൈബിൾ പഠനം തയ്യാറാക്കുക, വ്യക്തിഗത വെളിപാടുകൾക്ക് അമിത പ്രാധാന്യം നല്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ. മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ ഗുരുതരമായ ചില വഴിതെറ്റലുകൾ ഉണ്ട്.

### സത്യഗ്രന്ഥം

സത്യഗ്രന്ഥം എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്ന പുസ്തകം The book of Truth, Selected messages containing the prophecies revealing the global events in the lead up to the second coming of Jesus Christ. അയർലണ്ടിലെ ഒരു വീട്ടമ്മയ്ക്ക് കിട്ടിയ ദർശനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം എന്നാണ് എഴുതിയിരിക്കുന്നത്. ഈ പുസ്തകത്തിന്റെ ഗ്രന്ഥ

കർത്താവിന്റെ യഥാർഥനാമം വെളിപ്പെടുത്തുന്നില്ല. മരിയ ഡിവൈൻ മേഴ്സി എന്നാണ് ഗ്രന്ഥകർത്താവിനെക്കുറിച്ചു പറയുന്നത്. "2010 മുതൽ അയർലണ്ടിലെ ഒരു വീട്ടമ്മയ്ക്ക് പരിശുദ്ധ ത്രിത്വവും കന്യാമറിയവും പിന്നീടുള്ള അഞ്ചുവർഷങ്ങളിലായി 1330 സന്ദേശങ്ങൾ നല്കുകയുണ്ടായി. ചില പ്രത്യേകകാരണങ്ങളാൽ അവർ അജ്ഞാതയായിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിലും 'മരിയ ഡിവൈൻ മേഴ്സി' എന്ന പേരിലാണ് അവർ അറിയപ്പെടുന്നത്" (സത്യഗ്രന്ഥം, പേജ് 4). ഈ പുസ്തകത്തിലെ ഏതാനും ഭാഗങ്ങളാണ് മലയാളത്തിലേക്കു വിവർത്തനം നടത്തി ഫ്രീ കോപ്പികളായി ചിലർ വിതരണം ചെയ്യുന്നത്. കത്തോലിക്കാ വിശ്വാസികളുടെയിടയിൽ നുഴഞ്ഞുകയറുക എന്ന ലക്ഷ്യത്തോടെയാണ് ഇതിന്റെ വിതരണം നടക്കുന്നത്. പ്രസാധകർ Divine Mercy Prayer Fellowship ആണ്. വിവർത്തനം ചെയ്തിരിക്കുന്നത് ജോയേൽ എന്ന ആളാണ്. പുസ്തകത്തിന്റെ അവതാരിക ആര് എഴുതി എന്ന് പറയുന്നില്ല. ആകെ ഒരു രഹസ്യാത്മകത പുസ്തകം സൂക്ഷിക്കുന്നുണ്ട്. "ഇതിനു പിറകിൽ പ്രവർത്തിക്കുകയും പ്രാർഥനകൊണ്ടും നിർദേശങ്ങൾകൊണ്ടും സഹായിക്കുകയും ചെയ്ത ബഹുമാനപ്പെട്ട ധ്യാനഗുരുക്കന്മാർ, വൈദികർ, സന്യാസിനികൾ, അല്മായ സുഹൃത്തുക്കൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു" (സത്യഗ്രന്ഥം, പേജ് 5) എന്നും പുസ്തകത്തിന്റെ അവതാരികയിൽ എഴുതിയിട്ടുണ്ട്.

ഈ പുസ്തകത്തിനകത്തു നിന്നുള്ള ഏതാനും ഉദ്ധരണികൾ: "ദൈവത്താൽ അയയ്ക്കപ്പെട്ടവരല്ലാത്ത മേസൻ സംഘങ്ങളാൽ ചുറ്റപ്പെട്ട് പരിശുദ്ധ സിംഹാസനത്തിൽ അവരുടെ തടവുകാരായിരുന്നു അനേകം പോപ്പുമാർ. അവർ ദൈവത്തെ വെറുക്കുകയും അവിടത്തെ കരുണയെക്കുറിച്ച് അമ്പത് വർഷക്കാലം അസത്യങ്ങൾ പരത്തുകയും ചെയ്തു" (സത്യഗ്രന്ഥം, പേജ് 99). "എന്റെ പ്രിയപ്പെട്ട ബെനഡിക്റ്റ് പതിനാറാമൻ ആണ് ഭൂമിയിലെ അവസാനത്തെ യഥാർഥ പോപ്പ്" (സത്യഗ്രന്ഥം, പേജ് 89). "അടുത്ത പോപ്പ് കത്തോലിക്കാ സഭയിൽ നിന്നുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന ആളായിരിക്കും. അയാൾതന്നെയായിരിക്കും വ്യാജപ്രവാചകൻ" (സത്യഗ്രന്ഥം, പേജ് 88). വെളിപാട് പുസ്തകത്തിലെ പത്തു കൊമ്പുള്ള മൃഗം യൂറോപ്പാണെന്നും ചുവന്ന സർപ്പം ചൈനയാണെന്നും കരടി റഷ്യയാണെന്നുമൊക്കെയാണ് ഈ പുസ്തകത്തിന്റെ കണ്ടെത്തലുകൾ (സത്യഗ്രന്ഥം, പേജ് 103). കത്തോലിക്കാവിശ്വാസികൾക്കിടയിൽ രഹസ്യമായും പരസ്യമായും പ്രചരിക്കുന്ന ഈ പുസ്തകം കത്തോലിക്കാസഭയുടെ തലവനെ വ്യാജപ്രവാചകനെന്നു വിളിക്കുകയും അന്ത്യപ്രവാചകനായി അവതരിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ബൈബിളിലെ ദാനിയേലിന്റെ പുസ്തകത്തെയും വെളിപാടു പുസ്തകത്തെയുംകുറിച്ച് തെറ്റായ വ്യാഖ്യാനങ്ങൾ നല്കുകയുംചെയ്യുന്ന ഈ പുസ്തകത്തെക്കുറിച്ച് കത്തോലിക്കാസഭയിൽ തീർച്ചയായും ജാഗ്രത വേണം.

## ഇതരഗ്രന്ഥങ്ങളിൽനിന്ന്


ഈ പുസ്തകത്തിലെ ശൈലി തന്നെ പിന്തുടരുന്നതാണ് 'യുഗാന്ത്യവും രണ്ടാംവരവും', 'യുഗാന്ത്യത്തിന്റെ മണിമുഴക്കം', 'അടയാളം ക്രൂശിതന്റെ ദർശനം', 'ദൈവകരുണയുടെ സന്ദേശം', 'അന്ത്യകാല സന്ദേശങ്ങൾ' എന്നീ പുസ്തകങ്ങളും. ഡോ. ജോർജ്ജ് ഇരുമ്പയം ആണ് ഈ പുസ്തകങ്ങളുടെയെല്ലാം ഗ്രന്ഥകർത്താവ്. പ്രസാധകർ ഡിവൈൻ മേഴ്സി പബ്ലിക്കേഷൻസ് ആണ്. എല്ലാ പുസ്തകങ്ങളിലും തന്നെ ഒരേ ആശയവും അവതരണവുമാണ്. കുരിശുയുദ്ധപ്രാർഥനകൾ എന്ന പ്രാർഥനാ ശൃംഖലയാണ് ഒരുഭാഗം. യുഗാന്ത്യത്തിനുവേണ്ടിയുള്ള ഒരുക്കപ്രാർഥനകളാണ് അവ. പ്രധാന വിഷയം വെളിപാട് പുസ്തകവും ദാനിയേലിന്റെ പുസ്തകവുമാണ്. 'യുഗാന്ത്യവും രണ്ടാംവരവും' എന്ന പുസ്തകത്തിൽ വിവിധ വ്യക്തികൾക്കു ലഭിച്ചിട്ടുള്ള വ്യക്തിഗത ദർശനങ്ങളാണ് പ്രതിപാദ്യം. ആദ്യ കാലത്തുള്ള ദർശനങ്ങളിൽ ജോൺ പോൾ രണ്ടാമൻ പാപ്പയാണ് അവസാനത്തെ പോപ്പ്; അതിനുശേഷം, അന്ത്യം വരും എന്നാണ് പ്രവചനം. "ഈ പാപ്പ (ജോൺപോൾ 2 ) ... അദ്ദേഹത്തെ ഏല്പിച്ച ജോലി തീർന്നു കഴിയുമ്പോൾ, ആ ബലി സ്വീകരിക്കുവാൻ ഞാൻ സ്വർഗത്തിൽനിന്നു വരുമ്പോൾ, നിങ്ങൾ വിശ്വാസത്യാഗത്തിന്റെ അന്ധകാരത്തിലാവുകയും അതു പൊതുവെ ദൃശ്യമാവുകയും ചെയ്യും. വിശ്വാസരാഹിത്യത്തിന്റെയും ഭക്തിരാഹിത്യത്തിന്റെയും സ്വാർഥതയുടെയും അഹന്തതയുടെയും ഹൃദയകാഠിന്യത്തിന്റെയും അന്ധകാരം ... ഈ മഹാരാത്രിയിൽ യേശുവിന്റെ മഹിമയാർന്ന ദ്വിതീയ ജനനം നടക്കാൻ പോകുന്നു (24-12-92)" (യുഗാന്ത്യവും രണ്ടാംവരവും, പേജ് 32). അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷ് കൊല്ലപ്പെട്ടു കിടക്കുന്ന ദർശനം. ഒരു ലോകനേതാവിന്റെ വധത്തോടെ വിനാശം വിതയ്ക്കുന്ന യുദ്ധവും കലാപവും തുടങ്ങുമെന്ന പ്രവചനത്തിന്റെ പൂർത്തീകരണം (യുഗാന്ത്യവും രണ്ടാംവരവും, പേജ് 32). "ഈ സന്ദേശത്തിലെ പ്രവചനങ്ങൾ നിറവേറിക്കഴിഞ്ഞു. ബനഡിക്ട് XVI-ാമൻ 28.02.'13-ൽ പുറത്തായി.... യേശുവിന്റെ സഭയെ വി. പത്രോസ് സ്വർഗത്തിൽനിന്നു നയിക്കുന്നു..... (വി. മലാക്കിയുടെ ദർശനപ്രകാരം ബനഡിക്ട് XVI-ാമൻ ആണ് അവസാനത്തെ മാർപാപ്പ. അദ്ദേഹത്തിനു ശേഷം പീറ്റർ ദി റോമൻ. അതു പത്രോസ്ശ്ലീഹായാണ്) (യുഗാന്ത്യവും രണ്ടാംവരവും, പേജ് 32).

'അന്ത്യക്രിസ്തുവിന്റെ ആഗമനം', 'ഒരു ആന്റി അപ്പസ്തോലന്റെ ഓർമക്കുറിപ്പുകൾ' എന്നിവയും വിദേശഭാഷയിൽനിന്നുള്ള വിവർത്തനങ്ങളാണ്. 150 വർഷങ്ങൾക്ക് മുമ്പ് ഫാ. ഹ്യൂഷേ ഫ്രഞ്ച് ഭാഷയിൽ എഴുതിയ ഗ്രന്ഥത്തിന്റെ വിവർത്തനമാണ് 'അന്തിക്രിസ്തുവിന്റെ ആഗമനം'. ദാനിയേലിന്റെ പുസ്തകവും

വെളിപാടിന്റെ പുസ്തകവും വരാനിരിക്കുന്ന അന്തിക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങളാണ് എന്നാണ് ഈ പുസ്തകം തെറ്റായി പഠിപ്പിക്കുന്നത്. ഒരു നോവൽ കണക്കെ എഴുതപ്പെട്ടിരിക്കുന്ന 'ഒരു ആന്റി അപ്പസ്തോലന്റെ ഓർമക്കുറിപ്പുകൾ' എന്ന പുസ്തകവും ആത്മീയ ലോകത്ത് എന്ത് സംഭാവന നല്കുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവയുടെ പ്രസാധകർ സോഫിയാ ബുക്ക്സ് ആണ്. ഇപ്രകാരമുള്ള പഠിപ്പിക്കലുകളും പ്രവചനങ്ങളും വചനവ്യാഖ്യാനങ്ങളുമുള്ള ഈ ഗ്രന്ഥങ്ങൾ വിശ്വാസികളുടെയിടയിൽ അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കളകൾ വിതയ്ക്കുന്ന അവിശ്വസ്തഗ്രന്ഥങ്ങൾ തന്നെയാണ്. ജാഗ്രതൈ!

## അന്തിക്രിസ്തു

ഇവരുടെ പഠിപ്പിക്കലുകളുടെ പ്രധാന ശ്രദ്ധ ദാനിയേലിന്റെ പുസ്തകവും വെളിപാടു പുസ്തകവുമാണ് എന്ന് പറഞ്ഞല്ലോ. അവരുടെ വ്യാഖ്യാനമനുസരിച്ച് വരാനിരിക്കുന്ന അന്തിക്രിസ്തുവാണ്




പ്രധാനകഥാപാത്രം. യഥാർഥത്തിൽ ആരാണ് അന്തിക്രിസ്തു? എന്താണ് അവന്റെ പ്രവർത്തനം? കൃത്യമായി പറഞ്ഞാൽ, വിശുദ്ധ ബൈബിളിൽ അന്തിക്രിസ്തു എന്ന് വാക്ക് കാണുന്നില്ല. മറിച്ച്, എതിർ ക്രിസ്തുവിനെക്കുറിച്ചാണ് പറയുന്നത്. ദാനിയേലിന്റെ പുസ്തകത്തിലോ വെളിപാടു പുസ്തകത്തിലോ എതിർക്രിസ്തു എന്ന വാക്ക് വരുന്നുമില്ല. വി. യോഹന്നാന്റെ ലേഖനത്തിലാണ് ഇക്കാര്യം പറയുന്നത് (1 യോഹ 2,18.22.4,3; 2യോഹ 7). അവിടെ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് എതിർ ക്രിസ്തു (anti,cristoj, Anti Christ=) എന്ന വാക്കാണ്. ഇവിടെയൊക്കെ ഒരുവ്യക്തിയെക്കുറിച്ചല്ല, മറിച്ച് പലരെക്കുറിച്ചാണ് എതിർക്രിസ്തു എന്നു പറയുന്നത് (2,18.19). 1യോഹ 2,18-ൽ പി.ഒ.സി. ബൈബിളിൽ അന്തിക്രിസ്തു എന്നും വ്യാജ ക്രിസ്തുമാർ എന്നും എഴുതിയിരിക്കുന്നതും anti,cristoj, Anti Christ= എതിർ ക്രിസ്തു എന്നതിന്റെ വിവർത്തനമായിട്ടാണ്. ആരാണ് എതിർക്രിസ്തു എന്നും വചനം പറയുന്നുണ്ട്: "അവർ നമ്മുടെ കൂട്ടത്തിൽനിന്ന് പുറത്തുപോയവരാണ്; യേശു, ക്രിസതു അല്ല എന്ന് പറയുന്നവരാണ്; പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവരാണ്" എന്നിങ്ങനെയാണ് എതിർക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (2യോഹ 7). യോഹന്നാന്റെ ലേഖനത്തിൽ എതിർക്രിസ്തു എന്നു പറഞ്ഞിരിക്കുന്നത് വരാനിരിക്കുന്ന ഒരാളെക്കുറിച്ചല്ല. മറിച്ച്, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ച് അന്ന് അവരുടെയിടയിൽനിന്നും അകന്നുപോയവരെക്കുറിച്ചാണ്. പൊതുവിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവരാണ്. അന്തിക്രിസ്തു എന്നൊരാൾ വരാനുണ്ട് എന്ന് വിശുദ്ധ ബൈബിൾ ഒരിടത്തും പറയുന്നില്ല.

## 666

വെളിപാട് പുസ്തകത്തിൽ വളരെ ചർച്ച ചെയ്യപ്പെടുന്നതാണ് 666 എന്ന സംഖ്യ. വെളിപാടു പുസ്തകം 3,18 - ലാണ് 666 എന്ന സംഖ്യ ഉള്ളത്. ആ സംഖ്യയെക്കുറിച്ച് 'അത് മൃഗത്തിന്റെ സംഖ്യയാണ്; അത് ഒരു മനുഷ്യന്റെ സംഖ്യയാണ്; ജ്ഞാനമുള്ളവൻ കണക്കുകൂട്ടിയെടുക്കട്ടെ, എന്നാണ് ഗ്രന്ഥകർത്താവ് പറയുന്നത്. രണ്ടു മൃഗങ്ങളെക്കുറിച്ച് 13-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. അതിൽ കടൽ കടന്നുവന്ന ആദ്യത്തെ മൃഗം എന്നു പറയുന്നത് (13,1) കടൽ കടന്നുവന്ന് അധികാരം പിടിച്ചെടുത്ത റോമൻ ചക്രവർത്തിയാണ്. ഭൂമിയിൽനിന്നു വന്ന രണ്ടാമത്തെ മൃഗം (13,11) ആദ്യത്തെ മൃഗത്തിന്റെ അധികാരത്തിൽ പങ്കു പറ്റുന്നതാണ്. രണ്ടാമത്തെ മൃഗം പ്രവിശ്യയുടെ തലവനാണ്. ഒന്നാമത്തെ മൃഗം ആദ്യമൃഗത്തെ ആരാധിക്കാൻ ജനത്തെ നിർബന്ധിച്ചു (13,12). റോമൻ ചക്രവർത്തിയെ ദൈവമായി ആരാധിക്കാൻ നിർബന്ധിച്ചിരുന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ആ മൃഗത്തിന്റെ സംഖ്യയായാണ് 666 പറയുന്നത്. 666 എന്ന സംഖ്യ റോമൻ ഭരണാധികാരിയെയാണ് സൂചിപ്പിക്കുന്നത്. വരാനിരുന്ന ഒരാളെക്കുറിച്ചല്ല, വന്നുപോയ ഒരാളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. എ ഡി 54-68 വരെയും റോമാ സാമ്രാജ്യം ഭരിച്ചിരുന്ന നീറോസീസർ ശക്തമായ മതമർദനം ആരംഭിച്ചയാളായിരുന്നു. ഗ്രീക്കു ഭാഷയിലും ഹീബ്രു ഭാഷയിലും അക്ഷരമാലയിലെ അക്ഷരങ്ങൾക്കെല്ലാം നിശ്ചിതമൂല്യമുണ്ട്. ഒരു പേരിലെ അക്ഷരങ്ങളുടെ ആകെത്തുകയെ ആ വ്യക്തിയെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്നു. അത് അറിയപ്പെട്ടിരുന്നത് ജെമെട്രിയ എന്നാണ്. ആ വിധത്തൽ പരിശോധിക്കുമ്പോൾ ഹീബ്രു ഭാഷയിൽ നീറോ സീസർ എന്ന് എഴുതുന്നതിന്റെ മൂല്യം 666. ആണ്. നെറോൻ ഖ്സർ (NRWN QSR) എന്നാണ് ഹീബ്രുവിൽ എഴുതുന്നത്.

എന്നാൽ 666 നെ മറ്റുവിധത്തിലും വ്യാഖ്യാനിക്കുന്നുണ്ട്. അത് ഹീബ്രു അക്ഷരങ്ങളുടെ പ്രതീകാത്മകമായ അർഥത്തിലാണ്. ഹീബ്രു ഭാഷയിൽ ഏഴും ഏഴിന്റെ

ഗുണനങ്ങളും അതിന്റെ ആവർത്തനങ്ങളും പൂർണതയുടെ അടയാളമാണ്. അതുപോലെ 6 അപൂർണതയുടെ പ്രതീകവുമാണ്. 6 മൂന്നു പ്രാവശ്യം ആവർത്തിക്കുന്നതിലൂടെ തിന്മയുടെ മൂർത്തീഭാവത്തെയാണ് സൂചിപ്പിക്കുന്നത്. 13-ാം അധ്യായത്തിൽ മൃഗത്തെ 666 എന്ന് വിളിക്കുമ്പോൾ തിന്മയുടെ ശക്തിയായ നീറോ ചക്രവർത്തിയാണ് സൂചിതം. യോഹന്നാൻ ശ്ലീഹാ എഴുതുന്ന പശ്ചാത്തലത്തിൽ 666 നീറോ ചക്രവർത്തിയെ സൂചിപ്പിച്ചിരുന്നെങ്കിൽ പിന്നീട് തിന്മയുടെ ശക്തിയുടെ പ്രതീകമായി/സാത്താന്റെ പ്രതീകമായി 666 വ്യാഖ്യാനിക്കപ്പെടാം; എന്നാൽ വരാനിരിക്കുന്ന ഒരു അന്ത്യകാല വ്യക്തിത്വത്തിന്റെ അടയാളമായല്ല.

### ഉപസംഹാരം

പലവിധത്തിൽ വിശ്വാസികളുടെയിടയിൽ അന്ധവിശ്വാസങ്ങളും അബദ്ധവിശ്വാസങ്ങളും വളരുന്നു എന്നത് ഒരു യാഥാർഥ്യമാണ്. വിശ്വാസ സംബന്ധമായ ഇത്തരം വിഷയങ്ങളിൽ സഭാനേതൃത്വം കൂടുതൽ ജാഗ്രത പുലർത്തുകയും അവസരോചിതമായ ഇടപെടലിലൂടെ വേണ്ട തിരുത്തലുകളും നടപടികളും സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

**************



# വത്തിക്കാൻ കൗൺസിലും മതബോധനഗ്രന്ഥവും, പിന്നെ ഇസ്ലാമും



**ഫാ. ജോഷി മയ്യാറ്റിൽ**
പി.ഒ.സി., പാലാരിവട്ടം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മറ്റു മതങ്ങളെക്കുറിച്ചുള്ള ഡിക്രിയിലെ മൂന്നാം നമ്പറും തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിലെ പതിനാറാം നമ്പറും കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 841-ാം നമ്പറും ഈ ദിവസങ്ങളിൽ സോഷ്യൽ മീഡിയയിൽ വില്ലൻ പരിവേഷത്തിൽ വിലസുകയായിരുന്നു. അനേകം പേർ ഇവയ്ക്കെതിരായി സോഷ്യൽ മീഡിയയിൽ പോസ്റ്റുകളിടുന്നതു ശ്രദ്ധയിൽപെട്ടു. അവർക്ക് CCC 841-ാം നമ്പർ അംഗീകരിക്കാൻ തീരെ സാധിക്കുന്നില്ല. LG 16-ാം നമ്പറിലും NA 3-ാം നമ്പറിലും വിശദമായി പറഞ്ഞിട്ടുള്ളവ CCC 841-ൽ സംക്ഷിപ്തമായി പറഞ്ഞിരിക്കുന്നു എന്ന് അറിയാമെങ്കിലും അവയോട് അവർക്കു നീരസമാണ്. അതിനു കാരണങ്ങൾ മൂന്നാണ്:

### 1. രക്ഷാപദ്ധതിയിൽ അവരും?

“രക്ഷയുടെ പദ്ധതി സ്രഷ്ടാവിനെ അംഗീകരിക്കുന്നവരെക്കൂടി ഉൾക്കൊള്ളുന്ന ഒന്നാണ്” എന്ന പ്രസ്താവന അവർക്ക് സ്വീകാര്യമല്ല. ക്രിസ്തുവിനും 600 വർഷങ്ങൾക്കു ശേഷം ക്രിസ്തുവിലൂടെയുള്ള രക്ഷാപദ്ധതിയെ പൂർണമായി തള്ളിക്കളഞ്ഞവർ എങ്ങനെയാണ് രക്ഷാപദ്ധതിയിൽ ഉൾപ്പെടുന്നത് എന്നതാണ് അവരുടെ ചോദ്യം.

ദൈവത്തിന്റെ രക്ഷാപദ്ധതി (cf. ഉത്പ 3,15) എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണെന്നതിൽ ആർക്കും സംശയമുണ്ടാകില്ലല്ലോ. യേശുക്രിസ്തു ലോകത്തിലേക്കു വന്നത് എല്ലാവരെയും രക്ഷിക്കാൻ വേണ്ടിയാണെന്നും രക്ഷ ക്രിസ്തുവിലൂടെ മാത്രമുള്ളതാണെന്നും നമുക്കറിയാം. LG 16-ാം ഖണ്ഡിക ആരംഭിക്കുന്നത് “ഇതുവരെ സുവിശേഷം സ്വീകരിക്കാത്തവർ ദൈവജനത്തോട് വിവിധ തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു” എന്ന വാക്യത്തോടെയാണ്. തുടർന്ന് യഹൂദരെ ‘ദൈവത്തിന്റെ ഇഷ്ടഭാജനമായ ജനത’ എന്നു വിശേഷിപ്പിച്ച്, മുസ്ലീങ്ങളെക്കുറിച്ചു പരാമർശിക്കുന്നിടത്താണ് രക്ഷാപദ്ധതിയെ

ക്കുറിച്ചുള്ള മേൽപറഞ്ഞ വാക്യം കാണുന്നത്. തുടർന്നുള്ള ഭാഗം വായിച്ചാൽ, തത്സംബന്ധിയായി ഉയരുന്ന സംശയങ്ങൾക്ക് വിരാമമാകും: "എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നാണ് രക്ഷകൻ ആഗ്രഹിക്കുന്നത്" (തിമോ 2,4). അതുകൊണ്ട് മിശിഹായുടെ സുവിശേഷത്തെയും അവിടത്തെ സഭയെയും സ്വന്തം കുറ്റം കൊണ്ടല്ലാതെ അറിയാതെയിരിക്കുകയും എന്നാൽ, ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ തേടുകയും അവിടത്തെ ഇഷ്ടം മനസ്സാക്ഷിയുടെ പ്രേരണയ്ക്കനുസൃതമായി പ്രവൃത്തികളാൽ പൂർത്തീകരിക്കുന്നതിന് പ്രസാദവരത്തിന്റെ പ്രചോദനത്താൽ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാൻ കഴിയും. സ്വന്തം കുറ്റത്താലല്ലാതെ ദൈവത്തെ ഇനിയും സ്പഷ്ടമായി അംഗീകരിക്കാതിരിക്കുകയും ദൈവവരപ്രസാദത്തോടു കൂടിത്തന്നെ ശരിയായ ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് ദൈവപരിപാലനം രക്ഷയ്ക്കാവശ്യകമായ സഹായങ്ങൾ നിഷേധിക്കുകയില്ല. നന്മയായിട്ടോ, സത്യമായിട്ടോ അവരിൽ കണ്ടെത്തുന്നവയെല്ലാംതന്നെ സുവിശേഷ സ്വീകരണത്തിനു വേണ്ടിയുള്ള ഒരുക്കമായിട്ടാണ് സഭ കണക്കിലെടുക്കുന്നത്."

## 2. യഹൂദർക്കും മുന്നേ മുസ്ലീങ്ങൾ?

"അവരിൽ ഒന്നാമതായിട്ടുള്ളത് അബ്രാഹത്തിന്റെ വിശ്വാസം പുലർത്തുന്നു എന്നു പ്രഖ്യാപിക്കുന്ന മുസ്ലീങ്ങളാണ്" എന്ന പ്രസ്താവന യഹൂദർക്കുംമുന്നേ മുസ്ലീങ്ങളെ സ്ഥാപിക്കുന്നതിൽ പ്രസ്തുത വ്യക്തികൾ അസ്വസ്ഥരാണ്.

മുൻപിൻഭാഗങ്ങൾ വായിച്ചു നോക്കാതെ അവിടെനിന്നും ഇവിടെനിന്നും ചിലത് അടർത്തിയെടുക്കുമ്പോൾ സംഭവിക്കുന്ന പ്രശ്നമേ ഇവിടെയുള്ളൂ. 839-ാം നമ്പറിൽ, "ഇതുവരെ സുവിശേഷം സ്വീകരിച്ചിട്ടില്ലാത്തവരും ദൈവജനത്തോട് പല വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു" എന്ന പ്രസ്താവനയ്ക്കുശേഷം പരാമർശിക്കുന്നത് യഹൂദജനതയെയാണ്. "മറ്റ് അക്രൈസ്തവമതങ്ങളിൽ നിന്നു വ്യത്യസ്തമായി, പഴയ ഉടമ്പടിയിലെ ദൈവത്തിന്റെ വെളിപ്പെടുത്തലി നോടുള്ള ഒരു പ്രത്യുത്തരം തന്നെയാണ് യഹൂദവിശ്വാസം" എന്ന് അതു പ്രസ്താവിക്കുന്നു. യഹൂദർക്കും ക്രൈസ്തവർക്കും സമാനമായ ലക്ഷ്യങ്ങളാണ് മുന്നിലുള്ളത് - മിശിഹായുടെ വരവ്: ഒരു കൂട്ടർക്ക്, മരിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗാ രോഹണം ചെയ്ത മിശിഹായുടെ വിധിയാളനായുള്ള വീണ്ടും വരവ്; മറ്റൊരു കൂട്ടർക്ക്, അന്ത്യകാലത്തോളം അജ്ഞാതമായ സവിശേഷതകളോടുകൂടിയ മിശിഹായുടെ വരവ്. ഇത്രയും കാര്യങ്ങൾ പ്രതിപാദിച്ചതിനു ശേഷമാണ് മുസ്ലീങ്ങളെക്കുറിച്ചുള്ള പരാമർശമുള്ളത്. അത് ആരംഭിക്കുന്നതുതന്നെ യഹൂദരെക്കുറിച്ചുള്ള മുൻ പരാമർശം, 'കൂടി' എന്ന വിഭക്തിപ്രത്യയത്തിലൂടെ വ്യംഗ്യമായി സൂചിപ്പിച്ചു കൊണ്ടാണ്: "രക്ഷയുടെ പദ്ധതി സ്രഷ്ടാവിനെ അംഗീകരിക്കുന്നവരെക്കൂടി ഉൾക്കൊള്ളുന്ന ഒന്നാണ്."

## 3. ഒരേ ദൈവമോ?

"അവർ നമ്മോടൊപ്പം ഏകനും കാരുണ്യവാനും മനുഷ്യരെ അന്തിമ ദിവസം നമ്മെ വിധിക്കാനിരിക്കുന്നവനുമായ ദൈവത്തെ ആരാധിക്കുന്നു" എന്ന പ്രസ്താവന എങ്ങനെ ശരിയാകും എന്ന് അവർക്കു മനസ്സിലാകുന്നില്ല. യേശുക്രിസ്തുവിനെ പ്രവാചകനായി തരംതാഴ്ത്തിയ ഇസ്ലാമിന്റെ അള്ളാഹുവാണോ ക്രിസ്ത്യാനിയുടെ ദൈവം എന്നാണ് അവർ ചോദിക്കുന്നത്.

മുസ്ലീങ്ങൾ ഏകനും കരുണാർദ്രനും മനുഷ്യകുലത്തിന്റെ വിധിയാളനുമായ ദൈവത്തെ ആരാധിക്കുന്നു എന്ന പ്രസ്താവന വി. ഗ്രിഗറി ഏഴാമൻ പാപ്പാ 1076-ൽ മൗറത്താനിയായിലെ (ഇന്നത്തെ അൾജീരിയ) മുസ്ലീം രാജാവായ അൽ നാസീറിന് എഴുതിയ കത്തിലെ പരാമർശമാണ് എന്നത് പലരും ശ്രദ്ധിച്ചിട്ടില്ല. അദ്ദേഹം എഴുതി: "നിങ്ങളും ഞങ്ങളും ഒരു ദൈവത്തിൽ വിശ്വസിക്കുകയും സ്വാഭാവികമായി, വ്യത്യസ്ത രീതികളിൽ അവിടത്തെ ഏറ്റുപറയുകയും ചെയ്യുന്നു".

ഇവിടെ 'ഒരു ദൈവം' എന്നാണ് കുറിച്ചിരിക്കുന്നത്, 'ഒരേ ദൈവം' എന്നല്ല. ഇംഗ്ലീഷിൽ the one God എന്നു പരിഭാഷപ്പെടുത്തിക്കാണാറുണ്ട്. ലത്തീനിൽ ആർട്ടിക്കിൾ ഇല്ല എന്നതു പ്രത്യേകം ശ്രദ്ധിക്കണം. മൂലഭാഷയിൽ ഉദ്ദേശിക്കാത്ത അർത്ഥം ഇംഗ്ലീഷ് പരിഭാഷയിലെ the പ്രയോഗം ഉളവാക്കുന്നുണ്ട് എന്നു പലരും വ്യക്തമാക്കിയിട്ടുണ്ട്. അതു പരിഗണിക്കേണ്ടതുമാണ്. തെറ്റിദ്ധാരണാജനകമായ പരിഭാഷകൾ ഒഴിവാക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ഏകദൈവവിശ്വാസികളാണ് മുസ്ലീങ്ങളും ക്രൈസ്തവരുമെങ്കിലും ഇരുവരുടെയും ദൈവസങ്കല്പങ്ങൾ തികച്ചും വ്യത്യസ്തമാണ്. കേവല ഏകാകിത്വമാണ് (Absolute Singularity) ഇസ്ലാമിന്റേതെങ്കിൽ, ത്രിത്വമാണ് (Trinity) ക്രൈസ്തവരുടേത്. ഈ രണ്ടു ദൈവസങ്കല്പങ്ങളും സമ്മാനിക്കുന്ന ലോകദർശനവും തികച്ചും വ്യത്യസ്തമാണ്. കേവല ഏകത്വത്തിന്റെ മുഖ്യപദം 'മാത്രം' എന്നതാകയാൽ എക്സ്ക്ലൂസിവിസമായിരിക്കും ആ വിശ്വാസത്തിന്റെ മുഖ്യധാര. ഏകത്വത്തിലെ കൂട്ടായ്മയാണ് ത്രിത്വത്തിന്റെ ഊന്നൽ എന്നതിനാൽ സ്നേഹത്തിലൂന്നിയ ഇൻക്ലൂസിവിസമായിരിക്കും ആ വിശ്വാസത്തിന്റെ മുഖ്യധാര. ത്രിത്വവിശ്വാസം ആഴപ്പെട്ടിട്ടുള്ളയിടങ്ങളിൽ വ്യക്തി സ്വാതന്ത്ര്യവും വ്യക്തി-സമൂഹ പാരസ്പര്യവും സ്ത്രീ-പുരുഷ സമത്വവും ഏതു



തൊഴിലിന്റെയും മാന്യതയും മതസ്വാതന്ത്ര്യവും സാരവത്തായ ജനാധിപത്യവും നില നില്ക്കുന്നതിന്റെ കാരണം മറ്റെങ്ങും തേടേണ്ടതില്ല.

മാത്രമല്ല, യേശു ക്രിസ്തുവിനെ ദൈവമായി കാണാൻ ഇസ്ലാമിന് ആവില്ല. യേശു ക്രിസ്തു പഠിപ്പിച്ച ത്രിയേക ദൈവ സങ്കല്പത്തെ സ്വീകരിക്കാൻ അവർക്കു കഴിയാത്തതിന് അത് ഒരു കാരണവുമാണ്. ഖുറാനിൽ അവിടന്ന് വെറും പ്രവാചകനാണ്. അവിടത്തെ കുരിശുമരണവും ഉത്ഥാനവുമൊന്നും അവർ അംഗീകരിക്കുന്നില്ല. അങ്ങനെ നോക്കിയാൽ, ഒരു കാര്യം വ്യക്തമാണ് - ബൈബിളിലെ യേശു ക്രിസ്തുവല്ല ഖുറാനിലെ ഈസാനബി. യേശുവിനും ആറു നൂറ്റാണ്ടുകൾക്കു ശേഷം ആര്യൻ-നെസ്റ്റോറിയൻ പാഷണ്ഡികളിൽ നിന്നു മുഹമ്മദിനു കൈമാറിക്കിട്ടിയ ഈസായ്ക്ക് ബൈബിളിലെ യേശുക്രിസ്തുവുമായി ഒരു ബന്ധവുമില്ല എന്നതാണ് സത്യം. ഇക്കാര്യങ്ങളെക്കുറിച്ച് എട്ടാം നൂറ്റാണ്ടിൽത്തന്നെ സഭാപിതാവായ വി. ജോൺ ഡമഷീൻ (675-749) തന്റെ *ഇസ്മായേല്യ പാഷണ്ഡത, ഒരു ക്രിസ്ത്യാനിയും സരസേനനും തമ്മിലുള്ള തർക്കം* എന്നീ ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

## മുസ്ലീങ്ങൾക്ക് അബ്രാഹത്തിന്റെ വിശ്വാസമോ?

തങ്ങൾ അബ്രാഹത്തിന്റെ വിശ്വാസം പുലർത്തുന്നു എന്നാണ് മുസ്ലീങ്ങൾ പ്രഖ്യാപിക്കുന്നത്. അക്കാര്യം പകർത്തിവയ്ക്കുക മാത്രമാണ് വത്തിക്കാൻ കൗൺസിൽ ചെയ്തിരിക്കുന്നത്. എന്നാൽ, അബ്രാഹത്തിന്റെ വിശ്വാസം മുസ്ലീങ്ങൾ മനസ്സിലാക്കിയതിൽ എത്രമാത്രം കൃത്യതയുണ്ടെന്ന് രേഖ പരിശോധിക്കുന്നില്ല, പറയുന്നുമില്ല. *നോസ്ത്ര എത്താത്തേ* അതിനുള്ള രേഖയല്ല. ചുരുക്കിപ്പറഞ്ഞാൽ, എക്യുമേനിക്കൽ കൗൺസിൽ എന്ന നിലയിൽ, ഒന്നിപ്പിക്കുന്ന ഘടകങ്ങൾക്കാണ്, ഭിന്നിപ്പിക്കുന്നവയ്ക്കല്ല രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഊന്നൽ നല്കിയത്.

അബ്രാഹത്തിന്റെ സന്തതിയായ ഇസഹാക്കിലൂടെയാണ് ദൈവവുമായുള്ള ഉടമ്പടി മുന്നോട്ടു പോയതെന്ന് (cf. ഉത്പ 17,21) വി. ഗ്രന്ഥം വായിക്കുന്ന എല്ലാവർക്കും അറിയാം. വി. മത്തായിയുടെ സുവിശേഷത്തിലെത്തുമ്പോൾ യേശുവിന്റെ വംശാവലി ആരംഭിക്കുന്നതുതന്നെ അബ്രാഹത്തിലാണെന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

ബൈബിളിലെ ഇസ്മായേലിന്റെ പിന്തുടർച്ചയാണ് ഇസ്ലാം എന്ന് മുസ്ലീങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിലും അതിന് രേഖാപരമായ ഒരു തെളിവും - ഒരു വംശാവലി പോലും - അവർക്കില്ല. ബൈബിളിലെ ഇസ്മായേല്യർക്ക് ഇസ്ലാമിക ചരിത്രം ഉയർത്തിക്കാണിക്കുന്ന ഖുറേഷി ഗോത്രവുമായോ മക്കയിൽ അധിവസിച്ചിരുന്ന മറ്റേതെങ്കിലും ഗോത്രവുമായോ ചരിത്രപരമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഇസ്മായേലിനെക്കുറിച്ചുള്ള ബൈബിൾ കാഴ്ചപ്പാടാകട്ടെ, ഉത്പ 16,1.12; 17,20.21; 21,20.21; 25,12-18; സങ്കീ 83,6-8.17; ഗലാ 4,22-31 എന്നിവയിൽ വ്യക്തമാണുതാനും. "സാറായിൽ നിന്ന് അടുത്ത വർഷം ഈ സമയത്ത് നിനക്കു ജനിക്കാൻ പോകുന്ന ഇസഹാക്കുമായിട്ടാണ് എന്റെ ഉടമ്പടി ഞാൻ സ്ഥാപിക്കുക" എന്നു തിരുവചനം വ്യക്തമായി പ്രസ്താവിക്കുന്നു (ഉത്പ 17,21).

യഹൂദർക്കു മാത്രമുണ്ടായിരുന്ന ഒരു പരമ്പര്യം (ഉത്പ 16,1-16; 17,15-21; 21,9-21) ഏകപക്ഷീയമായി കടംകൊണ്ടതല്ലാതെ, മുഹമ്മദു നബിക്ക് 2500 വർഷങ്ങൾക്കു മുമ്പ് അബ്രാഹത്തിന്റെയും ഹാഗാറിന്റെയും പുത്രനായി ജനിച്ച ഇസ്മായേലുമായുള്ള ബന്ധം തെളിയിക്കാൻ ആർക്ക് എങ്ങനെയാണ് സാധിക്കുന്നത്?

## ഹൃദയപൂർവകമായ ഒരു അഭ്യർത്ഥന

അപ്പസ്തോലന്മാരെ നിയോഗിച്ചത് കർത്താവായ യേശുക്രിസ്തുവാണ്. സഭയുടെ പ്രബോധനാധികാരത്തിനു വേണ്ടിത്തന്നെയാണ് പത്രോസിന്റെ നേതൃത്വത്തിൽ അപ്പസ്തോല സംഘത്തെ ഈശോ ഒരുക്കിയത്. "പഠിപ്പിക്കുവിൻ" എന്ന് അവിടന്ന് അധികാരപ്പെടുത്തിയത് അവരെയാണ് (മത്താ 28,20). രണ്ടായിരം വർഷത്തെ പഴക്കമുണ്ട് സഭയുടെ പ്രബോധനാധികാരത്തിന്. ഇതിനിടയിൽ എത്രയെത്ര പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടായി? എത്രയെത്ര പാഷണ്ഡതാപ്രളയങ്ങൾ! എന്നാൽ 21 സാർവത്രിക കൗൺസിലുകളിലൂടെയും മാർപ്പാപ്പമാരുടെ രേഖകളിലൂടെയും സഭാനൗകയെ അവിടന്ന് സുരക്ഷിതമായി നയിക്കുകയായിരുന്നു. "സത്യാത്മാവ് നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" (യോഹ 16,13) എന്ന വാഗ്ദാനത്തിലൂടെ അവിടന്നു വ്യക്തമാക്കിയത് സത്യവിശ്വാസത്തിന്റെ സമഗ്രതയും കാലപ്രസക്തിയും സഭയ്ക്ക് പരിശുദ്ധാത്മാവു സമ്മാനിക്കും എന്നുതന്നെയാണ്. അതു മുഖ്യമായും സാക്ഷാത്കൃതമാകുന്നത് സഭയുടെ പ്രബോധനാധികാരത്തിലൂടെയാണ്.

അതിനാൽ, സഭാപ്രബോധനങ്ങളെ തള്ളിപ്പറയുകയും സഭയുടെ പ്രബോധനാധികാരത്തെ വിഗണിക്കുകയും ചെയ്യുന്നവർ പരിശുദ്ധാത്മാവിനോടാണ് മല്ലടിക്കുന്നത് എന്നോർക്കുക. ലേശം എളിമയും, വായിക്കാനും പഠിക്കാനും അന്വേഷിക്കാനും അല്പം ക്ഷമയുമുണ്ടെങ്കിൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാത്ത ക്രൈസ്തവരായി നമുക്കു ജീവിക്കാനാകും.

**************

# തീരനിയന്ത്രണ വിജ്ഞാപനം - കഥയിതു വരെ




അഡ്വ. ഷെറി ജെ തോമസ്



**കേരളത്തിൽ തീരനിയന്ത്രണമേഖല വിജ്ഞാപനം സംബന്ധിച്ച ചർച്ചകൾ മരട് ഫ്‌ളാറ്റുകളുടെ പ്രശ്നത്തോടുകൂടി സജീവമായെങ്കിലും കൊറോണ അതൊക്കെ തൽക്കാലം തിരശ്ശീലയ്ക്കു പിന്നിലാക്കി.**

## എന്താണ് തീരദേശ നിയന്ത്രണ നിയമം

Coastal Regulation Zone എന്നാണ് ഇതിന്റെ മുഴുവൻ പേര്. ഇന്ത്യയിൽ 1991-ൽ ഈ വിജ്ഞാപനം ആദ്യം നിലവിൽ വന്നു. ഇന്ത്യയിലെ തീരദേശ പ്രദേശത്ത്, ഈ വിജ്ഞാപനം ബാധകമായ സ്ഥലങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പിന്നീട് പല കോടതി വിധികളിലൂടെയും CRZ വിജ്ഞാപനം തീരദേശം ആകെ കർശനമായി നടപ്പാക്കണമെന്ന് ഉത്തരവുകൾ ഉണ്ടായി. (സുപ്രിം കോടതി റിട്ട് ഹർജി 664/ 1993).

പിന്നീട് തീരദേശ മേഖലകളുടെ വികസനത്തിലും സംരക്ഷണത്തിനുമായി പുറത്തിറക്കിയ ഈ വിജ്ഞാപനം പ്രയോഗിക തലത്തിൽ ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പഠനം നടത്താൻ പ്രൊഫസർ. എം എസ്. സ്വാമിനാഥൻ കമ്മറ്റിയെ ചുമതലപ്പെടുത്തി. മുൻകാലങ്ങളിൽ രൂപീകൃതമായിരുന്ന വിവിധ സമിതികളുടെ നിരീക്ഷണങ്ങൾ, കോടതി ഉത്തരവുകൾ, തല്പരകക്ഷികളിൽ നിന്നുള്ള നിവേദനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2005 ഫെബ്രുവരിയിൽ കമ്മീഷൻ കേന്ദ്രസർക്കാറിന് റിപ്പോർട്ട് സമർപ്പിച്ചു. പിന്നീട് CMZ (Costal Management Zone) -എന്ന പേരിൽ മറ്റൊരു കരട് വിജ്ഞാപനം പുറത്തിറക്കി. എന്നാൽ അത് നിയമപ്രകാരം കാലഹരണപ്പെട്ട് പോവുകയും 1991-ലെ വിജ്ഞാപനം ശക്തിപ്പെടുത്താൻ ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് (നിലവിലെ)തീരദേശ നിയന്ത്രണ വിജ്ഞാപനം 2011 പുറപ്പെടുവിച്ചു. അതു പ്രകാരം കേരളത്തിലെ എല്ലാ ദ്വീപുകളും തീരപ്രദേശങ്ങളും നിയന്ത്രണരേഖക്ക് ഉള്ളിലായി. വേലിയേറ്റവും വേലിയിറക്കവും ബാധിക്കുന്ന ചെറിയ കൈത്തോടുകൾ പോലും ഇതിന്റെ പരിധിയിൽ വന്നു. നിയന്ത്രണപ്രദേശങ്ങളെ CRZ I, CRZ II, CRZ III, CRZ IV എന്നിങ്ങനെ നാല് ആയി തരം തിരിച്ചിരിക്കുന്നു. CRZ V mw ഭാഗത്തിൽ പ്രത്യക പരിഗണന അർഹിക്കുന്ന മേഖലകളുടെ കൂട്ടത്തിൽ ഗ്രേറ്റർ മുബൈ, കേരളം, ഗോവ, എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി.

പിന്നീട് 2019 ജനുവരിയിൽ വീണ്ടും പുതിയ വിജ്ഞാപനം പുറത്തിറക്കി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ അയവുകൾ നല്കി, ടൂറിസത്തിന് കൂടുതൽ പ്രാധാനം നല്കിയാണ് പുതിയ വിജ്ഞാപനം തയ്യാറാക്കിയത്. ശൈലേഷ് നായക് കമ്മിറ്റി റിപ്പോർട്ട് ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഈ വിജ്ഞാപനം വന്നത്. എന്നാൽ ഇതു സംബന്ധിച്ച തീരപരിപാലന പ്ലാൻ തയ്യാറാകാത്തതുകൊണ്ട് ഇപ്പോഴും 2011 ലെ വിജ്ഞാപനം തന്നെയാണ് നിലവിലുള്ളത്. 2020 അവസാനത്തോടുകൂടി പ്ലാൻ തയ്യാറാകും എന്നാണ് അനുമാനിക്കുന്നത്.

## CRZ എന്തിന് ?

ഇന്ത്യയിലെ തീരദേശപ്രദേശങ്ങളുടെ സുസ്ഥിര വികസനവും സുരക്ഷയും സംരക്ഷണവും ലക്ഷ്യമാക്കിയാണ് CRZ നിലവിൽ വന്നത്. വിരോധാഭാസം എന്ന് പറയട്ടെ തിരദേശവാസികളുടെ തൊഴിൽ സുരക്ഷയ്ക്കും, പ്രദേശത്ത് വികസനം ശാസ്ത്രീയമായ രിതിയിൽ സാദ്ധ്യമാകുന്നതിനും ലക്ഷ്യം വച്ച് കൂടിയാണ് വിജ്ഞാപനം നിലവിൽ വന്നതെങ്കിലും ഒരു ചെറിയ ഭവനം പോലും പണിയാനാകാത്ത സ്ഥിതിയാണ് ഫലത്തിൽ. പ്രകൃതി ദുരന്തങ്ങൾ തീരദേശവാസികളെ ബാധിക്കാതിരിക്കാനും ആഗോള

താപനില ഉയരുന്നതനുസരിച്ച് കടലിലെ ജലനിരപ്പ് ഉയരുന്നതു കാരണമുണ്ടാകാവുന്ന ദുരന്തങ്ങളുമൊക്കെ കണക്കിലെടുത്താണ് വിജ്ഞാപനം വന്നത്. എന്നാൽ കേരളത്തിലെ ദ്വീപുകളിൽ ഇത് നടപ്പിലാക്കിയതു കൊണ്ട് എന്ത് സുരക്ഷാ ഭീഷണിയാണ് ഉണ്ടാകുന്നതെന്നും ദീപുകളിൽ എന്ത് പ്രകൃതി ദുരന്തമാണ് പ്രതീക്ഷിക്കേണ്ടതെന്നുമാണ് ഉയരുന്ന ചോദ്യം. ഇന്ത്യയിലെ മുഴുവൻ തീരപ്രദേശത്തെയും ഒരേ അളവുകോലിൽ കണക്കാക്കിയാണ് ഇത്തരം നിയന്ത്രണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

### തീരദേശ നിയന്ത്രണം കേരളത്തിൽ

കേരളത്തിലെ മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങൾ CRZ II ലും പഞ്ചായത്ത് പ്രദേശങ്ങൾ CRZ III- ലും ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കനുസൃതമായി അല്ല CRZ തരം തിരിക്കേണ്ടതല്ലെങ്കിലും കേരളത്തിൽ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. CRZ II-ൽ ഉൾപ്പെടുന്ന പ്രദേശത്ത് നിലവിലുള്ള റോഡിന്റെയോ, നിർദ്ദിഷ്ട റോഡിന്റെയോ കരഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്. അതോടൊപ്പം നിയമപ്രകാരം നമ്പർ ലഭിച്ചിട്ടുള്ള കെട്ടിങ്ങളുടെ നർമ്മാണ രേഖയിൽ നിന്ന് കരഭാഗത്തേക്കും പണിയാം. എന്നാൽ CRZ III-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത്, കടൽ തീരത്തു നിന്നും 200 മീറ്ററും, പുഴ മുതലായവയിൽ നിന്ന് 100 മീറ്ററും അകലത്തിൽ വേണം നിർമ്മാണങ്ങൾ നടത്താൻ.

എന്നാൽ കേരളത്തിൽ ബാക്ക് വാട്ടർ (കായൽ) ദീപുകളിൽ നിയന്ത്രണ രേഖകളിൽ നിന്നും (കൈതോട്, പൊക്കാളിപ്പാടം, കായൽ, പുഴ) 50 മീറ്റർ അകലം വിട്ട് തദ്ദേശവാസികൾക്ക് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താം. ഇതാണ് കേരളത്തിന് നല്കിയിട്ടുള്ള ആകെ ആനുകൂല്യം. കേരളത്തിന് നല്കിയിട്ടുള്ള പ്രത്യേക പരിഗണന ഉൾക്കൊള്ളുന്ന CRZ V -ൽ ഉൾപ്പെടുത്തിയാണ് 50 മീറ്ററിന്റെ ഇളവ് നല്കിയിരിക്കുന്നത്.

### 2019 വിജ്ഞാപനപ്രകാരം അനുവദനീയമായ പ്രവർത്തനങ്ങൾ

സി.ആർ.ഇസഡ് -2-ൽ പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി അംഗീകൃത കെട്ടിടത്തിന്റെയോ, നിർദ്ദിഷ്ട റോഡിന്റെയോ കരഭാഗത്തേക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആകാം. അതേസമയം അതല്ലാത്ത ഘട്ടങ്ങളിലും, നിലവിലുള്ള സ്കയർ ഫീറ്റിൽ മാറ്റം വരുത്താതെ പുനർനിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും തടസ്സമില്ല. സി.ആർ. ഇസഡ് 3-ൽ ചതുരശ്ര കലേമീറ്ററിൽ 2161 -ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ എ വിഭാഗത്തിലും കുറവ് ജനസംഖ്യയുള്ളവയെ ബി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. എ വിഭാഗത്തിൽ 50 മീറ്ററായി വികസന നിരോധന മേഖല കുറവ് വരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തദ്ദേശവാസികൾക്ക് അവരുടെ വീടുകൾ ഹോംസ്റ്റേകൾ ആക്കി മാറ്റി ഉപയോഗിക്കുന്നതിന് സി.ആർ.ഇസഡ് 3-ൽ അനുവാദം നല്കുന്നുണ്ട്. എടുത്തുപറയത്തക്ക വസ്തുത, തീരനിയന്ത്രണ മേഖല 3-ൽ ദേശീയ ഹൈവേകളും സംസ്ഥാന ഹൈവേകളും കടന്നുപോകുന്ന സ്ഥലങ്ങളിൽ പ്രസ്തുത റോഡിന്റെ കരഭാഗത്തേക്ക് റിസോർട്ടുകളും ഹോട്ടലുകളും അനുബന്ധ ടൂറിസം നിർമ്മാണങ്ങളും അനുവദനീയമാണ്. അതേസമയം ഭവനനിർമ്മാണങ്ങൾ അവിടെ അനുവദനീയമെന്ന് പറഞ്ഞിട്ടില്ല.

### കായൽദ്വീപുകൾക്ക് 20 മീറ്റർ പരിധി

ഉൾദ്വീപുകളുടെ പ്രത്യേകത പരിഗണിച്ച് 20 മീറ്ററായി നിയന്ത്രണമേഖല ചുരുക്കിയിട്ടുണ്ട്. വേലിയേറ്റരേഖകളിൽ നിന്ന് കരഭാഗത്തേക്ക് 20 മീറ്ററാണ് നിയന്ത്രണമേഖലയായി കണക്കാക്കുന്നത്. അതേസമയം 20 മീറ്ററിനുള്ളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളും, കേടുപാടുതീർക്കലും ആകാവുന്നതാണ്. കടലും കായലും രണ്ടായി തന്നെ കണ്ടുവേണം ഈ വിജ്ഞാപനത്തിന്റ നിയന്ത്രണങ്ങൾ വിലയിരുത്താൻ. മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന കടൽ പ്രദേശത്ത് പുറമെ നിന്നുള്ള നിർമ്മാണങ്ങൾ പാടില്ലയെന്നും ഫോറസ്റ്റ് നിയമത്തിൽ ഉള്ളതുപോലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷിത്വം ഉറപ്പാക്കണമെന്നും ആവശ്യ മുണ്ടായിരുന്നു.

### നിലവിലെ അവസ്ഥ

നിലവിൽ ഇപ്പോഴും 2011 ലെ വിജ്ഞാപന പ്രകാരമാണ് നടപടികൾ നടക്കുന്നത്. അതു പ്രകാരമാണ് മരട് ഫ്ളാറ്റുകളുടെ കേസിൽ സുപ്രീം കോടതിയുടെ അന്തിമ വിധി വന്നത്. ഫ്ളാറ്റുകൾ പൊളിക്കുന്നതിൽ മാത്രം ഒതുങ്ങിയില്ല അത്. നിയമലംഘനം ഉള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ നല്കാനാണ് ഉത്തരവ് അതു പ്രകാരം തീരദേശത്തെ പത്ത് ജില്ലകളിൽ 26,330 കെട്ടിടങ്ങളാണ് കണ്ടെത്തിയത്.



തിരുവനന്തപുരം 3535, കൊല്ലം 4868, ആലപ്പുഴ 4536, എറണാകുളം 4239, കോട്ടയം 147, തൃശൂർ 852, മലപ്പുറം 731, കോഴിക്കോട് 3848, കാസർകോട് 1379, കണ്ണൂർ 2195 എന്നിങ്ങനെയാണ് ഒരോ ജില്ലയിലും തീരദേശ പരിപാലന വിജ്ഞാപനം ലംഘിച്ച കെട്ടിടങ്ങളുടെ കണക്ക്. അതിൽ ഭൂരിഭാഗവും തദ്ദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ഭവനങ്ങൾ ആണ് എന്നാണ് നിഗമനം. യഥാർത്ഥത്തിൽ ആക്ഷേപം നല്കുന്നതിന് വളരെ ചുരുങ്ങിയ സമയം മാത്രമാണ് ഉണ്ടായിരുന്നത്. മാത്രമല്ല തങ്ങളുടെ വീട് പട്ടികയിൽ ഉൾപ്പെട്ട വിവരം അറിയാത്തവരും അനേകമുണ്ട്.

ഈ ആശങ്ക നിലനില്ക്കെ 2020 മാർച്ച് മാസത്തിൽ കേരള തീരപരിപാലന അതോറിറ്റി പുറത്തിറക്കിയ ഉത്തരവ് പ്രകാരം 2020 ഫെബ്രുവരി 26 വരെ നിർമ്മിച്ചിട്ടുള്ള അനുവദനീയമായ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാനുള്ള അപേക്ഷ വൈകിയും സ്വീകരിക്കാൻ സാഹചര്യമൊരുക്കി. അതുപ്രകാരം നിരവധി അപേക്ഷകൾ ജില്ലാ കളക്ടർക്കുമുന്നിൽ അപേക്ഷ നല്കി കാത്തിരിക്കുക യാണ് നിരവധി തീരവാസികൾ.

അനുവദനീയമായ പുനർനിർമ്മാണങ്ങൾക്ക് ശരിയായ രീതിയിൽ പെർമിറ്റ് അപേക്ഷ നല്കാതിരുന്നതിനാൽ നമ്പർ കിട്ടാതിരുന്നവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. ജലാശയങ്ങളെ സംബന്ധിച്ചാണെങ്കിൽ ജലാശയങ്ങളുടെ വീതി അല്ലെങ്കിൽ 100 മീറ്റർ ഇവയിൽ ഏതാണ് കുറവ് അത്രയും ഭാഗം മാത്രമാണ് നിയന്ത്രണം മേഖല. അതുപോലെ കായൽ ദ്വീപുകളിൽ 50 മീറ്റർ മാത്രമാണ് ആണ് നിയന്ത്രണ മേഖല. അതിനു പുറത്തു വരുന്ന വീടുകളും ഇതിൽനിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്. കടലിൽ നിന്നും 100 മീറ്ററിലും 200 മീറ്ററിലും ഇടയ്ക്കുള്ള നിയന്ത്രണ മേഖലയിൽ വീട് ഉള്ളവർക്ക് 2011 ലെ തീര നിയന്ത്രണ വിജ്ഞാപനത്തിലെ 8(III) A (ii) ഖണ്ഡിക പ്രകാരം തീര സമൂഹങ്ങൾക്ക് വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററിലും 200 മീറ്ററിലും ഇടയിലുള്ള സ്ഥലത്ത് വീട് നിർമ്മിക്കാനുള്ള സർക്കാർ പദ്ധതിയുടെ ഭാഗമാക്കി മാറ്റണമെന്ന് ആവശ്യപ്പെടാം. (നിലവിൽ കേരള സംസ്ഥാനത്ത് അത്തരം ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടില്ല)

# ആവശ്യം വന്നാൽ കത്തോലിക്കാസഭയുടെ ആശുപത്രികൾ വിട്ടുനല്കും: കെസിബിസി

കോവിഡ്-19 ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾക്കു കെസിബിസി പ്രസിഡന്റ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിന്തുണ അറിയിച്ചു. സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക് ഡൗണിനോടും ലോക്ക് ഡൗണിൽ കഴിയുന്നവരിൽ രോഗബാധയുണ്ടായാൽ അതു കണ്ടെത്തി ആവശ്യ മായ തുടർനടപടികളെടുക്കാൻ സർക്കാർ നടത്തുന്ന പരിശ്രമങ്ങളോടും സഹകരി ക്കാൻ സഭ സന്നദ്ധമാണ്. കത്തോലിക്കാ സഭയുടെ ഉടമസ്ഥതയിലുള്ള ആശുപത്രി കളുടെ സേവനം ഈ അടിയന്തരസാഹചര്യത്തിൽ, വേണ്ടിവന്നാൽ വിട്ടുനല്കാനും തയ്യാറാണ്. ഇതു സംബന്ധിച്ച് കെസിബിസി പ്രസിഡന്റ് മുഖ്യമന്ത്രിയുമായി ടെലി ഫോണിൽ സംഭാഷണം നടത്തി.

മുഖ്യമന്ത്രിയും സംസ്ഥാന ആരോഗ്യവകുപ്പും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്കനു സരിച്ച് കത്തോലിക്കാ സഭയിലെ ദൈവാലയങ്ങളിൽ ആരാധന കർമ്മങ്ങൾക്ക് എല്ലാ വിധനിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. തുടർന്നും സർക്കാരിന്റെ നിർദ്ദേശ ങ്ങളോട് സഭ പൂർണ്ണമായി സഹകരിക്കുന്നതാണ്.

ഈ മഹാവിപത്തിനെ നേരിടുന്നത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ സഭ പ്രാർത്ഥനാപൂർവ്വം പിന്തുണയ്ക്കുന്നു. സർക്കാരുമായി സഹകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കെസിബിസി ഹെൽത്ത് കമ്മീഷന്റെയും കേരളസോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും സംയുക്തകമ്മറ്റിക്ക് രൂപം നല്കിയിട്ടുണ്ട്. **(24/3/2020)**



# മതങ്ങൾ വിമർശന വിധേയമാകുമ്പോൾ



**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡയറക്ടർ, പി.ഒ.സി.

മലയാള സിനിമയിൽ ക്രിസ്തുമതം ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും തുടർച്ചയായി വിധേയമാകുന്നതായി അടുത്തിടെ ചിലർ ആശങ്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇത്തരം ചലച്ചിത്ര സംരംഭങ്ങൾക്കു പിന്നിൽ ഗൂഢലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ചില സംഘടനകളും പ്രസ്ഥാനങ്ങളുമുണ്ട് എന്ന ആരോപണവും കേൾക്കാനിടയായി.

"ക്രിസ്തുവിന്റെപേരിൽ നടത്തുന്ന തട്ടിപ്പുകൾ എങ്ങനെയാണ് ആഗോളതലത്തിൽത്തന്നെ പടരുന്നത് എന്ന അന്വേഷണവും അത് വലിയൊരു ദുരന്തമായി മാറുന്നത് എങ്ങനെയെന്ന് കാട്ടിത്തരുകയുമാണ്" ഇത്തരം സിനിമകൾ ചെയ്യുന്നതെന്ന് 'മാധ്യമം' ആഴ്ചപ്പതിപ്പിൽ (9.3.2020) വന്ന 'ട്രാൻസ്' സിനിമയുടെ ആസ്വാദനം അവകാശപ്പെടുന്നു. "മതം അതിന്റെ ആധ്യാത്മിക തലത്തെ പൂർണമായും ഉപേക്ഷിക്കുകയും മുതലാളിത്ത ലോകത്തിന്റെ എല്ലാത്തരം ബീഭത്സതകളെയും എങ്ങനെയാണ് സ്വീകരിക്കുന്നത് എന്ന് സൂക്ഷ്മമായി പരിശോധിക്കുകയുമാണ്" ഈ സിനിമ ചെയ്യുന്നത് എന്നും പ്രസ്തുത ലേഖനം അവകാശപ്പെടുന്നു.




മേല്പറഞ്ഞ നിരീക്ഷണം ആഗോളതലത്തിൽ നടക്കുന്ന മതഭീകരതയെക്കുറിച്ചോ മതത്തിന്റെപേരിൽ നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചോ ഫാസിസ്റ്റു പ്രവണതകളെക്കുറിച്ചോ ഉള്ളതല്ല, ആധ്യാത്മിക രംഗത്തെ ചില നൂതന പ്രവണതകളെക്കുറിച്ചാണ്! അതും, ക്രിസ്തുമതത്തിലെ ചില തീവ്ര ആധ്യാത്മിക അനുഭവങ്ങൾക്കുപിന്നിലെ കാപട്യത്തെക്കുറിച്ചാണ്!

## വിമർശനത്തിലെ വൈരുധ്യം

ക്രിസ്തുമതം വിമർശനങ്ങളെ ഭയക്കുകയോ അതിൽനിന്നു ഓടിമാറുകയോ വിമർശനങ്ങളോട് അസഹിഷ്ണുതയോടെ പെരുമാറുകയോ അക്രമം കാണിക്കുകയോ ചെയ്യുന്നതായി സമീപകാല ചരിത്രങ്ങളൊന്നും സാക്ഷ്യപ്പെടുത്തുന്നില്ല. നേരേമറിച്ച് കലയിലും സാഹിത്യത്തിലും അക്കാദമിക രംഗങ്ങളിലുമെല്ലാം നടന്നിട്ടുള്ള മത വിമർശനങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച ചരിത്രമാണ് അതിനുള്ളത്. അങ്ങനെയല്ലാതിരുന്ന മതരാഷ്ട്രീയത്തിന്റെ ഒരു ഇരുണ്ടകാലവും അതിനുണ്ട് എന്നതു ശരിയാണ്. എന്നാൽ ചരിത്രത്തെ അത്തരം പടയോട്ടങ്ങളുടെ ഇരുണ്ട യുഗങ്ങളുടെ ചരിത്രവഴികളിൽ ബന്ധിച്ചിടാൻ യാതൊരു ശ്രമവും ക്രൈസ്തവ സഭകൾ നടത്തുന്നില്ല.

വിമർശനങ്ങൾ മാത്രമല്ല, പീഡനങ്ങളും വേട്ടയാടലുകളും അനുഭവിച്ചും അതിജീവിച്ചുമാണ് ക്രിസ്തു വിശ്വാസികൾ ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ കഴിയുന്നത്. ഇത്തരം വേട്ടയാടലുകൾ നടക്കുന്ന മത രാഷ്ട്ര-രാഷ്ട്രീയ പശ്ചാത്തലങ്ങൾ ഏതൊക്കെയെന്നു വളരെ വ്യക്തവും സുവിദിതവുമാണ്. എന്നാൽ, അത്തരം പശ്ചാത്തലങ്ങളെ വിമർശനപരമായി സമീപിക്കുന്ന എന്തെങ്കിലും സൂചനകൾ താരതമ്യേന 'പുരോഗമനപരം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലയാള സിനിമയിൽ എവിടെയും കണ്ടിട്ടില്ല.

തൊണ്ണൂറുകളിൽ കേരളത്തിൽ നടന്ന ഒരു ഡസനിലേറെ പാതിരാ കൊലപാതകങ്ങളുടെയും ഇരുനൂറിലേറെ കൊലപാതക ശ്രമങ്ങളുടെയും പിന്നിൽ, ഒരു ഭക്ത സംഘടനയായി പകൽ കാണപ്പെടുകയും കൊലപാതക സംഘമായി രാത്രിയിൽ വേഷപ്പകർച്ച നടത്തുകയും ചെയ്ത, ഒരു മത സംഘടനയായിരുന്നു എന്ന് രഹസ്യാന്വേഷണ റിപ്പോർട്ടുകൾ ഉദ്ധരിച്ചു കൊണ്ട് മാധ്യമങ്ങളിൽ വന്ന വാർത്ത മലയാള സിനിമയിൽ ആരുടെയും ഭാവനയോ ജിജ്ഞാസയോ ഉണർത്തിയതായിക്കണ്ടില്ല. റിപ്പോർട്ടിലെ വിശദാംശങ്ങൾ കൂടുതൽ ഉദ്വേഗജനകവും കഴിഞ്ഞ കാൽ നൂറ്റാണ്ടു കേരളത്തിൽ സംഭവിച്ച മത തീവ്രവാദ പരമായ സാമൂഹ്യ മാറ്റങ്ങളുടെ കാണാപ്പുറങ്ങൾ വെളിപ്പെടുത്തുന്നതുമാണെങ്കിലും, അതാരും അറിഞ്ഞതായിപ്പോലും നടിക്കുന്നില്ല...

അത്തരം കൊലപാതകങ്ങളുടെ പശ്ചാത്തലം പരിശോധിച്ചാൽ, ഇന്ന് സമൂഹം 'തെളിവില്ല' എന്നു പറഞ്ഞൊഴിയുന്ന ചില പ്രതിഭാസങ്ങളുടെ മറ്റൊരു മുഖവും കാണാൻ കഴിയുമെന്നാണ് അറിവുള്ളവർ പറയുന്നത്. അതങ്ങനെയിരിക്കട്ടെ!

## സംസ്കാരങ്ങളും മതങ്ങളും

മനുഷ്യ വർഗ്ഗത്തിന്റെ സാമൂഹ്യ പരിണാമ പ്രക്രിയയിൽ മതങ്ങൾക്കും മത മൂല്യങ്ങൾക്കും ജീവിത രീതികൾക്കും ചെറുതല്ലാത്ത പങ്കുണ്ട്. മതങ്ങൾക്ക് പൊതുവെ, ദൈവിക വെളിപാടിന്റെയും ദൈവ-മനുഷ്യ ബന്ധങ്ങളുടേതുമായ ഒരു തലവും മനുഷ്യനും മറ്റു മനുഷ്യരും തമ്മിലുള്ള, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുന്ന മറ്റൊരു തലവുമുണ്ട്. ഒരാളുടെയോ ഒരുകൂട്ടം ആളുകളുടെയോ ദൈവാനുഭവത്തെ ആവിഷ്കരിക്കുന്ന ആഖ്യാനങ്ങളും അതിനെ പിൻപറ്റുന്ന ഒരു അനുയായി വൃന്ദവുമുണ്ടാകുമ്പോഴാണ് ഒരു മതത്തിനു നാന്ദിയാവുന്നത്.

മനുഷ്യന്റെ ദൈവസങ്കല്പങ്ങൾ അതിവിപുലവും വൈചിത്ര്യങ്ങൾ നിറഞ്ഞതുമാണ്. പ്രകൃതിയിലെ വസ്തുക്കളെ മുതൽ പ്രകൃതി ശക്തികളെയും, പ്രകൃതിയെത്തന്നെയും ദൈവമായി സങ്കല്പിക്കുന്ന ഏറ്റവും പ്രാകൃതമെന്നോ സ്വാഭാവികമെന്നോ വിളിക്കാവുന്ന പ്രാഥമിക തലം മുതൽ പ്രകൃതിയിൽ നിന്നും മനുഷ്യനിൽ നിന്നും അകന്നു സർവ്വാതിശായിയായി കഴിയുന്ന ദൈവം എന്ന അതിസ്വഭാവിക ദൈവസങ്കല്പം വരെ അതിൽപെടുന്നു.

മനുഷ്യനുമായി സമ്പർക്കം പുലർത്തുകയും മനുഷ്യനൊപ്പം പ്രത്യേക രീതികളിൽ സഹവസിക്കുകയും ചെയ്യുന്ന ദൈവം എന്ന സങ്കൽപ്പമാണ് ബൈബിളിൽ പഴയ നിയമത്തിലുള്ളത്. ദൈവ മനുഷ്യ സംഭാഷണവും സഹവാസവും ഉണ്ടായിരിക്കുകയും ഒപ്പം സർവ്വാതിശായിയായിരിക്കുകയും ചെയ്യുന്ന ദൈവം എന്ന അനുഭവ തലത്തിലാണ് ക്രൈസ്തവ ദൈവ സങ്കൽപ്പവും ദൈവാനുഭവവും നില കൊള്ളുന്നത്. മനുഷ്യന്റെ എല്ലാ മത ഭാവങ്ങളെയും ഒരളവുവരെ അത് ഉൾക്കൊള്ളുകയും ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അത് തികച്ചും വ്യതിരിക്തവുമാണ്.

'ഏകത്വം' – 'ബഹുത്വം' എന്നീ സങ്കല്പങ്ങളിൽ ഒന്നിൽ ഊന്നിയാണ് എല്ലാ മതങ്ങളിലെയും ദൈവ സങ്കല്പം. 'നാനാത്വത്തിൽ (ബഹുത്വത്തിൽ) ഏകത്വം' ദർശിക്കുന്നതാണ് ഭാരതീയ മതങ്ങളുടെ ആധ്യാത്മിക അന്തർധാര. 'ഏകത്വത്തിൽ ബഹുത്വം' എന്ന കൂട്ടായ്മയുടെ ത്രിത്വയ്ക ദർശനമാണ് ക്രൈസ്തവ ആധ്യാത്മികതയുടെ അടിസ്ഥാനം. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ പിതാവും മക്കളും എന്ന ബന്ധം ക്രിസ്തുവിലൂടെ അനുഭവിക്കുന്നവരാണ് ക്രൈസ്തവർ. അതിനാൽത്തന്നെ, ക്രൈസ്തവ ആത്മീയത പ്രാപഞ്ചികവും ഒപ്പം അതിസ്വാഭാവികവുമാണ്.

ഒരു പ്രത്യേക ദൈവാനുഭവത്തിന്റെ പ്രാരംഭ ദശയിലെ അനുയായി വൃന്ദങ്ങളിൽ രൂപംകൊള്ളുന്ന ദൈവാനുഭവ ആഖ്യാനങ്ങളും ആരാധനാ രീതികളും ആചാര അനുഷ്ഠാനങ്ങളും അവരുടെ ജീവിത പരിസരവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഇത്തരം പ്രാഥമിക സമൂഹങ്ങളുടെ വിശ്വാസങ്ങളും ജീവിതചര്യകളും ക്രോഡീകരിച്ചും അതിലുൾച്ചേർന്നിരിക്കുന്ന ദൈവാനുഭവത്തെ വ്യാഖ്യാനിച്ചും വികസിപ്പിക്കുന്നതിലൂടെയാണ് മതം എക്കാലത്തേക്കുമുള്ള ജീവിത മാർഗദർശക സ്വഭാവം കൈവരിക്കുന്നത്.

മതത്തെ സംബന്ധിച്ച്, അതിന്റെ മതഗ്രന്ഥങ്ങളും അനുയായിവൃന്ദവും അടിസ്ഥാന സമൂഹവും സാമൂഹ്യ ഘടനയും രൂപംകൊള്ളുന്ന പ്രാരംഭ ദശകങ്ങളും നൂറ്റാണ്ടുകളും നിർണായകമാണ്. ദൈവാനുഭവത്തോടൊപ്പം, മതസ്ഥാപകന്റെയും അനുയായികളു

ടെയും ജീവിതരീതിയും സാംസ്കാരിക പശ്ചാത്തലവും മതഗ്രന്ഥങ്ങളുടെയും അതുയർത്തിപ്പിടിക്കുന്ന മൂല്യങ്ങളുടെയും സ്വഭാവം നിർണയിക്കും. അത് വരും തലമുറകളെ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനിക്കുകയും ചെയ്യും.

## സ്നേഹസംസ്കാര ദർശനം

ക്രൈസ്തവസഭയുടെ ആദ്യ നൂറ്റാണ്ടുകൾ പീഡനത്തിന്റെയും ഞെരുക്കത്തിന്റെയും നാളുകളായിരുന്നു. ക്രിസ്തുവിന്റെ സുവിശേഷമാകട്ടെ, സഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കുള്ള പ്രത്യാശയുടെ സദ്വാർത്തയായിരുന്നു. അതിനാൽത്തന്നെ, മതരാഷ്ട്ര സങ്കല്പവും അക്രമത്തെ മഹത്വവത്കരിക്കുന്ന മൂല്യസങ്കല്പങ്ങളും അതിന് അന്യമായിരുന്നു. ഓരോ വിശ്വാസിയും കീഴടക്കേണ്ടിയിരുന്നത് അവനവനിലെത്തന്നെ അക്രമത്തിന്റെയും നുണയുടെയും ആദിരൂപത്തെയായിരുന്നു. സഹനവും പരസ്നേഹവുമായിരുന്നു അതിനുള്ള മാർഗം. അപരനെ നരകമായിട്ടല്ല, ജീവിത തീർത്ഥാടനത്തിലെ സഹയാത്രികനും സഹോ



ദരനുമായിട്ടാണ് സുവിശേഷം ചിത്രീകരിക്കുന്നത്.

'ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ മഴ പെയ്യിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ സൂര്യനുദിപ്പിക്കുകയും ചെയ്യുന്ന' കാരുണ്യവാനായിരുന്നു പിതാവെന്നു വിളിച്ച് യേശു ശിഷ്യ ഗണത്തിനു പരിചയപ്പെടുത്തിയ ദൈവം. 'അയൽക്കാരനെ സ്നേഹിക്കുക; ശത്രുവിനെ ദ്വേഷിക്കുക' എന്ന പഴയ പ്രമാണത്തിനു പിന്നെ പ്രസക്തിയുണ്ടായിരുന്നില്ല. ശത്രുവിനെ സ്നേഹിക്കുകയും ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുകയും വേണമെന്നാണ് യേശു ശിഷ്യരെ ഉത്ബോധിപ്പിച്ചത്.

യേശുവിന്റെ വെളിച്ചത്തിൽ, സകല നീതിയും പൂർത്തിയാക്കുന്ന ദൈവമക്കളുടെ സ്വാതന്ത്ര്യമാണ് എല്ലാ സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാന ശില! ഒരേ അപ്പന്റെ ഛായ ആത്മാവിൽ പേറുന്നവർ എന്ന ബോധ്യമാണ് എല്ലാ സമത്വ ദർശനത്തിനും നിദാനമായി വർത്തിക്കുന്നത്! ഒരേ പിതാവിന്റെ മക്കൾ എന്ന തിരിച്ചറിവാണ് എല്ലാ സാഹോദര്യ സങ്കല്പത്തെയും ഉദാത്തമാക്കുന്നത്! ഈ തിരിച്ചറിവിൽ നിന്നാണ് 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന ആധുനികതയുടെ വിപ്ലവ ദർശനം ഉരുവായത്! ക്രൈസ്തവർ ഈ സാമൂഹ്യ ദർശനത്തിൽനിന്നും അകന്നുപോയിട്ടുണ്ടെങ്കിൽ, തീർച്ചയായും വിമർശിക്കണം. ക്രൈസ്തവികതയെയും ക്രിസ്ത്യാനിയുടെ ജീവിതത്തെയും ഇന്നത്തെ സമൂഹം എങ്ങനെ കാണുന്നു എന്നറിയാൻ തീർച്ചയായും താല്പര്യമുണ്ട്. കലാകാരന്റെ സർഗാത്മകതയ്ക്കു പിന്നിൽ മറ്റു കാണാച്ചരടുകൾ ഇല്ലാത്തിടത്തോളം, അതിന്റെ ഉദ്ദേശ്യശുദ്ധിയെ ആരും സംശയിക്കുകയുമില്ല.

## ചരിത്രം വെളിപ്പെടുത്തുന്ന ആന്തരികബലം

ഒരുകാര്യം വ്യക്തമാക്കാം. സത്യസന്ധമായ വിമർശനങ്ങളിൽനിന്നും ശാസ്ത്രീയമായ പരിശോധനകളിൽ നിന്നും ചരിത്രപരമായ വിശകലനങ്ങളിൽനിന്നും ക്രൈസ്തവസഭകൾ ഒന്നും മറച്ചുവച്ചിട്ടില്ല. ശാസ്ത്രത്തിന്റെ വളർച്ചയും സഭയുടെ ആധുനികവൽക്കരണവുമെല്ലാം ഇത്തരം പരസ്പര വിമർശനത്തിലൂടെയും ശാസ്ത്രീയ പരിശോധനകളിലൂടെയും സ്വയം നവീകരണത്തിലൂടെയുമാണ് സംഭവിച്ചിട്ടുള്ളത്.

മുൻപ് 'ക്രിസ്ത്യൻ' രാജ്യങ്ങളായി അറിയപ്പെട്ടിരുന്ന സമൂഹങ്ങളിലാണ് മതാധിഷ്ഠിത സമൂഹങ്ങളിൽ നിന്നു സ്വതന്ത്ര ജനാധിപത്യ റിപ്പബ്ലിക്കുകളിലേക്കുള്ള ആധുനിക സമൂഹത്തിന്റെ പ്രയാണം സംഭവിച്ചിട്ടുള്ളത് എന്ന് ചരിത്രം പഠിക്കുന്നവർക്കറിയാം. മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവിലേക്കു പാശ്ചാത്യ സമൂഹത്തെ നയിച്ചതും സ്വതന്ത്ര ജനാധിപത്യ പരമാധികാര രാജ്യങ്ങളായി വളരാൻ അവയെ സഹായിച്ചതും ശാസ്ത്രീയമായ സ്വയം വിമർശനവും മതനിരാസത്തോളമെത്തുന്ന മതനിരപേക്ഷ ജനാധിപത്യ സങ്കല്പങ്ങളുമായിരുന്നു.

'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്നീ സുവിശേഷ ദർശനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടു തന്നെയാണ് മതാനുഷ്ഠാനങ്ങളെയും വിശ്വാസാചാരങ്ങളെയും ഫ്രഞ്ചുജനത വിമർശന വിധേയമാക്കിയത്. വിപ്ലവാത്മകമായ സാമൂഹ്യമാറ്റങ്ങൾ മതത്തെ സ്വയം വിമർശനത്തിനും നവീകരണത്തിനും പ്രേരിപ്പിച്ചു എന്നതും വസ്തുതയാണ്. മതം അതിന്റെ ആന്തരിക മൂല്യങ്ങളും ചൈതന്യവും കണ്ടെത്തുന്നതിനും മാറിയ ലോകത്തു നിരന്തരം സ്വയം നവീകരണത്തിന് വിധേയമാകുന്നതിനും, അടിസ്ഥാനപരമായ വിശ്വാസ ബോധ്യങ്ങളെയും സുവിശേഷ മൂല്യങ്ങളെയും

പുനർനിർവചിക്കുന്നതിനും ഈ പ്രക്രിയ സഹായകമായി.

ഇരുണ്ടയുഗമെന്നു ചരിത്രം വിളിക്കുന്ന മതരാഷ്ട്ര സമൂഹങ്ങളുടെ യുഗത്തിൽനിന്ന് ആധുനിക മതനിരപേക്ഷ ജനാധിപത്യ സ്വതന്ത്ര സമൂഹങ്ങളിലേക്കുള്ള ലോകത്തിന്റെ വളർച്ചയിൽ ക്രിസ്തീയതയ്ക്ക് അതിന്റേതായ ഒരു പങ്കുണ്ട്. അത്തരം വളർച്ചയെ ഉൾക്കൊള്ളാൻ മടികാട്ടിയവരും അതിനെ തിന്മയായി കരുതി തള്ളിക്കളഞ്ഞവരും ചരിത്രത്തിന്റെ വഴികളിൽ ഇന്നും തറഞ്ഞുനിൽക്കുന്നുമുണ്ട്. മതാന്ധതയുടെയും പടയോട്ടങ്ങളുടെയും ആ ഇരുണ്ട യുഗത്തിലേക്ക് ലോകത്തെ തിരികെ കൊണ്ടു പോകാനുള്ള ശ്രമങ്ങൾ പലയിടങ്ങളിലെന്നപോലെ ഇന്നാട്ടിലും ഇന്നു ശക്തമാണ് എന്നതു കാണാതിരുന്നുകൂടാ.

ക്രിസ്തീയതയുടെ ആന്തരിക ബലം സ്വയം വിമർശനത്തിനും നവീകരണത്തിനുമുള്ള അതിന്റെ തുറവിതന്നെയാണ്. പ്രകോപനപരമായ വിമർശനങ്ങളെപ്പോലും ക്രിയാത്മകമായി സമീപിക്കാൻ ക്രിസ്ത്യാനിയെ സഹായിക്കുന്നതും ഈ തുറവി തന്നെയാണ്. എന്നാൽ, ഈ മനോഭാവത്തെ അലംഭാവമോ ബലഹീനതയോ ആയി കരുതുന്നവർ സമൂഹത്തിൽ വളർന്നു വരുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## കാലികപ്രസക്തമായ മതവിമർശനം

മതരാഷ്ട്ര സ്വഭാവമുള്ള ഗോത്ര സമൂഹമായി രൂപം കൊള്ളുകയും തുടർന്നുള്ള ദശകങ്ങളും നൂറ്റാണ്ടുകളും യുദ്ധഭൂമിയിൽ ചെലവിടുകയും യുദ്ധം ഒരു ജീവിത രീതിയായി പരിണമിക്കുകയും ചെയ്ത ഗോത്ര സമൂഹങ്ങളുടെ ജീവിതവീക്ഷണത്തിലും ആദർശങ്ങളിലും കീഴടക്കലിന്റെ ഉന്മാദം ഒരു 'ഘർ വാപസി'ക്കുള്ള ആഹ്വാനം മുഴക്കി നില്ക്കുന്നുണ്ടാവാം. ശത്രുനിഗ്രഹം ധർമ്മമാണെന്നുപദേശിക്കുന്ന ധർമ്മശാസ്ത്രങ്ങളും നിലവിലുണ്ടാവാം.

സമകാലീന ഭാരതത്തിൽ, മതങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വവും വ്യത്യസ്ത സമൂഹങ്ങളുടെ സഹാസ്തിത്വവും കാംക്ഷിക്കുന്ന സർഗ്ഗധനരായ കലാകാരന്മാരും മത വിമർശകരും, മാറുന്ന കാലത്തിനനുസരിച്ചും കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും മതത്തിന്റെ ഹിംസാത്മക പ്രബോധനങ്ങളെപ്പോലും സമാധാനത്തിലേക്കുള്ള വാതിലുകളായി എങ്ങിനെ വ്യാഖ്യാനിക്കാം എന്നാണ് ആലോചിക്കേണ്ടത്. ദൈവികതയോളമെത്തുന്ന മാനവികതക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള അത്തരം പരിശ്രമങ്ങളാണ് ഈ കാലഘട്ടത്തിനാവശ്യം.

മനുഷ്യന്റെ മഹത്ത്വത്തെ ഉയർത്തിപ്പിടിക്കുകയും അക്രമമാർഗം വെടിയുകയും ചെയ്യാത്ത ഒന്നിനെയും ദൈവികമായോ മതാത്മകമായോ അംഗീകരിക്കാൻ കഴിയില്ല എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുമ്പോഴാണ് മതവിമർശനം കാലികപ്രസക്തവും സർഗാത്മകവുമാകുന്നത്. അക്രമം ഒരു ലഹരിയായി മാറുന്ന കാലത്തു ഹിംസയുടെ ഉന്മാദത്തിനെതിരേയാണ് സർഗാത്മകതയുടെ പടവാൾ ഉയരേണ്ടത്. മതരാഷ്ട്ര സ്ഥാപനത്തിനുവേണ്ടി വർഗീയതയെയും ഫാസിസ്റ്റു ശൈലികളെയും കൂട്ടുപിടിച്ചു കിടമത്സരം നടത്തുന്ന സമകാലിക ഇന്ത്യൻ സമൂഹത്തിൽ, മതവിമർശനം നടത്തുന്നവർക്കു കുറെക്കൂടി ഗൗരവമായി അതു ചെയ്യാൻ കഴിയണമായിരുന്നു എന്നുമാത്രം ചൂണ്ടിക്കാണിക്കട്ടെ.

ക്രിസ്തീയതയുടെ വാണിജ്യവൽക്കരണമാണ് മതത്തിന്റെ തീവ്രവാദവൽക്കരണത്തെക്കാൾ 'ബീഭത്സമായ ആഗോള പ്രശ്നം' എന്നൊക്കെ എഴുതിപ്പിടിപ്പിക്കുന്നവർ ഏതു ലോകത്തിരുന്നാണ് ജീവിതം കാണുന്നതെന്നാലോചിക്കേണ്ടതാണ്! ഒരു മാധ്യമവും നിഷ്പക്ഷമല്ല എന്നതുപോലെ, ഇത്തരം കാര്യങ്ങളിൽ 'മാധ്യമം' വാരികയും അത്ര നിഷ്പക്ഷമാണെന്നു കരുതാൻ വയ്യാ! മലയാള സിനിമയിലെ മതവിമർശനം ഏറിയപങ്കും ക്രിസ്തുമതവിമർശനവും അധിക്ഷേപങ്ങളുമായി മാറുന്നതിനുപിന്നിൽ, തീവ്രമത-രാഷ്ട്രീയമുള്ള ചില സംഘടനകളും പ്രസ്ഥാനങ്ങളുമുണ്ട് എന്ന ആരോപണവും പരിശോധിക്കപ്പെടേണ്ടതു തന്നെയാണ്.

**************

## കോവിഡ് ദുരിതാശ്വാസഫണ്ടിലേക്ക് കെസിബിസി സംഭാവന നല്കി

**കൊച്ചി:** കേരളത്തിലെ കത്തോലിക്കാ സഭയിലെ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നും കെസിബിസി സമാഹരിച്ച ഒരുകോടി മൂന്നുലക്ഷത്തി അൻപതിനായിരം (1,03,50,000.00) രൂപ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് സംഭാവന ചെയ്തു. ജില്ലാഭരണകൂടങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സാമ്പത്തികമായും മറ്റുവിധത്തിലും സഹകരിച്ചു പ്രവർത്തിക്കുന്നതിനു പുറമേയാണിത്. രൂപതകളും സന്ന്യാസസമൂഹങ്ങളും ഇടവകകളും സർക്കാരുമായി സഹകരിച്ചു നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ കെസിബിസി വിലയിരുത്തുകയും, തുടർപ്രവർത്തനങ്ങൾക്ക് മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യും. **(8/5/2020)**



# ക്രൈസ്തവവിശ്വാസവും ക്രിസ്ത്യൻ ട്രോൾസും: ഒരു വിശകലനം







**കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ**

**ആ**ക്ഷേപഹാസ്യത്തിന്റെ മാത്രമല്ല, ഹാസ്യത്തിന്റെയും ന്യൂജെൻ രൂപമാണ് ട്രോളുകൾ. നമുക്കിടയിൽ വായനയ്ക്ക് പ്രചാരം ലഭിച്ച ആദ്യകാലം മുതൽ ഹാസ്യ ആക്ഷേപഹാസ്യരചനകൾക്ക് അഭൂതപൂർവ്വമായ പ്രചാരവും സ്വാധീനശക്തിയുമുണ്ടായിരുന്നു. തമാശയിലൂടെ കാര്യംപറയുക എന്നത് ഒരു കലയാണ്. അതിന് ഒട്ടേറെ തലങ്ങളുണ്ട്. പൊള്ളയായ നർമ്മം മുതൽ, കുറിക്കുകൊള്ളുന്നതും വിപ്ലവകരവുമായ ആക്ഷേപഹാസ്യം വരെയുള്ള വിശാലമായ ഒരു മേഖല ഹാസ്യത്തിനുണ്ട്. രാഷ്ട്രീയം മുതൽ നിത്യജീവിത മുഹൂർത്തങ്ങൾ വരെ ഉൾക്കൊള്ളുന്ന എണ്ണമറ്റ വിഷയങ്ങൾ ഹാസ്യ കലാകാരന്മാർ വിഷയമായെടുത്തിട്ടുണ്ടെങ്കിലും, ആക്ഷേപഹാസ്യത്തിന്റെ പ്രഹരശേഷിയും സ്വാധീന ശക്തിയും പ്രസക്തിയും എക്കാലവും ഒന്നുവേറെ തന്നെയായിരുന്നു. മുമ്പ് സാഹിത്യരചനകളിലൂടെയും കാർട്ടൂണുകളിലൂടെയും പിറവികൊണ്ടിരുന്ന ആക്ഷേപഹാസ്യം സമൂഹമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിൽ സ്മാർട്ട് ഫോണുകളിൽ പിറവി കൊള്ളുംവിധം ലളിതവത്ക്കരിക്കപ്പെടുകയും നിമിഷനേരംകൊണ്ട് ലോകം മുഴുവൻ പ്രചരിക്കും വിധം വേഗതയാർജ്ജിക്കുകയും ചെയ്തത് ഒരു വഴിത്തിരിവായിരുന്നു.

വെറും തമാശ മാത്രം ലക്ഷ്യംവച്ച ട്രോളുകൾക്കു പുറമെ, ട്രോളുകൾ ഉപയോഗിച്ചുള്ള വ്യക്തിഹത്യകളും, രാഷ്ട്രീയവും മതപരവുമായ ആക്രമണങ്ങളും ആശയപ്രചാരണങ്ങളും, നിരുപദ്രവ കരവും നിഷ്കളങ്കവുമെന്ന് തോന്നിയേക്കാമെങ്കിലും ആശയങ്ങളെ ഉള്ളിലൊളിപ്പിച്ച ട്രോജൻ കുതിരകളെപ്പോലെയുള്ള നിഗൂഢമായ ട്രോളുകളും ഇന്ന് സർവ്വസാധാരണമാണ്. ട്രോളുകൾ പ്രചരിപ്പിക്കുന്നതിനായി സോഷ്യൽമീഡിയ കൂട്ടായ്മകളും കൂണുപോലെ മുളച്ചു. ഹാസ്യം ഇഷ്ടപ്പെട്ടിരുന്ന അനേകർ നിരവധി ട്രോൾ ഗ്രൂപ്പുകളുടെ ആരാധകരും സഹകാരികളുമായി മാറി.

വിഡിയോയും ചിത്രങ്ങളുമായി പ്രചരിച്ച ട്രോളുകളുടെ സാധ്യതകൾ തിരിച്ചറിഞ്ഞ ചിലർ അവയെ ക്രിയാത്മകമായും, തങ്ങളുടെ ലക്ഷ്യങ്ങൾക്ക് വേണ്ടിയും ഉപയോഗിക്കാൻ തുടങ്ങിയതിന്റെ ഫലമായാണ് രാഷ്ട്രീയ, മത, നിരീശ്വരവാദ സംഘടനകളുടെ നേതൃത്വത്തിൽ അവരുടെ തത്വശാസ്ത്രങ്ങൾ പ്രചരിപ്പിക്കാനും പ്രതിയോഗികളെ തേജോവധം ചെയ്യാനുമുതകുന്ന എണ്ണമറ്റ ട്രോളുകൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചു തുടങ്ങിയത്. ഹാസ്യമുണ്ടെന്നുവന്നാൽ വിഷയമെന്തായാലും അതിനെ ആസ്വദിക്കാൻ മനസ്സുള്ള ബഹുഭൂരിപക്ഷം വരുന്ന മലയാളികൾ എല്ലാത്തരം ട്രോളുകളെയും സ്വീകരിക്കുകയും, പരസ്പരം പങ്കുവയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ, ഒരു വശത്ത് ട്രോളുകളുടെ പേരിൽ എണ്ണമറ്റ അസ്വാരസ്യങ്ങൾ ഉടലെടുത്തുകൊണ്ടുമിരുന്നു.

കഴിഞ്ഞ ചില വർഷങ്ങൾക്കിടയിലെ ട്രോളുകളുടെ വിവിധ പരിണാമഘട്ടങ്ങൾ നിരീക്ഷിച്ചാൽ, ചില സംഘടിത ശക്തികളുടെ ഇടപെടൽ ഈ രംഗത്ത് ഉണ്ടാവുന്നുണ്ട് എന്നുള്ളത് വ്യക്തമാണ്. അതിന്റെ ഫലമായി സൂക്ഷ്മതലത്തിൽ മുതൽ പ്രത്യക്ഷമായ രീതിയിൽ വരെ ഈ സമൂഹത്തിൽ ചില ആശയങ്ങളുടെ സ്വാധീനം പ്രകടമാകുന്നുമുണ്ട്. ചില ബുദ്ധികേന്ദ്രങ്ങൾ ഈ രീതിയിൽ നമുക്കിടയിൽ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതിന് തെളിവുകൾ ധാരാളമുണ്ട്. മണിക്കൂറിൽ ആയിരങ്ങൾ പ്രതിഫലം പറ്റിക്കൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രഫഷണലുകൾ ധാരാളമുണ്ട് എന്നുകൂടി അറിയുമ്പോൾ ട്രോളുകൾ വെറും തമാശകളിയല്ല എന്ന് മനസ്സിലാകും.

ഈ പശ്ചാത്തലങ്ങളിലാണ്, കഴിഞ്ഞ കുറച്ചുകാലമായി സോഷ്യൽമീഡിയയിൽ തരംഗമായ ക്രിസ്ത്യൻ ട്രോൾസിനെക്കുറിച്ച് ചിന്തിക്കേണ്ടത്. ക്രൈസ്തവ വിശ്വാസം, പാരമ്പര്യങ്ങൾ, ജീവിത ശൈലി, ആരാധനാ ക്രമം തുടങ്ങിയവ വിഷയമാക്കി ട്രോളുകൾ പ്രത്യക്ഷപ്പെടുന്നത് അപൂർവ്വമായിരുന്നില്ല. എങ്കിലും, ക്രിസ്ത്യൻ ട്രോൾസ് എന്ന ഫേസ്ബുക്ക് ഗ്രൂപ്പിന്റെ വരവോടെ അത്തരം ട്രോളുകൾ സോഷ്യൽമീഡിയയിൽ നിറയുകയായിരുന്നു. ക്രിസ്തീയമായ വിഷയങ്ങൾക്ക് സോഷ്യൽ മീഡിയയിലുള്ള സ്വീകാര്യതയും, മറ്റുചില സാധ്യതകളും തിരിച്ചറിഞ്ഞുള്ള ഒരു കടന്നുവരവായിരുന്നു അതെന്ന് സംശയമില്ല. വെറും ഹാസ്യം എന്നതിനപ്പുറം ആക്ഷേപ ഹാസ്യത്തിന്റെ തലത്തിലേക്ക് ഇത്തരം പല ട്രോളുകളും കടന്നതോടെ എതിർപ്പുകളും പതിവായി.




ക്രൈസ്തവ ആദ്ധ്യാത്മികതയെക്കുറിച്ച് ആഴമായ ബോധ്യമില്ലാത്ത നിരവധി ക്രൈസ്തവർ ഈ കൂട്ടായ്മയിൽ സജീവ പങ്കാളികളായതോടെ മത്സര സ്വഭാവത്തോടെ ട്രോളുകൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ, നിർദോഷമെന്നും നല്ലതെന്നും തോന്നുന്നത് മുതൽ, ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതും അവഹേളനങ്ങൾ നടത്തുന്നതും വിശ്വാസ സത്യങ്ങളെ വരെ ചോദ്യം ചെയ്യുന്നതുമായ ട്രോളുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയതോടെ ക്രിസ്ത്യൻ ട്രോൾസ് ചർച്ചകളിൽ നിറഞ്ഞു. ആരാണ് ഇതിനു പിന്നിൽ എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം ആർക്കും കിട്ടിയില്ല. എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ആശയങ്ങൾ എന്ന് പറയുമ്പോഴും, പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് കത്തോലിക്കാ സഭയെയും ആരാധന ക്രമങ്ങളെയും, കത്തോലിക്കാ സമൂഹത്തെയും ആണ് എന്ന് വ്യക്തം.

പലപ്പോഴും പ്രകോപനപരവും, അവഹേളനം ലക്ഷ്യം വച്ചുള്ളതും, അനാരോഗ്യകരമായ വിമർശനങ്ങൾ ഉൾക്കൊള്ളുന്നതുമായ ട്രോളുകൾ ക്രിസ്ത്യൻ ട്രോൾസ് എന്ന ഫേസ്ബുക്ക് ഗ്രൂപ്പിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിൽ പലപ്പോഴും ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നതിനെ തുടർന്ന് വിമർശന വിധേയമാകുന്ന ട്രോളുകൾ ഗ്രൂപ്പ് അഡ്മിനുകൾ നീക്കം ചെയ്യാനിടയായിട്ടുണ്ട്. ഗ്രൂപ്പിൽ നിന്നും നീക്കം ചെയ്യപ്പെട്ടാലും അതിനകം പലയിടങ്ങളിലും എത്തിപ്പെടുന്നു എന്നതിനാൽ തുടർന്നും അവയൊക്കെ സോഷ്യൽമീഡിയയിൽ സജീവമായി പ്രചരിക്കാറുണ്ട്. അടുത്ത കാലങ്ങളിലായി പ്രകോപനപരമായ ട്രോളുകൾ താരതമ്യേന കുറവാണെങ്കിലും ഇടയ്ക്കിടെ കാണപ്പെടാറുണ്ട്. ഇത്തരം ട്രോളുകളുടെ അപകടസാധ്യത മനസ്സിലാക്കുന്ന കുറേപ്പേർ ഇത്തരം കാര്യങ്ങൾ നിരീക്ഷിക്കുകയും, ആവശ്യസമയങ്ങളിൽ പ്രതികരിക്കുകയും ചെയ്യുന്നതിനാലാണ് കത്തോലിക്കാ വിരുദ്ധ നിലപാടുകൾ സൂക്ഷിക്കുന്ന ചിലർ സംയമനം പാലിക്കുന്നത് എന്നതാണ് വാസ്തവം.

ട്രോളുകൾ നിർമ്മിക്കുന്നതിൽ വൈദഗ്ധ്യമുള്ള കത്തോലിക്കരായ ചിലരുടെ മത്സര സ്വഭാവത്തോടെയുള്ള സൃഷ്ടികൾ പതിവായി പ്രത്യക്ഷപ്പെടാറുണ്ട്. പരാതികളും ചോദ്യങ്ങളും ഉയർന്നതോടെ തികഞ്ഞ ക്രൈസ്തവ വിശ്വാസികളാണ് ക്രിസ്ത്യൻ ട്രോൾസ് എന്ന ഫേസ്ബുക്ക് ഗ്രൂപ്പിന് പിന്നിലെന്ന് വിശദീകരണങ്ങൾ നല്കി സ്ഥാപിക്കാൻ ചിലർ ശ്രമിക്കുകയുണ്ടായിരുന്നു. പലപ്പോഴായി ഇക്കൂട്ടർ പുറത്തുവിട്ട, ക്രൈസ്തവ വിശ്വാസത്തെയും ആത്മീയ മൂല്യങ്ങളെയും ചോദ്യം ചെയ്യുന്നതും പരിഹസിക്കുന്നതുമായ തരത്തിൽപെട്ട ട്രോളുകൾ പരിശോധിച്ചാൽ, ക്രൈസ്തവ സമൂഹത്തെ വിലകുറച്ചു ചിത്രീകരിക്കുവാനും, പ്രകോപിപ്പിക്കുവാനും, ആക്രമിക്കുവാനുമുള്ള ശ്രമങ്ങൾ പ്രകടമാണ്. അത്തരം കാരണങ്ങളാൽ, ഈ ഫേസ്ബുക്ക് ഗ്രൂപ്പിന് പിന്നിൽ അക്രൈസ്തവരായ ചിലരുടെ നിഗൂഢമായ താൽപര്യങ്ങളുണ്ട് എന്ന് ന്യായമായും സംശയിക്കാം.

ക്രിസ്ത്യൻ ട്രോൾസ് എന്ന സംഘം ചെയ്യുന്നതിൽ എന്താണ് തെറ്റ് എന്ന് ചോദിക്കുന്നവരുണ്ട്. ഇത്തരം തമാശകളിൽ ഇല്ലാതാകുന്നതാണോ വിശ്വാസവും, ആത്മീയതയും എന്ന് അത്തരക്കാർ ചോദിക്കുന്നു. എന്നാൽ, ചെറുതും വലുതുമായ ആക്ഷേപ ഹാസ്യ സൃഷ്ടികളിലൂടെ മറ്റു പല സമൂഹങ്ങളെയും എന്നതുപോലെ ക്രൈസ്തവ

സമൂഹത്തിന്റെ വികാരം വ്രണപ്പെടേണ്ടതില്ലെങ്കിലും, ഇത്തരം പ്രവണത വലിയ ദോഷങ്ങൾക്ക് കാരണ മാകുന്നുണ്ട്.

1. വിശ്വാസ സംബന്ധമായ പലതും പൊതുസമൂഹ മധ്യത്തിൽ അനാവശ്യ ചർച്ചകൾക്ക് വിഷയീ ഭവിക്കുന്നു. അവയെ പൊതുസമൂഹം വിലകുറച്ച് കാണുവാൻ ഇടയാക്കുന്നു.
2. ദുർവ്യാഖ്യാനങ്ങളും തെറ്റായ വിവരങ്ങളും സമൂഹത്തിൽ പ്രചരിക്കാൻ കാരണമാകുന്നു.
3. വിശ്വാസ രഹസ്യങ്ങൾ അവഹേളിക്കപ്പെടുവാൻ കാരണമാകുന്നു.
4. അവിശ്വാസികൾക്കും അക്രൈസ്തവർക്കും ഇടയിൽ വെറും ഹാസ്യത്തിനുള്ള വിഷയം എന്ന വിധത്തിൽ അമൂല്യമായവ എത്തിച്ചേരുന്നു.
5. ക്രൈസ്തവരായ യുവജനങ്ങൾക്കിടയിൽ ഹാസ്യം എന്ന നിലയിൽ ഇത്തരം ട്രോളുകൾക്ക് ലഭിക്കുന്ന അമിത പ്രചാരം ക്രമേണ അവരെ വിശ്വാസമന്ദത യിലേക്ക് നയിച്ചേക്കാം.
6. ഇത്തരം ട്രോളുകൾ ഫേസ്ബുക്ക് ഗ്രൂപ്പിലും പേജിലും പോസ്റ്റ് ചെയ്യപ്പെടുമ്പോൾ പ്രത്യക്ഷ പ്പെടുന്ന കമന്റുകൾ വലിയ അവഹേളനത്തിന് കാരണമായി മാറുന്നുണ്ട്. നിരീശ്വരവാദവും, ക്രൈസ്തവ വിരുദ്ധതയും പ്രചരിപ്പിക്കുന്ന അനേകർ അത് അവസരമാക്കി ഉപയോഗിക്കുന്നു.
7. വിശ്വാസ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവുക ളില്ലാതെ സൃഷ്ടിക്കപ്പെടുന്ന ട്രോളുകൾ വിശ്വാസീ സമൂഹത്തിലും, പ്രത്യേകിച്ച് യുവജനങ്ങൾക്കിട യിലും തെറ്റിദ്ധാരണകൾക്ക് കാരണമാകുന്നു.

ഗൗരവവും ബഹുമാനവും അർഹിക്കുന്ന ഇടങ്ങളിൽ അത് നല്കുക എന്നുള്ളത് പ്രാഥമികമായ കാര്യമാണ്. അതിന്റെ ആവശ്യകത എന്താണ് എന്നുള്ളത് വിശദീകരിക്കേണ്ടതില്ല. ദൈവവിശ്വാസ ത്തിന് ഒരു വ്യക്തി ജീവിതത്തിൽ നല്കുന്ന സ്ഥാനത്തിന് ആനുപാതികമാണ് ദൈവിക കാര്യങ്ങൾക്ക് നൽകുന്ന പരിഗണനയും, സ്ഥാനവും. എല്ലാത്തിനെയും തമാശയായി കാണുന്ന ഒരു തലമുറയ്ക്ക് ഒന്നിനെയും ഗൗരവത്തോടെ സമീപിക്കുക സാധ്യമായിരിക്കില്ല എന്നുള്ളത് മറ്റൊരു വസ്തുത. യാദൃശ്ചികമായി സൃഷ്ടിക്കപ്പെടുന്ന ഹാസ്യവും, കൃത്രിമമായും തുടർച്ചയായും സൃഷ്ടിക്കപ്പെടുന്ന ആക്ഷേപ ഹാസ്യവും രണ്ട് വിധത്തിലാണ് പ്രചരിക്കപ്പെടുകയും സ്വീകരിക്ക പ്പെടുകയും ചെയ്യുക എന്നും നാം മനസ്സിലാക്കേ ണ്ടതുണ്ട്.

ഇന്നത്തെ സമൂഹമാധ്യമങ്ങളിൽ ട്രോളു കൾക്ക് ലഭിക്കുന്ന സ്ഥാനം പരിശോധിച്ചാൽ അത്തരം സൃഷ്ടികൾക്കൊണ്ട് എന്തെങ്കിലും നന്മ ആരെങ്കിലും ലക്ഷ്യം വയ്ക്കുന്നു എന്ന് വിലയിരുത്താ നാവില്ല. അതിനാൽത്തന്നെ, ക്രൈസ്തവ വിശ്വാസവു മായി ബന്ധപ്പെട്ട ട്രോളുകൾ എന്തെങ്കിലും സൽഫലങ്ങൾക്ക് ഇടയാകുന്നു എന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അത് യുക്തിരഹിതമാണ്. ക്രിസ്ത്യൻ ട്രോൾസ് എന്ന ഫേസ്ബുക്ക് ഗ്രൂപ്പിന് പിന്നിൽ ഏതെങ്കിലും അദൃശ്യ ശക്തികൾ പ്രവർത്തിക്കുന്നു വെങ്കിലും ഇല്ലെങ്കിലും, ആ പ്രവണത പ്രോത്സാഹി പ്പിക്കത്തക്കതല്ല.

**************

## സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപങ്ങൾക്കെതിരേ നടപടിയുണ്ടാകണം: കെസിബിസി

**കൊച്ചി:** സമൂഹ്യ ജീവിതത്തിൽ പാലിക്കേണ്ട സഭ്യതയുടെയും മര്യാദയുടെയും പരിധികൾ ലംഘിച്ചുകൊണ്ട് ക്രിസ്തീയ വിശ്വാസത്തെയും സന്യാസജീവിതത്തെയും സന്യാസിനികളെയും അപമാനിക്കുക എന്ന ഉദ്ദേശ്യ ത്തോടുകൂടി സാമൂഹിക മാധ്യമങ്ങളിലൂടെ ചിലർ നടത്തുന്ന ദുഷ്പ്രചാരണങ്ങൾ അത്യന്തം പ്രതിഷേ ധാർഹവും പ്രകോപനപരവുമാണ്. ഒരു സന്യാസിനിയുടെ ചിത്രം ഫോട്ടോഷോപ്പിൽ എഡിറ്റ് ചെയ്തു തെറ്റി ദ്ധാരണാജനകമായ രീതിയിൽ സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും സമാനമായ മറ്റനേകം പോസ്റ്റു കളിലൂടെ ക്രിസ്തീയ സമുദായത്തിനും ജീവിതത്തിനുമെതിരേ വിദ്വേഷപ്രചാരണം നടത്തുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുകയാണ്. വ്യക്തികളുടെയും സമുദായങ്ങളുടെയും വിശ്വാസപ്രമാണങ്ങളെയും ആത്മാ ഭിമാനത്തെയും ചോദ്യം ചെയ്യുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരി ക്കാൻ സർക്കാരും നിയമപാലകരും തയ്യാറാകണം. ഇക്കാര്യത്തിൽ ഉചിതമായ നിയമനിർമ്മാണം നടത്തു കയും നിലവിലുള്ള നിയമങ്ങൾ നടപ്പാക്കാൻ ചുമതലപ്പെട്ടവർ അതു നിർവ്വഹിക്കുന്നു എന്നുറപ്പുവരുത്തു കയും വേണം. സാമൂഹികമാധ്യമങ്ങളിലെ പരിധിവിട്ട പ്രകോപനങ്ങൾ സമൂഹത്തിൽ അസ്വസ്ഥതയും വിദ്വേ ഷവും പടർത്തും. നിയമവാഴ്ചയെ വെല്ലുവിളിക്കുംവിധമുള്ള ഇത്തരം നീക്കങ്ങൾക്കെതിരേ സർക്കാരും പൊതു സമൂഹവും ജാഗ്രതപുലർത്തേണ്ടതുണ്ട്. **(18/5/2020)**



# സന്ന്യാസാർത്ഥിനിയുടെ മരണത്തിന്റെ മറവിൽ സന്ന്യസ്തർക്കെതിരേയുള്ള ആക്രമണങ്ങൾ അതിരുകടക്കുമ്പോൾ...

**കേ**രളസഭയിൽ പ്രവർത്തനനിരതരായിരിക്കുന്ന സന്ന്യാസിനിമാരുടെ എണ്ണം ഏകദേശം മുപ്പത്തയ്യായിരത്തോളം വരും. നൂറുകണക്കിന് ചെറുതും വലുതുമായ ചികിത്സാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാല യങ്ങൾ തുടങ്ങിയവ ഇവരുടെ മാത്രം നേതൃത്വ ത്തിലും മറ്റാരുടെയും സഹായമില്ലാതെയും നമുക്കിട യിലുണ്ട്. കേരളത്തിലുള്ളതിലേറെ മറ്റ് സംസ്ഥാന ങ്ങളിൽ, പ്രത്യേകിച്ച് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമായി ഇവരുടെ നേതൃത്വത്തിൽ മുന്നേറുന്നുണ്ട്. മാനുഷികമായ പോരായ്മകൾക്കും പരിമിതികൾക്കും പൂർണ്ണമായും അതീതമാണ് സന്ന്യാസിനിമാരും അവരുടെ സേവന പ്രവർത്തനങ്ങളും എന്ന് അവകാശപ്പെടാൻ കഴിയില്ല എങ്കിലും അവരുടെ സേവനങ്ങൾ അതുല്യമാണ് എന്നതിൽ സംശയമില്ല.

ഈ സേവനമേഖലകളെ ഉയർത്തിക്കാണിച്ച് അനുകമ്പയും, പിന്തുണയും പിടിച്ചുപറ്റാൻ ഇവരിലാരുംതന്നെ സമൂഹമധ്യത്തിൽ ഇന്നോളം പ്രത്യക്ഷപ്പെട്ടിട്ടില്ല. അത്തരം യാഥാർത്ഥ്യങ്ങളെ വിസ്മരിച്ച് തെല്ലും കരുണയില്ലാതെ അധിക്ഷേപ ശരങ്ങൾ ഉയരുമ്പോൾ അതിനെതിരെ പ്രതികരിക്കാനും പലപ്പോഴും ഇവരിലാരും രംഗത്ത് വരാറില്ല. പറയാൻ ഒന്നുമില്ല എന്നതല്ല അതിനു കാരണം. അവരാരും വെറുതെയിരിക്കുന്നവരല്ല. നേരം വെളുക്കുമ്പോൾ മുതൽ പാതിരാവരെ നീണ്ട അധ്വാനത്തിന് ശേഷവും വേണ്ടവിധം വിശ്രമിക്കാൻ പോലും കഴിയാത്തവരാണ് അവരിൽ ഭൂരിഭാഗവും. ബഹുഭൂരിപക്ഷം വരുന്ന സന്ന്യാസിനിമാർ ഫേസ്ബുക്കോ, വാട്ട്സാപ്പോ, തങ്ങൾക്കെതിരേ അവിടെ നടക്കുന്ന പ്രചാരണങ്ങളോ എന്താണെന്നു പോലും കാര്യമായി അറിയാത്തവരാണ്.

ഒരു ലൂസി കളപ്പുരയോ സമാന സ്വഭാവത്തിൽ മീഡിയ ശ്രദ്ധപിടിച്ചുപറ്റിയ വിരലിലെണ്ണാവുന്ന ചിലരോ അല്ല കേരളത്തിലെ സന്ന്യാസിനീ സമൂഹങ്ങളുടെ പ്രതിനിധികൾ എന്ന് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് അറിയാം. കാരണം ഒരുവിധത്തി ലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഇതേ സന്ന്യാസിനീ സമൂഹത്തിന്റെ സേവനത്തിന്റെയും സ്നേഹത്തിന്റെയും മാധുര്യം രുചിച്ചിട്ടുള്ളവരാണ് സകല മലയാളികളും. എല്ലാം തികഞ്ഞവരാണ് അവർ എന്നോ, ഒരിക്കലും ഒരുകുറവും കാണപ്പെടാത്തവരാണ് അത്തരം ഓരോ വ്യക്തികളും എന്നോ സ്ഥാപിക്കാനല്ല ഈ കുറിപ്പ്. മറിച്ച്, സന്ന്യാസത്തിന്റെ നന്മകൾ നിസ്സീമമാണ് എന്ന് ഓർമ്മപ്പെടുത്താൻ മാത്രമാണ്.

കഴിഞ്ഞ ദിവസം നടന്ന തികച്ചും ദൗർഭാഗ്യകരമായ ഒരു സംഭവം, ഒരു സന്ന്യാസാർത്ഥിനി മരണപ്പെടുവാൻ ഇടയായ സാഹചര്യത്തെ തുടർന്ന് ഒട്ടേറെ വ്യക്തികൾ സന്ന്യാസത്തെയും, സന്ന്യാസിനിമാരെയും, സന്ന്യാസ സമൂഹത്തെയും കത്തോലിക്കാ സഭയെയും കുറ്റപ്പെടുത്തിക്കൊണ്ട് സമൂഹമാധ്യമങ്ങളിൽ സജീവമായിരുന്നു. വളരെ നികൃഷ്ടമായ രീതിയിൽ സന്ന്യാസത്തെയും അതിന്റെ മറവിൽ കത്തോലിക്കാ സഭയെയും ആക്രമിക്കുവാനുള്ള അനേകം ശ്രമങ്ങളുണ്ടായി. കഴിഞ്ഞ ദിവസത്തെ ദാരുണമായ സംഭവത്തെക്കുറിച്ച് നിയമപാലകർക്കും, കേസിൽ ഇടപെട്ടവർക്കും, മറ്റ് വിദഗ്ധർക്കും ഒരു അപകട മരണം എന്നതിനപ്പുറമുള്ള സംശയങ്ങളൊന്നും ഇതുവരെയില്ല എങ്കിൽപ്പോലും, തങ്ങളുടെ വിഷലിപ്തമായ മുൻധാരണകളുടെ പേരിൽ അനേകർ സഭാധികാരികളെ നിഷ്കരുണം കുറ്റവാളികളാക്കി ചിത്രീകരിച്ചു.

ഗുരുതരമായ അച്ചടക്ക ലംഘനങ്ങളെ തുടർന്ന് സഭ പുറത്താക്കിയ മുൻ സന്ന്യാസിനി കഴിഞ്ഞ ദിവസം തന്റെ ഫേസ്ബുക്ക് പോസ്റ്റ് വഴിയും വാട്ട്സാപ്പ് വഴിയും ശക്തമായ ആരോപണങ്ങൾ ഉന്നയിച്ചത് വൈറലാ

യിരുന്നു. കഴിഞ്ഞ മുപ്പത്തിമൂന്നു വർഷങ്ങൾക്കിടെ റിപ്പോർട്ട് ചെയ്യപ്പെട്ട പതിനഞ്ചോളം അപകട/അസ്വാഭാവിക മരണങ്ങളെയും തന്റെ പോസ്റ്റിൽ അവർ ചർച്ചാ വിഷയമാക്കിയിരുന്നു. മറ്റുചില വ്യക്തികളും ഇത്തരത്തിലുള്ള അപമൃത്യുകൾ ചൂണ്ടിക്കാണിച്ചു സഭയെ പ്രതിക്കൂട്ടിൽ നിർത്തുവാൻ വ്യഗ്രത കാണിച്ചുകണ്ടു. അത്തരം മരണങ്ങൾക്ക് പിന്നിൽ ഏതെങ്കിലും വിധത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ആർക്കെങ്കിലും പങ്കുണ്ടെങ്കിൽ അത് അന്വേഷിച്ചു കണ്ടെത്തേണ്ടതുണ്ട് എന്നുള്ളതിൽ സംശയമില്ല. അന്വേഷണ ഉദ്യോഗസ്ഥരുടെയോ, സഭയുടെയോ ഭാഗത്ത് ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചറി ഞ്ഞിട്ടുള്ളവർ ശരിയായ മാർഗ്ഗത്തിലൂടെ അന്വേഷണം ആവശ്യപ്പെടുന്നത് യുക്തമാണ്. എന്നാൽ, അവസരം ലഭിക്കുമ്പോഴെല്ലാം, സഭാവിരോധികൾക്ക് ഉപയോഗി ക്കാൻ ആയുധമായി നൽകുന്നതിന് വെമ്പൽക്കൊള്ളുന്നതിനുപിന്നിൽ സഭയോടുള്ള ശത്രുത മാത്രമെന്ന് വ്യക്തമാണ്. ഇത്തരത്തിൽ ശത്രുതാപരമായി സഭയ്ക്കെതിരെ സമൂഹമാധ്യമങ്ങളിൽ നീക്കങ്ങൾ നടത്തുന്നതിൽ മുൻപന്തിയിലുള്ളത് പുറത്താക്കപ്പെട്ട മുൻസന്ന്യാസിനിയും അവർക്കു വേണ്ടി എന്ന വ്യാജേന രൂപീകരിക്കപ്പെട്ട ഗ്രൂപ്പുമാണ് എന്ന് നിസംശയം പറയാൻ കഴിയും.

മൂന്ന് പതിറ്റാണ്ടിലേറെയുള്ള കാലയളവിനിടയിൽ, ചില അകാലമരണങ്ങൾ (ചിലർ പുറത്തുവിടുന്ന കണക്കുകളനുസരിച്ചാണെങ്കിൽ പതിനഞ്ച്) പതിനായിരക്കണക്കിന് സന്ന്യസ്തർക്കിടയിൽ സംഭവിച്ചിട്ടുണ്ട്. വ്യക്തിപരമായും, മാനസികമായും പൂർണ്ണതയുള്ളവർ മാത്രമല്ല സന്ന്യാസ ജീവിതത്തിലേയ്ക്ക് എത്തിച്ചേരുന്നവർ. പുറംലോകത്തിന്റേതായ സംഘർഷങ്ങൾ ഒരു പരിധിവരെ സന്ന്യാസിനികളെയും അവർ ഉൾപ്പെടുന്ന സമൂഹങ്ങളെയും സ്വാധീനിക്കുന്നുണ്ടാവാം. മാനുഷിക മായ അത്തരം വശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ ഇത്തരം സംഭവങ്ങളെ വിലയിരുത്താൻ പാടുള്ളൂ. റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ എന്ന നിലയിൽ ഇത്തരത്തിലുള്ള ഓരോ മരണങ്ങളും അന്വേഷണങ്ങൾക്ക് വിധേയമായിട്ട് ഉള്ളതാണ്. ഈ വിഷയങ്ങളിൽ ചിലർക്കുള്ള മനുഷ്യത്വപരമായ താത്പര്യം മനസിലാക്കാമെങ്കിലും, യാഥാർത്ഥ്യങ്ങളെ വേണ്ട വിധത്തിൽ ഉൾക്കൊണ്ടുകൊണ്ടല്ല ഇത്തര ക്കാരുടെ ഇടപെടലുകൾ എന്ന് വ്യക്തമാണ്. അല്ലാത്തപക്ഷം വാസ്തവങ്ങളെ അത്തരക്കാർ തമസ്കരിക്കുകയാണ് ചെയ്യുന്നത്. അത് സഭയോട് മാത്രമല്ല, ഈ സമൂഹത്തോടും ചെയ്യുന്ന ഗുരുതരമായ പാതകമാണ്.

പോലീസ് അന്വേഷണങ്ങളിൽ നിന്നോ, മുഖ്യധാരാ മാധ്യമങ്ങളിലൂടെ പോലുമോ, കഴിഞ്ഞ ദിവസം സംഭവിച്ച അപകട മരണത്തെക്കുറിച്ച് സന്ന്യാസിനീ സമൂഹത്തെ കുറ്റപ്പെടുത്തുന്ന വിധത്തിലുള്ള പരാമർശങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. പോസ്റ്റ്മോർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നത് കിണറ്റിൽ വീണതിനാൽ സംഭവിച്ച മരണം എന്നാണ്. കുടുംബാംഗങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും ഇത്തരമൊരു ദുരന്തത്തെ സംയമനത്തോടെ ഉൾക്കൊണ്ടിരിക്കുന്നു. സോഷ്യൽ മീഡിയയിൽ ചിലർ പ്രചരിപ്പിക്കുന്നതൊന്നുമല്ല സത്യം എന്ന് അവർ മനസ്സിലാക്കുന്നതിനാലാണ് അത്. എന്നാൽ, സ്ഥാപിത താൽപ്പര്യങ്ങളോടെ ചില ഓൺലൈൻ മഞ്ഞപ്പത്രങ്ങളും സഭയോട് വ്യക്തമായ വിരോധം വച്ചുപുലർത്തുന്ന കുറെ വ്യക്തികളും ഒരുപക്ഷെ സത്യം മനസിലാക്കുന്നെങ്കിൽ പോലും അസത്യം പ്രചരിപ്പിക്കുകയും സഭയെയും സന്ന്യാസത്തെയും അവഹേളിക്കുകയും ചെയ്യുന്നു.

ഈ സാഹചര്യത്തെ ദുരുപയോഗിച്ചുകൊണ്ട് സന്ന്യസ്തരുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും പോലും കുറ്റക്കാരായി ചിത്രീകരിക്കുന്ന ക്രൂരമായ ചില പോസ്റ്റുകൾ പ്രചരിക്കുന്നുണ്ട്. സന്ന്യാസ സമൂഹങ്ങളിലേയ്ക്ക് മക്കളെ പറഞ്ഞയക്കുന്ന മാതാപിതാക്കളെ രൂക്ഷമായ ഭാഷയിൽ നിർദ്ദയം ചിലർ വിമർശിക്കുന്നു. കത്തോലിക്കാ സന്ന്യാസത്തിന്റെ വില മനസ്സിലാക്കിക്കൊണ്ടുതന്നെ അതിനെ അവഹേളനങ്ങളിലൂടെ തകർക്കാനുള്ള ചില സഭാവിരുദ്ധരുടെ ഗൂഢ ശ്രമങ്ങളുടെ ഭാഗമാണ് ഇത്തരം പ്രചാരണങ്ങൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ദിവസം മരണപ്പെട്ട സന്ന്യാസാർത്ഥിനിയുടെ വലിയ വേദനയിലായിരിക്കുന്ന മാതാപിതാക്കളെപ്പോലും അത്തരക്കാർ വെറുതെ വിടുന്നില്ല എന്നുള്ളതാണ് ഖേദകരം. ഇതുകൊണ്ടൊന്നും, സമർപ്പിതരുടെ ആത്മവീര്യത്തെ കെടുത്താൻ ആർക്കും കഴിയില്ല എന്നുറപ്പ്.

ഈ അവസരത്തെ മുതലെടുത്തുകൊണ്ട് ചിലർ ഉയർത്തുന്ന എണ്ണമറ്റ ആരോപണങ്ങൾക്ക് മറുപടി നല്കുക പ്രായോഗികമല്ല. അവർ അത് അർഹിക്കുന്നുമില്ല. സന്ന്യാസത്തെയും, സന്ന്യാസ സമൂഹങ്ങ ളെയും ചോദ്യം ചെയ്യാനും, അവഹേളിക്കാനും തിരക്കുകൂട്ടുന്നവർ കണ്ണുകൾ തുറന്ന് ചുറ്റും നോക്കി കാര്യങ്ങൾ മനസ്സിലാക്കുവാൻ മാത്രം അപേക്ഷിക്കുന്നു. സ്ഥാപിത താൽപ്പര്യങ്ങളോടെ ചിലർ പ്രചരിപ്പിക്കുന്നതല്ല വാസ്തവങ്ങൾ. അകാലത്തിൽ നമ്മെ വേർപിരിഞ്ഞ സഹോദരിയുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം, കർമ്മനിരതരായിരിക്കുന്ന എല്ലാ സമർപ്പിതർക്കും ഭാവുകങ്ങൾ നേരുന്നു.

**The Vigilant Catholic (Facebook post)**

**************

## ഭക്ഷ്യസുരക്ഷയ്ക്കായി തരിശുഭൂമി കൃഷി ചെയ്യണം: കെസിബിസി

**കൊച്ചി:** തരിശുഭൂമി കൃഷിചെയ്യുന്നതിന് സംസ്ഥാന സർക്കാർ നല്കുന്ന പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളുമനുസരിച്ച് സഭാസംവിധാനങ്ങളുടെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ള തരിശുഭൂമി ഭക്ഷ്യ ഉല്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കൃഷിചെയ്യുന്നതിന് ത്രീവ്രപരിശ്രമം നടത്തണമെന്ന് കെസിബിസി. ഭൂമിയുടെ വാണിജ്യമൂല്യത്തിനു പ്രധാന്യം നല്കുകയും ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം ഉൾപ്പെടെയുള്ള കാർഷികവൃത്തിയിൽ നിന്ന് ജനങ്ങൾ പിന്മാറുകയും ചെയ്തതാണ് കേരളത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കാൻ സഭയിലെ സാമൂഹിക പ്രവർത്തന സംവിധാനങ്ങളായ കേരളസോഷ്യൽ സർവ്വീസ് ഫോറം, ഇൻഫാം, അൽമായ സംഘടനകൾ, ഇടവകകൾ, സന്യാസപ്രസ്ഥാനങ്ങൾ, സോഷ്യൽ സർവീസ് സൈസൈറ്റികൾ, കാർഷിക സംഘടനകൾ എന്നിവ മുന്നിട്ടിറങ്ങണമെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. കോവിഡാനന്തര സമൂഹവും സഭയും കൂടുതലായി ജനങ്ങളുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾ മുന്നിൽ കണ്ട് പ്രവർത്തിക്കണമെന്നും, കേരളത്തിന്റെ എല്ലാ രംഗങ്ങളിലുമുള്ള തിരിച്ചുവരവിന് പരസ്പരം സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടികാട്ടി എല്ലാരൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും അല്മായപ്രസ്ഥാനങ്ങൾക്കും കെസിബിസി നിർദ്ദേശം നല്കി. **(29/4/2020)**

## "മദ്യത്തിന്റെ ലോക്ഡൗൺ സമൂഹ നന്മ" – ആവശ്യമായ നയരൂപീകരണം ഗവൺമെന്റ് നടത്തണം: കെസിബിസി മദ്യവിരുദ്ധസമിതി




**കൊച്ചി:** കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തപ്പെട്ട ലോക്ഡൗൺ സമൂഹ ജീവിതത്തെ സാരമായി ബാധിക്കുമ്പോഴും മദ്യ വിപണന മേഖലയെ സംബന്ധിച്ച് അത് വലിയ ഒരു നന്മയായി രൂപപ്പെട്ടു എന്നുള്ളതാണ് വസ്തുത. മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും കുടുംബസമാധാനത്തിനും സാമ്പത്തിക ഭദ്രതയ്ക്കും അത് വഴിതെളിച്ചു എന്ന് കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ സമൂഹം തിരച്ചറിഞ്ഞു. ലോക്ഡൗണിന്റെ ആദ്യ ദിനങ്ങളിൽ നടന്ന ചുരുക്കം ചില ആത്മഹത്യകളെ മാറ്റി നിർത്തിയാൽ ഗവൺമെന്റിന്റെയും സമൂഹ്യ സന്നദ്ധസംഘടനകളുടെയും സമയബന്ധിതമായ ഇടപെടൽ മൂലം അതിനെ ചികിത്സയിലൂടെയും കൗൺസിലിങ്ങിലൂടെയും ഫലപ്രദമായി നേരിടാം എന്ന് ലോക്ഡൗൺ സമൂഹത്തെ പഠിപ്പിച്ചു. അധികാരികൾ ഭയപ്പെട്ടതുപോലെ ആത്മഹത്യ നിരക്കുകൾ ഉയർന്നില്ല. മദ്യപാനം മൂലം ഉണ്ടാകുന്ന കുറ്റ കൃത്യങ്ങൾ വളരെക്കുറഞ്ഞു. അതുപോലെ വാഹനാപകടങ്ങൾ കുടുംബകലഹങ്ങൾ, കൊലപാതകങ്ങൾ, വിവിധ രോഗങ്ങൾ ഇവയ്ക്കെല്ലാം വലിയ ശമനമുണ്ടായി എന്ന് കണക്കുകൾ വെളിവാക്കുന്നു. ചുരുക്കത്തിൽ, മദ്യ വിപണനം ഗവൺമെന്റിന്റെ നിലനില്പ്പിനാവശ്യമാണ് എന്ന ന്യായവാദം തെറ്റാണ് എന്ന് കാലം തെളിയിച്ചു.

മദ്യവിൽപന വഴി ഗവൺമെന്റിന് ലഭിക്കുന്ന ലാഭവിഹിതത്തിന്റെ പതിന്മടങ്ങ് സമ്പാദിക്കുന്ന മദ്യമുതലാളിമാരെ നിലയ്ക്കുനിർത്താൻ ലോക്ഡൗണിന് കഴിഞ്ഞു. വിവിധ ലോബികളുടെ ഒത്താശയോടെ വ്യാജ വാറ്റ് നടത്തുന്നവരെ ഡ്രോണുകളുടെ സഹായത്തോടെയും അല്ലാതെയും പിടികൂടാൻ കഴിഞ്ഞു എന്നുള്ളതും ആശാവഹം തന്നെ. മയക്കുമരുന്ന് വിപണിയുടെ ശക്തിയും നന്നേകുറഞ്ഞു. സമൂഹനന്മയെ ലാക്കാക്കുന്ന ഭരണാധികാരികൾ ഇക്കാര്യങ്ങൾ ശ്രദ്ധയോടെ വിലയിരുത്തി മനുഷ്യനന്മയ്ക്ക് ഉചിതമായ നയരൂപീകരണം നടത്തേണ്ടിയിരിക്കുന്നു.

മദ്യപാനം ഗവൺമെന്റിന് ലാഭത്തേക്കാൾ നഷ്ടമാണ് ഉണ്ടാക്കുന്നത് എന്ന് ശരിയായ പഠനം വെളിപ്പെടുത്തും. മദ്യപാനം മൂലം തകരുന്ന വ്യക്തി ജീവിതങ്ങൾ, കുടുംബങ്ങൾ, സാമൂഹിക ചുറ്റുപാടുകൾ, യുവത്വങ്ങൾ എന്നിവയുടെ മൂല്യം കണക്കിലെടുക്കുമ്പോൾ നഷ്ടത്തിന്റെ ഭീകരത മനസ്സിലാക്കാൻ കഴിയും. കൂടാതെ മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങൾ, വാഹനാപകടങ്ങൾ, നരഹത്യകൾ ഇവയൊക്കെ അതിനോട് ചേർത്ത് വായിച്ചാൽ ഗവൺമെന്റിന്റെ ലാഭം തീർത്തും ഊതിവീർപ്പിച്ച ഒരു ബലൂണിന് സമമാണെന്ന് മനസ്സിലാകും. മദ്യത്തിന് എതിരായി ഗവൺമെന്റ് നല്കുന്ന ലക്ഷകണക്കിന് രൂപയുടെ പരസ്യങ്ങളുടെ കണക്ക് എവിടെ ഉൾക്കൊള്ളിക്കാനാകും എന്നുള്ളത് മറ്റൊരുചോദ്യം. ഒപ്പം ഇതിനിടയിലൂടെ

ഒഴുകുന്ന കൈക്കൂലിയും കള്ളപണവും വീണ്ടും കണക്കുകൾ തെറ്റിക്കുന്നു. ഇന്ത്യയുടെ യുവത്വത്തിൽ 12 കോടിയോളം മദ്യം ഉപയോഗിക്കുന്നവരാണെന്നുള്ള ലോകാരോഗ്യ സംഘടനയുടെ കണ്ടെത്തൽ നഷ്ടത്തിന്റെ ആഘാതം വീണ്ടും കൂട്ടുന്നു.

വിനോദ സഞ്ചാര മേഖല മദ്യവിതരണത്തിലൂടെയാണ് പിടിച്ച് നില്ക്കുന്നത് എന്ന വാദം തീർത്തും അസംബന്ധം തന്നെ. കടലുകൾ കടന്ന് വിനോദസഞ്ചാരികൾ നമ്മുടെ നാട്ടിലെത്തുന്നത് മദ്യം ഉപയോഗിക്കാനാണെന്ന് പറയുമ്പോൾ അതിനുള്ളിലെ ശരി, കണക്കുകൾ പരിശോധിച്ചാൽ തീർത്തും തെറ്റാണെന്ന് മനസ്സിലാകും. മദ്യം മരുന്നായി പോലും നല്കാൻ പാടില്ലായെന്ന് ശഠിച്ച നമ്മുടെ ഡോക്ടർമാർക്ക് എത്ര നന്ദിപറഞ്ഞാലും മതിയാകില്ല.

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കെസിബിസി ഗവൺമെന്റിന്റെ അടിയന്തരമായ പരിഗണയ്ക്ക് സമർപ്പിക്കുന്നു:

1) മദ്യത്തിന്റെ ലോകഡൗൺ ഒരു പോളിസിയായി തുടരുക. അത് സമൂഹത്തിന് ലഭിക്കുന്ന വലിയൊരു നന്മയായിരിക്കും.

2) ബാറുകൾക്ക് ലൈസൻസ് നല്കാതിരിക്കുക. ലോക്ഡൗൺ കാലത്തുപോലും വയനാട്, മലപ്പുറം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി 6 ബാറുകൾക്ക് ലൈസൻസ് നല്കിയ ത് തീർത്തും അപലപനീയമാണ്.

3) വെയർഹൗസുകളിൽ നിന്നും മദ്യം നല്കാനുള്ള നിയമഭേദഗതി തിരുത്തുക.

4) ലോക്ഡൗൺ കാലത്ത് മദ്യപാന രംഗത്തുണ്ടായ വലിയ മാറ്റങ്ങളും നന്മകളും ഗവൺമെന്റ് ഒരു കമ്മീഷനെ വച്ച് പഠന വിധേയമാക്കുക.

5) സമ്പത്ത് വ്യവസ്ഥ മെച്ചപ്പെടുത്തുവാൻ മദ്യമേഖലയ്ക്കുപകരം കാർഷിക മേഖലകളെയും ചെറുകിട വ്യവസായങ്ങളെയും ശക്തിപ്പെടുത്തുക.

6) ബീഹാർ പോലെ കേരളവും ഭാരതത്തിൽ മദ്യവിമുക്ത സംസ്ഥാനമാകുവാൻ ബന്ധപ്പെട്ടവർ നിശ്ചയദാർഢ്യത്തോടെ തീരുമാനമെടുക്കുക.

7) കോവിഡ് പ്രതിരോധത്തിൽ കേരള മോഡൽ പ്രശംസ നേടിയതുപോലെ മദ്യനിരോധനത്തിലും കേന്ദ്ര ഗവൺമെന്റിന് ഒരു കേരള മോഡൽ നല്കാൻ കഴിയണം.

ഈ രോഗം മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ളതും ഇനിയും ഉണ്ടാക്കുവാൻ സാധ്യതയുള്ളതുമായ ദോഷഫലങ്ങളെ കൂടുതൽ വഷളാക്കുവാൻ ഗവൺമെന്റിന്റെ മദ്യനയങ്ങൾ ഇടയാക്കരുതെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി അഭ്യർത്ഥിക്കുന്നു. **(28/4/2020)**

## പ്രവാസിമലയാളികൾക്ക് ചികിത്സാ സൗകര്യം ഒരുക്കണം: കെസിബിസി

**കൊച്ചി:** കോവിഡ്-19 അതിവേഗം പടരുന്ന സഹചര്യത്തിൽ പ്രവാസിമലയാളികൾക്ക് ചികിത്സാസൗകര്യവും മറ്റു സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് അടിയന്തരതീരുമാനവും നടപടികളുമുണ്ടാകണമെന്ന് കെസിബിസി. ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും കത്തയച്ചു. പ്രവാസികളായ മലയാളികളെ സംരക്ഷിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ടെന്ന സംസ്ഥാനസർക്കാരിന്റെ നിലപാട് പ്രത്യാശാഭരിതമാണ്. ഒപ്പം ഇക്കാരണങ്ങളാൽ രോഗം പടരാതിരിക്കാൻ ജാഗ്രതയുള്ള നിലപാട് പൊതുസമൂഹത്തിനും ആവശ്യമാണ്. പ്രവാസികളെ വിശിഷ്യാ, ഗൾഫ് നാടുകളിലുള്ളവരെ, കേരളത്തിൽ കൊണ്ടുവന്നു ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കത്തോലിക്കാസഭയിലെ സോഷ്യൽ സർവ്വീസ് ഏജൻസികളും ബന്ധപ്പെട്ട സ്ഥാപനങ്ങളും ആവശ്യമായ സഹായ സഹകരണങ്ങൾ നല്കുന്നതാണെന്നും കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉറപ്പുനല്കി. **(23/4/2020)**

## സ്കൂളുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് - സർക്കാർ അടിയന്തരമായി ഇടപെടുക: കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ

**കൊച്ചി:** അംഗൻവാടികൾ, നഴ്സറി സ്കൂളുകൾ, ഇതരവിദ്യാഭ്യാസ സാങ്കേതിക പഠന കേന്ദ്രങ്ങൾ എന്നിവയ്ക്ക് ബിൽഡിംഗ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നല്കുമ്പോൾ ടി സ്ഥാപനങ്ങളിലെ മേൽക്കൂരകൾ ആസ്ബസ്റ്റോസ്, ടിൻഷീറ്റുകൾ, അലൂമിനിയം ഷീറ്റുകൾ എന്നിവയിൽ നിർമ്മിതമല്ല എന്ന് ഉറപ്പുവരുത്തിയ ശേഷമേ ഫിറ്റ്നസ്സ് നല്കുവാൻ പാടുള്ളൂ എന്ന പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് ഈ വർഷം സ്കൂൾ കെട്ടിട

ങ്ങൾക്ക് ഫിറ്റ്നസ്സ് ലഭിക്കുന്നതിന് തടസ്സമാകുമെന്നതിനാൽ അത് റദ്ദാക്കുകയോ ഭേദഗതികൾ വരുത്തുകയോ ചെയ്യണമെന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ആവശ്യപ്പെട്ടു.

ഒരു സ്വകാര്യ മാനേജർ ഹൈക്കോടതിയിൽ നല്കിയ അപ്പിലിന്മേൽ 2019 സെപ്റ്റംബർ 3-ന് നല്കിയ വിധിയുടെ പശ്ചാത്തലത്തിൽ 9.10.2019-ൽ G.O. (MS) No.162/2019 G. Edn. എന്ന ഉത്തരവിലൂടെ കോടതി വിധി ഉത്തരവ് തീയതിമുതൽ 2 വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. കോടതി വിധിയിലും പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവിലും ആസ്ബസ്റ്റോസ് ഷീറ്റുമാറ്റി അനുയോജ്യമായ മേൽക്കൂരകൾ സ്ഥാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഉത്തരവുകൾ താഴേ തട്ടുകളിലേക്കു വന്നപ്പോൾ ആസ്ബസ്റ്റോസ് മാത്രമല്ല, ടിൻ, അലൂമിനിയം ഷീറ്റുകളും മാറ്റണമെന്നും അത് ഉത്തരവിലൂടെ അനുവദിക്കപ്പെട്ട 2 വർഷത്തെ കാലതാമസം അംഗീകരിക്കാതെ ഈ വർഷം തന്നെ മാറ്റണമെന്നുമാണ് വണ്ടാഴി ഗ്രാമ പഞ്ചായത്തു സെക്രട്ടറി No. A 4/1990/2020 dated 23.4.2020-ലെ അസ്സി. എഞ്ചിനിയർക്കുള്ള കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ നിർദ്ദേശം ഈ വർഷം ഫിറ്റ്നസ്സ് വാങ്ങേണ്ട ആയിരക്കണക്കിനു സ്കൂളുകളുടെ ഭാവിപ്രവർത്തനത്തെയാണ് പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.

കോടതി ഉത്തരവിൽ കുട്ടികളുടെ ആരോഗ്യം പ്രശ്നം സൃഷ്ടിച്ചേക്കാവുന്ന ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റണമെന്നേ നിർദ്ദേശമുള്ളൂ. സർക്കാർ ഉത്തരവിൽ ഇതേ നിലപാടിൽ രണ്ടുവർഷത്തെ സാവകാശവും അനുവദിച്ചിട്ടുമുണ്ട്.

വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും അതിജീവനത്തിനായി കേരളജനത ഒറ്റക്കെട്ടായി സഹകരിച്ചു മുന്നേറുമ്പോൾ, സ്കൂളുകൾ എന്നു തുറക്കാൻ സാധിക്കുമെന്ന് ചിന്തിക്കാൻപോലും പറ്റാത്ത സാഹചര്യത്തിൽ 2020 മേയ് 31-നു മുമ്പായി ആസ്ബസ്റ്റോസ് ഷീറ്റ് മാത്രമല്ല ടിൻ, അലൂമിനിയം ഷീറ്റുകളും മാറ്റി ക്രമീകരിക്കുന്ന കെട്ടിടങ്ങൾക്കു മാത്രം ഫിറ്റ്നസ്സ് നല്കിയാൽ മതിയെന്ന നിർദ്ദേശമാണ് എഞ്ചിനീയർമാർക്കു നല്കിയിരിക്കുന്നത്.

കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന പഴക്കംചെന്ന കെട്ടിടങ്ങളുടെയെല്ലാം മേൽക്കൂര ഷീറ്റ്, ഓട്, ആസ്ബസ്റ്റോസ് എന്നിവയാൽ നിർമ്മിതമാണ്. ഈ കെട്ടിടങ്ങളെല്ലാം കോൺക്രീറ്റു ചെയ്യണമെങ്കിൽ അതിനുള്ള സംവിധാനങ്ങളോടെ പുതിയതായി നിർമ്മിച്ചാൽ മാത്രമെ സാധിക്കുകയുള്ളൂ. മേൽക്കൂര ഷീറ്റിടുവാനുള്ള കെട്ടിടം കോൺക്രീറ്റുവാർക്കയ്ക്കുള്ള മാനദണ്ഡമനുസരിച്ചല്ല നിർമ്മിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവിൽ 2 വർഷം സാവകാശം അനുവദിക്കുമ്പോൾ ഈ അധ്യയനവർഷംതന്നെ നടപ്പിലാക്കണമെന്ന നിർബന്ധത്തിന്റെ അടിസ്ഥാനം എന്താണ്? ഇതിനകംതന്നെ ഈ അടുത്തനാളുകളിൽ വളരെയേറെ സ്കൂളുകൾ ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റി അലൂമിനിയം ഷീറ്റുകളാക്കുകയും സീലിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇനിയും ഒരു മേൽക്കൂരമാറ്റം അധിക സാമ്പത്തിക ബാധ്യത മാനേജർമാർക്കുണ്ടാക്കുന്നു. അതു താങ്ങാൻ സാധിക്കുന്ന അവസ്ഥയിലല്ല മാനേജർമാർ. ഇത്തരം നിർമ്മാണവസ്തുക്കൾ അനാരോഗ്യകരമാണെങ്കിൽ സർക്കാർതന്നെ ഈ വസ്തുക്കൾ നിരോധിക്കുകയാണ് ചെയ്യേണ്ടത്. കാരണം ഈ ഷീറ്റുകൾ മേഞ്ഞ വീടുകളിൽ താമസിക്കുന്ന കുട്ടികൾക്കും ഈ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാവുന്നതാണ്.

അതുകൊണ്ട് കോടതിവിധിയുടേയും സർക്കാർ ഉത്തരവിന്റെയും പരിധികൾ ലംഘിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെയും പഞ്ചായത്ത് സെക്രട്ടറിമാരുടെയും ഉത്തരവുകൾ റദ്ദാക്കുവാനും അത്യാവശ്യം വേണ്ട ക്രമീകരണങ്ങൾക്ക് അനുവദിക്കപ്പെട്ട സാവകാശം നിലനിറുത്തുവാനും സർക്കാർ തയ്യാറാകേണ്ടതാണ്. അതുപോലെ ലോക്ഡൗൺ അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 31 എന്നത് നീട്ടിവയ്ക്കാനും സർക്കാർ തയ്യാറാകേണ്ടതുമാണ് എന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ ആവശ്യപ്പെട്ടു. **(5/5/2020)**

## കോവിഡ് 19 – കുട്ടികളുടെ തുടർവിദ്യാഭ്യാസം സഭാസ്ഥാപനങ്ങൾ ജാഗ്രത പുലർത്തുക: ജോഷ്വ മാർ ഇഗ്നാത്തിയോസ്

**(കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ)**

ആരംഭിക്കുവാൻ പോകുന്ന അദ്ധ്യയന വർഷത്തിൽ പ്രവാസി കുട്ടികളുടെ തുടർപഠനത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നതിൽ സഭാസ്ഥാപനങ്ങൾ തികഞ്ഞ ജാഗ്രത പുലർത്തണമെന്ന് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ജോഷ്വ മാർ ഇഗ്നാത്തിയോസ് ആവശ്യപ്പെട്ടു. കെസിബിസി പ്രസിഡന്റ് വിദ്യാഭ്യാസകമ്മീഷൻ അംഗങ്ങളുമായി നടത്തിയ കൂടി

യാലോചനക്കു ശേഷമാണ് ഈ നിർദ്ദേശം സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജർമാർക്കു നൽകിയത്.

കോവിഡ് -19 അനുബന്ധ പ്രതിസന്ധികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കേരളത്തിലേക്ക് മടങ്ങി വരുന്ന കുടുംബങ്ങളിലെ കുട്ടികളുടെ പുനർ വിദ്യാഭ്യാസം. വിദേശങ്ങളിൽ നിന്നും നാലു ലക്ഷത്തോളം പ്രവാസികളും അന്യ സംസ്ഥാനങ്ങളിൽ നിന്ന് രണ്ടു ലക്ഷത്തിലേറെ ആളുകളും ഈ കാലഘട്ടങ്ങളിൽ കേരളത്തിലേക്കു മടങ്ങി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും ജോലി നഷ്ടപ്പെട്ടു തിരിച്ചു പോകാനാവാത്ത സാഹചര്യത്തിൽ കേരളത്തിൽ തന്നെ തുടരാൻ നിർബ്ബന്ധിതരാകാനാണ് സാദ്ധ്യത. അങ്ങനെയുള്ള സാഹചര്യത്തിൽ അവരുടെ മറ്റു പ്രശ്നങ്ങളോടൊപ്പം കുട്ടികളുടെ തുടർ വിദ്യാഭ്യാസവും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുക.

വിദ്യാഭ്യാസമേഖലയിൽ എന്നും മാതൃകാപരമായ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന സഭയുടെ സ്ഥാപനങ്ങൾ ഈ അവസരത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കു സഭയുടെ സിബിഎസ്ഇ(CBSE) ഐസിഎസ്ഇ(ICSE) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പ്രവേശനം ലഭ്യമാക്കാനുള്ള നടപടികൾ എല്ലാ മാനേജർമാരും ഉറപ്പു വരുത്തുവാനും ഉപരിപഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് സഭയുടെ എയ്ഡഡ് സ്വാശ്രയകോളേജുകളിൽ പ്രവേശനത്തിനും ഫീസ്കാര്യങ്ങൾക്കും അർഹമായ പരിഗണന നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഇതു വരെ മലയാളം പഠിക്കാതെ വന്ന കുട്ടികൾക്കായി സ്പെഷ്യൽ ഇംഗ്ലീഷ് പോലുള്ള പാരലൽ സംവിധാനങ്ങളിൽ പഠിക്കാനുള്ള സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്.

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി വളരെ രൂക്ഷമാകുന്ന ഈ സാഹചര്യത്തിൽ ഫീസ് വർദ്ധനവുണ്ടാകാതിരിക്കുവാനും അർഹരായ കുട്ടികൾക്ക് ആവശ്യമായ ഫീസ് സൗജന്യവും ആനുകൂല്യവും നൽകുവാനും സഭാസ്ഥാപനങ്ങൾ ശ്രദ്ധിക്കുവാനും അദ്ദേഹം ഓർമ്മപ്പെടുത്തി.

## സന്ന്യാസിനിയെ സാമൂഹ്യ മാധ്യമത്തിൽ അപമാനിച്ച സംഭവം - പോലീസ് കേസെടുത്തു.

സാമൂഹ്യപ്രവർത്തകയായ സന്ന്യാസിനിയുടെ ചിത്രം എഡിറ്റ് ചെയ്ത് മോശമായ വാക്കുകൾ ചേർത്ത് പ്രചരിപ്പിച്ചതിന് കോട്ടയം സ്വദേശി ക്യാപ്റ്റൻ നോബിൾ പെരേര എന്നയാൾക്കെതിരേ തലശ്ശേരി പോലീസ് കേസെടുത്തു. ക്രൈം നമ്പർ 918/20. ഐപിസി 509, 294 തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് കേസ്. തലശ്ശേരി മദ്യവിരുദ്ധ സമിതി കോഡിനേറ്ററായ സിസ്റ്റർ ലുസീനയുടെ പരാതിയിലാണ് പോലീസ് കേസെടുത്തത്. മദ്യശാലകൾ തുറക്കുന്നതിനെതിരെയുള്ള സാമൂഹ്യബോധവൽക്കരണത്തിന്റെ ഭാഗമായി സിസ്റ്റർ ഉൾപ്പെടെയുള്ള മദ്യവിരുദ്ധസമിതി പ്രവർത്തകർ മദ്യശാലകൾ തുറക്കരുത്, കുടുംബം തകർക്കരുത് എന്ന പോസ്റ്ററുമായി നിൽക്കുന്ന ചിത്രത്തിൽ സിസ്റ്ററിന്റെ ചിത്രത്തിലെ എഴുത്തുകൾ തിരുത്തി അവാസ്തവവും ആഭാസകരവുമായ വാക്കുകൾ ചേർത്തു പ്രചരിപ്പിച്ചു എന്നാണ് കേസ്. പവിത്രമായി എല്ലാവരും ബഹുമാനിക്കുന്ന തന്റെ സന്ന്യാസത്തെയും വിശ്വാസത്തെയും മന:പൂർവ്വം അപമാനിക്കുന്നതും വ്യക്തിപരമായി മാനഹാനി വരുത്തുന്നതുമായ പ്രചരണം നടത്തിയ നോബിൾ പെരേരയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. കപ്പൽ ജീവനക്കാരനായ പ്രതിയെ പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഇയാൾ തയ്യാറാക്കിയ വ്യാജവാർത്ത പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മറ്റുള്ളവർക്കെതിരെയും നിയമനടപടികൾക്കൊരുങ്ങുകയാണ് പരാതിക്കാരി. **(19/5/2020)**

## ഏകദിന പ്രാർഥനയിൽ പങ്കുചേർന്നു മതനേതാക്കൾ

**കൊച്ചി:** കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സർവരുടെയും ക്ഷേമത്തിനായുള്ള സർവമത പ്രാർഥനയിൽ കേരളത്തിലെ വിവിധ മതനേതാക്കൾ പങ്കു ചേർന്നു. സീറോ മലബാർ മേജർ ആർച്ച്ബിഷപ്പും കെസിബിസി പ്രസിഡന്റും ഇന്റർ ചർച്ച് കൗൺസിൽ ചെയർമാനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് മതനേതാക്കളുമായി ആശയവിനിമയം നടത്തി പ്രാർഥനാ ദിനാചരണം ഏകോപിപ്പിച്ചത്.

മാർ ജോർജ് ആലഞ്ചേരിക്കു പുറമേ, സ്വാമി ചിദാനന്ദപുരി, സ്വാമി സദ്ഭാവാനന്ദ, സ്വാമി സാന്ദ്രാനന്ദ, ശ്രീമദ് വാസുദേവാനന്ദ ബ്രഹ്മാനന്ദഭൂതി, പാണക്കാട് സെയ്ദ് ഹൈദരലി ശിഹാബ് തങ്ങൾ, കാന്തപുരം എ.പി. അബൂബക്കർ മുസിലിയാർ, ഡോ. ഹുസൈൻ മടവൂർ, തിരുവനന്തപുരം പാളയം ഇമാം വി.പി. സുഹൈബ് മൗലവി, സീറോ മലങ്കര സഭാധ്യക്ഷൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ്, ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ, കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ, യാക്കോബായ സഭാ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, മാർത്തോമ സഭാധ്യക്ഷൻ ജോസഫ് മാർത്തോമ സഭാധ്യക്ഷൻ ജോസഫ് മാർത്തോമാ മെത്രാപ്പോലീത്ത, സിഎസ്ഐ മോഡറേറ്റർ ബിഷപ് ധർമരാജ് റസാലം, തൃശൂർ ഈസ്റ്റ് സിറിയൻ ചർച്ച് മെത്രാപ്പോലീത്ത മാർ അപ്രേം എന്നിവർ വിവിധ സ്ഥലങ്ങളിൽ പ്രാർഥനയിൽ പങ്കാളികളായി. ഇന്നലെ ഉച്ചകഴിഞ്ഞു 3.30നു നടന്ന പ്രാർഥനകൾ വിവിധ മധ്യാമങ്ങളിലൂടെ സംപ്രേഷണം ചെയ്തു. **(ദീപിക, 4/5/2020)**

## നഴ്സുമാരുടെ സേവനം പ്രശംസനീയം: മാർപാപ്പ

**വത്തിക്കാൻ സിറ്റി:** നഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും നടത്തുന്ന ത്യാഗോജ്വല സേവനം ഏറെ വിലമതിക്കുന്നുവെന്നു ഫ്രാൻസിസ് മാർപാപ്പ.

ആരോഗ്യരംഗത്തു കൂടുതൽ നിക്ഷേപം നടത്താനും കൂടുതൽ നഴ്സുമാരെ പരിശീലിപ്പിക്കാനും ലോകരാജ്യങ്ങൾ തയ്യാറാവണമെന്നും അദ്ദേഹം പറഞ്ഞു. അന്തർദേശീയ നഴ്സസ് ദിനവും ഫ്ളോറൻസ് നൈറ്റിംഗേലിന്റെ 200-ാം ജന്മവാർഷികവും പ്രമാണിച്ച് പുറപ്പെടുവിച്ച പ്രത്യേക സന്ദേശത്തിലാണ് മാർപാപ്പ ഇക്കാര്യം പറഞ്ഞത്. **(ദീപിക, 13/5/2020)**

## മദ്യനയത്തിൽ സമഗ്ര മാറ്റത്തിനു സർക്കാർ തയ്യാറാകണം: മത-സാംസ്കാരിക നായകർ

**തിരുവനന്തപുരം:** മദ്യഷാപ്പുകൾ അടഞ്ഞുകിടന്ന ലോക്ക്ഡൗൺ കാലയളവിലെ ഗുണപരമായ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മദ്യനയത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ തയ്യാറാകണമെന്ന് കേരളത്തിലെ ലഹരിവിരുദ്ധ/മതസാംസ്കാരിക മേഖലയിലെ വിവിധ സംഘടനകളുടെ പ്രതിനിധികൾ കേരള സർക്കാരിനോട് അഭ്യർഥിച്ചു.

കോവിഡ് മഹാമാരിയെത്തുടർന്നു ഇന്ത്യയിലാകമാനം നടപ്പാക്കിയ ലോക്ക്ഡൗൺ മാർഗനിർദേശങ്ങളുടെ ഫലമായി കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സമ്പൂർണ മദ്യനിരോധനം മാർച്ച് 24 മുതൽ നിലനില്ക്കുയാണെന്ന് അവർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ 45 ദിവസങ്ങളിലധികമായി സംസ്ഥാനത്തെ മുഴുവൻ മദ്യഷാപ്പുകളും അടഞ്ഞുകിടക്കുന്നതിന്റെ നേട്ടങ്ങൾ അനവധിയാണ്. കേരള പോലിസിന്റെ സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് കുറ്റകൃത്യങ്ങളിൽ 75ശതമാനത്തിലധികം കുറവുണ്ടായി. ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. അപകട മരണങ്ങൾ ഏതാണ്ട് ഇല്ലാതായി.

കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞതിന്റെ പ്രധാന കാരണം മദ്യഷാപ്പുകൾ പൂർണമായും അടഞ്ഞുകിടക്കുന്നത് തന്നെയാണ്. ലോകാരോഗ്യ സംഘടന ചൂണ്ടിക്കാട്ടിയതുപോലെ മദ്യത്തിന്റെയും പുകയിലയുടെയും ലഭ്യത ഇല്ലാതായത് കോവിഡിനെ പ്രതിരോധിക്കാനുള്ള ശേഷി ജനങ്ങളിൽ വർധിപ്പിച്ചു. മദ്യഷാപ്പുകൾ അടഞ്ഞുകിടന്നതു സാമഹ്യഅകലം കൃത്യമായി പാലിക്കുന്നതിനും അനാവശ്യമായ ആൾക്കൂട്ടങ്ങൾ ഒഴിവാക്കുന്നതിനും സഹായകമായി. ലോക്ഡൗൺ ഫലപ്രദമായി നടപ്പാക്കുന്നതിന് മദ്യഷാപ്പുകൾ അടഞ്ഞു കിടക്കണമെന്നുള്ള സർക്കാരിന്റെ പക്വമായ തിരിച്ചറിവിനെയും തീരുമാനത്തെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. **(ദീപിക, 11/5/2020)**

## ക്വാറന്റൈൻ: സർക്കാരിനും പ്രവാസികൾക്കും തുണയായി ധ്യാനകേന്ദ്രങ്ങൾ

പ്രവാസികളുടെ തിരിച്ചുവരവിൽ സുരക്ഷിതമായ ക്വാറൈന്റൻ കേന്ദ്രങ്ങൾ ഒരുക്കാൻ സർക്കാരിനു തുണയായത് ധ്യാനകേന്ദ്രങ്ങൾ. ക്വാറന്റൈൻ താമസത്തെക്കുറിച്ച് ഏറെ ആശങ്കകളുമായി വന്ന പ്രവാസികൾക്കും കത്തോലിക്ക സഭയുടെ ധ്യാനകേന്ദ്രങ്ങളിലെ സുരക്ഷിതത്വവും സൗകര്യങ്ങളും ഏറെ ആശ്വാസം പകർന്നിരിക്കുകയാണ്. സർക്കാർ നിരവധി കോളജ് ഹോസ്റ്റലുകളും മറ്റും ക്വാറന്റൈൻ സെന്ററുകളാക്കാൻ ഏറ്റെടുത്തിരുന്നെങ്കിലും ബാത്ത് അറ്റാച്ച്ഡ് റൂമുകൾ വേണമെന്ന ആരോഗ്യവകുപ്പിന്റെ നിർദേശം ഇവിടെ പലേടത്തും തടസ്സമായി വന്നു. ഹോസ്റ്റലുകളിൽ പലയിടത്തും പൊതുവായ ബാത്ത്റൂം സൗകര്യങ്ങളാണ് ഉള്ളത്. ഇതോടെയാണ്

ധ്യാനകേന്ദ്രങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടി വന്നത്. കത്തോലിക്ക സഭ നേരത്തെതന്നെ ധ്യാനകേന്ദ്രങ്ങളും ഇതരസ്ഥാപന സൗകര്യങ്ങളും കോവിഡ്-19 പ്രതിരോധത്തിനായി സർക്കാരിനു വിട്ടു കൊടുത്തിരുന്നു. **(ദീപിക, 11/5/2020)**

## ദേവാലയ ശുശ്രൂഷകൾക്ക് ഉപാധികളോടെ അനുമതി തേടി ക്രൈസ്തവ സഭാധ്യക്ഷന്മാരുടെ നിവേദനം

**കൊച്ചി:** സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും വിവേചനത്തിനും നിബന്ധനകൾക്കും വിധേയമായി 50 പേർക്കെങ്കിലും പങ്കെടുക്കാവുന്ന രീതിയിൽ ദേവാലയങ്ങളിൽ ആരാധനാശുശ്രൂഷകൾ നടത്താനുള്ള അനുമതി കഴിവതും വേഗം നല്കണമെന്നാവശ്യപ്പെട്ടു മുഖ്യമന്ത്രി പിണറായി വിജയനു കേരളത്തിലെ ക്രൈസ്തവ സഭാധ്യക്ഷന്മാർ നിവേദനം നല്കി. നിയന്ത്രിതമായ ജനപങ്കാളിത്തത്തോടെയാണെങ്കിലും ദേവാലയങ്ങളിൽ ആരാധനാശുശ്രൂഷകൾ ആരംഭിക്കണമെന്ന വിശ്വാസികളുടെ ആവശ്യത്തിന്റെ പശ്ചാത്തലത്തിലാണു നിവേദനം.

ലോക്ക് ഡൗൺ നിബന്ധനകളിൽ ക്രമാനുഗതമായി ഇളവുകൾ നല്കുന്ന സർക്കാർ നയത്തെ സ്വാഗതം ചെയ്യുന്നതായി നിവേദനത്തിൽ വ്യക്തമാക്കുന്നു. കേന്ദ്ര നിർദേശങ്ങൾക്കുള്ളിൽ നിന്നു കുറേക്കൂടി സ്വതന്ത്രമായ തീരുമാനങ്ങൾ സംസ്ഥാനങ്ങൾക്ക് ഇപ്പോഴെടുക്കാൻ സാധിക്കുന്ന സാഹചര്യമുണ്ട്. ഈ മാരകരോഗത്തെ പ്രതിരോധിക്കേണ്ടതും അതിന്റെ വ്യാപനം തടയേണ്ടതും ആവശ്യമാണെന്ന ബോധ്യത്തിൽ ജനം പൊതുവിൽ എത്തിയിട്ടുണ്ട്. അതിനാൽ രോഗികളുടെ എണ്ണം വീണ്ടും നേരിയതോതിൽ വർധിക്കുന്നു എന്ന കാരണത്താൽ ലോക്ക്ഡൗൺ പുതിയ ഇളവുകളൊന്നുമില്ലാതെ തുടരേണ്ട ആവശ്യമില്ലെന്നതാണ് ഞങ്ങളുടെ അഭിപ്രായം. കുടുതൽ ഇളവുകളോടെ രോഗവ്യാപനം ഒഴിവാക്കത്തരീതിയിൽ ജനജീവിതത്തെ നിയന്ത്രിക്കുകയാണ് ഇനി നല്ലത്. **(ദീപിക, 17/5/2020)**

## കോവിഡ്: ഭാരതത്തിനും ലോകത്തിനുമായി മതനേതാക്കളുടെ പ്രാർഥന

**ചങ്ങാനാശേരി/ന്യൂഡൽഹി:** കോവിഡിനെതിരേ പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കാനുള്ള ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനപ്രകാരം സിബിസിഐ ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മീഷൻ ഭാരതത്തിലെ വിവിധ സഭാമേലധ്യക്ഷന്മാരെ കോർത്തിണക്കി വെബ്-പ്രെയർ കൂട്ടായ്മയിൽ ഭാരതത്തിനും ലോകത്തിനുമായി പ്രാർഥിച്ചു. സിബിസിഐ ഓഫീസ് ഫോർ ഡയലോഗ് ആൻ ഡസ്ക് ഫോർ എക്യുമിനിസം ചെയർമാൻ ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രാർഥനാ കൂട്ടായ്മയിൽ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള ക്രൈസ്തവസഭാമേലധ്യക്ഷന്മാരും മതനേതാക്കളും പങ്കെടുത്തു.

സിബിസിഐ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ആമുഖസന്ദേശം നല്കി. കെസിബിസി പ്രസിഡന്റ് സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി സന്ദേശം നല്കി.

മലങ്കര സുറിയാനി കത്തോലിക്കസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ, സിബിസിഐ വൈസ് പ്രസിഡന്റ് ആർച്ചുബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സിറിയൻ ഓർത്തഡോക്സ് സഭാ ആർച്ചുബിഷപ് കുര്യാക്കോസ് മാർ തെയോഫിലോസ്, സിഎൻഐ സഭാ പ്രതിനിധി റവ. കാസ്റ്റ്ാ ഡിപ്പ്, വൈഷ്ണവ കുട്ടായ്മയുടെ ചെന്നൈ ഇസ്ക്കോൺ ടെമ്പിൾ പ്രസിഡന്റ് സുമിത്ര കൃഷ്ണദാസ് എന്നിവരും പ്രാർഥനകളിൽ സജീവമായി പങ്കെടുത്തു. **(ദീപിക, 16/5/2020)**

## കെസിബിസി കമ്മീഷൻ മാർഗരേഖ രൂപീകരിക്കും

**കോട്ടയം:** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോവിഡ് അതിജീവനത്തിനായുള്ള തുടർപ്രവർത്തനങ്ങൾക്ക് മാർരേഖ രൂപപ്പെടുത്തുന്നതിനുള്ള പ്രഥമ ആലോചന അടിച്ചിറ ആമോസ് സെന്ററിൽ നടത്തി.

കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ അധ്യക്ഷത വഹിച്ചു. ജോയിന്റ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, മുൻ ഡയറക്ടർ ഫാ. റോമാൻസ് ആന്റണി, ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, സിസ്റ്റർ ജെസീന, പി.ജെ. വർക്കി, ജോബി മാത്യു, കെ.എ. രാജേഷ് എന്നിവർ പങ്കെടുത്തു. കോവിഡ് ഉണ്ടാക്കുന്ന വ്യാപകഫലങ്ങളെ അതിജീവിക്കാനുള്ള സമഗ്ര കർമപദ്ധതികൾക്ക് ആലോചനാ യോഗം സംഘടിപ്പിച്ചത്. (22/5/2020)




# സോഷ്യൽ മീഡിയയിലെ ചതിക്കുഴികൾ

**സി. സോണിയ ഡി.എസ്.ജെ**



നമ്മുടെ രാജ്യത്ത് ലോക് ഡൗൺ തുടങ്ങി ഏതാനും ദിവസങ്ങൾ വീടുകളിലും താമസ സ്ഥലങ്ങളിലും വെറുതെ ഇരുന്ന് ബോറടിച്ചപ്പോൾ ആണ് പലരും സോഷ്യൽ മീഡിയകളിൽ ഈയിടയ്ക്ക് ഉദയം ചെയ്ത ചില ഗ്രൂപ്പുകൾ ശ്രദ്ധിച്ചു തുടങ്ങിയത്. ഈ ഗ്രൂപ്പുകളിൽ തങ്ങളുടെ സുഹൃത്തുക്കൾ അംഗങ്ങളാ ണെന്നറിയുകയും ദിനംപ്രതി ഇവരുടെ ക്ഷണം കിട്ടുകയും ചെയ്തപ്പോൾ പിന്നെ ഒന്നും ചിന്തിച്ചില്ല, പലരും ഇങ്ങനെയുള്ള ഗ്രൂപ്പുകളിൽ അംഗങ്ങളായി. ഇന്നുവരെ കണ്ടിട്ടുള്ളതിൽ നിന്ന് വളരെ വ്യത്യാസം നിറഞ്ഞതായിരുന്നു ഈ പുതിയ ഗ്രൂപ്പുകൾ. സ്വന്തം ഫോട്ടോയോട് ഒപ്പം പേരും മേൽവിലാസവും ജോലിയും ഹോബിയും ഒക്കെ എഴുതി ഗ്രൂപ്പുകളിൽ പോസ്റ്റുമ്പോൾ ആയിരക്കണക്കിന് ലൈക്കുകളും കമന്റുകളും കിട്ടുന്നത് ഒരു ആവേശമാണ്. അല്പം കാണാൻ കൊള്ളാവുന്ന യുവതികളാണെങ്കിൽ, പിന്നെ പറയുകയും വേണ്ട! പോസ്റ്റിന് താഴെയുള്ള കമന്റുകൾ വായിക്കാൻ ദിവസങ്ങൾ തന്നെ വേണ്ടിവരും.

ഒരു പരിചയവും ഇല്ലാത്ത ആരോ എവിടെയോ ഇരുന്ന് ഉണ്ടാക്കിയ ഇത്തരം ഗ്രൂപ്പുകളുടെ അഡ്മിൻ ആരാണെന്ന് പോലും നോക്കാതെ എന്തു വിശ്വസിച്ചാണ് ഇന്നത്തെ യുവജനങ്ങൾ ഇത്തരം ഗ്രൂപ്പുകളിൽ അംഗമാകുന്നത്? തങ്ങളുടെ ഒത്തിരി പരിചയക്കാരും സുഹൃത്തുക്കളും ഈ ഗ്രൂപ്പിൽ ഉള്ളതുകൊണ്ടാണ് ഞാനും ഇത്തരം ഗ്രൂപ്പുകളിൽ അംഗമായി എന്ന് വളരെ നിസ്സാരമട്ടിൽ പറയുമ്പോൾ മുമ്പിൽ പതിയിരിക്കുന്ന ദുരന്തം എന്താണെന്ന് മനസ്സിലാകില്ല. ആദ്യ ദിവസം പേരും വീട്ടുപേരും സ്ഥലവും പബ്ലിഷ് ചെയ്യും. പിന്നീട് ഒന്നുരണ്ട് ദിവസങ്ങൾ കഴിയുമ്പോൾ ആരെല്ലാം ഒരേ ദിവസം ജനിച്ചു എന്നറിയാം എന്ന ചെറിയ ഒരു ആകാംക്ഷ ജനിപ്പിക്കുന്ന കമന്റ് കാണുന്നതേ മിക്കവരും ജനിച്ച തീയതിയും മാസവും വർഷവും കുറിക്കും. പിന്നെ കുറച്ചുദിവസങ്ങൾ കഴിയുമ്പോൾ അടുത്ത ആകാംക്ഷയാണ്: ഒരേ ജോലി ചെയ്യുന്നവർ ആരെല്ലാം ആണെന്ന് നോക്കാം? ഇങ്ങനെ ആകാംക്ഷകൾ വർദ്ധിച്ച് ഓരോ ദിവസവും മുന്നോട്ടു പോകുമ്പോൾ നാം അറിയാതെതന്നെ നമ്മളെ പ്പറ്റിയുള്ള സകല വിവരങ്ങളും നമ്മൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ ഗ്രൂപ്പുകളിൽ വെളിപ്പെടുത്തി ക്കഴിഞ്ഞിരിക്കും. ചിലർ അവ ശേഖരിച്ച് അവയെ വില്പനചരക്ക് ആക്കിമാറ്റാൻ ധാരാളം സാധ്യതകൾ ഉണ്ടെന്ന യാഥാർത്ഥ്യം ഡാറ്റസംബന്ധിയായ സ്പ്രിംഗ്ളർ വിവാദത്തിന്റെ ഇക്കാലത്തുപോലും നമുക്കു തിരിച്ചറിയാൻ കഴിയുന്നില്ലെന്നോ?

ഇന്നുകളുടെ ആവേശം നമ്മുടെ കണ്ണുകളെ അന്ധമാക്കുന്നു എന്നത് അധികമാരും അംഗീ കരിക്കില്ല. പഴമക്കാർ പറയുന്ന ഒരു പഴഞ്ചൊല്ലുണ്ട്: 'ഇല മുള്ളിൻമേൽ വീണാലും മുള്ള് ഇലയുടെമേൽ വീണാലും ഇലയ്ക്കു തന്നെയാണ് കേട്'. ആധുനിക യുഗത്തിൽ അതിവേഗം സഞ്ചരിക്കുവാൻ വെമ്പൽ കൊള്ളുന്ന നാം ഓരോരുത്തരും, പത്ത് വർഷം മുമ്പുള്ള അവസ്ഥ അല്ല ഇന്ന് ഈ ലോകത്തുള്ളത് എന്നുള്ളത് മനസ്സിലാക്കണം. ദിനംപ്രതി സ്ത്രീ കളുടെയും കുട്ടികളുടെയും നേർക്കുള്ള പീഡനങ്ങൾ വർദ്ധിക്കുന്നു. 'പ്രണയ ചതിക്കുഴികളിൽ' വീണ അനേകം കൗമാരപ്രായക്കാരുടെയും യുവതി കളുടെയും മാനം ചിലർ അശ്ലീല സൈറ്റുകൾക്ക് വിറ്റഴിക്കുകയും അനേകായിരങ്ങൾ അത് കണ്ട് ആസ്വദിക്കുകയും ചെയ്യുന്നു. ഇത്തരം ദുരന്തങ്ങൾ പലരുടെയും പ്രിയപ്പെട്ടവർക്കു സമ്മാനിക്കുന്ന തേങ്ങലുകൾ കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കാൻ നമുക്കാകുമോ?

ഭയാനകമായ രീതിയിൽ വർദ്ധിച്ചു വരുന്ന ബാലപീഡനങ്ങൾക്ക് ഒരു പരിധി വരെ മാതാ പിതാക്കൾക്കും ഉത്തരവാദിത്വം ഉണ്ട്. സ്വന്തം മക്കളുടെ വിവിധതരം ഫോട്ടോകൾ സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്യുമ്പോൾ ഓർക്കുക, ഇരതേടി അലയുന്ന ഒരു കഴുകന്റെ കണ്ണ് ആ കുഞ്ഞിന്റെമേലും പതിച്ചിട്ടുണ്ട് എന്നത്. ഒരോ ദിവസവും സംഭവിക്കുന്ന ഇത്തരം ദുരന്തങ്ങൾ അകലങ്ങളിലിരുന്നു വായി ക്കുമ്പോൾ എന്റെ മനസ്സ് വല്ലാതെ പിടയുന്നു. ചില യൂറോപ്യൻ രാജ്യങ്ങളിൽ ഇങ്ങനെ ഒരു നിയമമുണ്ട്: 'മാതാപിതാക്കൾ പോലും സ്വന്തം മക്കളുടെ ഫോട്ടോ സോഷ്യൽ മീഡിയകളിൽ പബ്ലിഷ് ചെയ്യരുത്, പ്രത്യേകിച്ച് കൊച്ചു കുട്ടികളുടെ'. നമ്മുടെ രാജ്യത്തും യൂറോപ്പിൽ ഉള്ളതുപോലുള്ള ഇത്തരം നല്ല നിയമങ്ങൾ നടപ്പിൽ വരുകയായിരുന്നെങ്കിൽ എന്ന് വെറുതെ ആഗ്രഹിച്ചു പോകുന്നു...

# കോവിഡ്-19 പ്രതിരോധവും ലോക്ഡൗൺകാല ദുരിതാശ്വാസ പ്രവർത്തനങ്ങളും കെസിബിസി വിലയിരുത്തും

**കൊച്ചി:** കോവിഡ്-19 പ്രതിരോധ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കത്തോലിക്കാസഭാ സംവിധാനങ്ങളുടെ സഹകരണവും പങ്കാളിത്തവും വിലയിരുത്തുന്നതിന്റെ ഭാഗമായി കേരള കത്തോലിക്കാസഭയിലെ കാലത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും ഇടക്കാല റിപ്പോർട്ടും കണക്കുകളും കെസിബിസി ക്കു സമർപ്പിച്ചു. കെസിബിസി വർഷകാല സമ്മേളനം കോവിഡ്കാലത്ത് സഭയുടെ വിവിധ തലങ്ങളിൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തും. "കോവിഡനന്തര സഭയും സമൂഹവും" എന്ന വിഷയം കെസിബിസി ചർച്ചചെയ്ത് ഭാവിപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കും.

കോവിഡ് പ്രതിരോധ-ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് ജില്ലാ അധികാരികളുമായി സഹകരിച്ച് രൂപതകളിൽ നേതൃത്വം നല്കുന്നത് സോഷ്യൽ സർവീസ് സൊസൈറ്റികളാണ്. കോവിഡിന് എതിരേയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണ വിതരണങ്ങൾ, അതിഥി തൊഴിലാളികൾക്കും പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കും ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കൽ, ഭക്ഷണക്കിറ്റ് തയ്യാറാക്കി വിതരണം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സന്നദ്ധപ്രവർത്തകരും സന്ന്യസ്തരും സജീവമായി രംഗത്തുണ്ട്. രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളുടെ നേതൃത്വത്തിൽ ഇതിനോടകം പതിനഞ്ചു ലക്ഷത്തിലേറെ മാസ്കുകൾ നിർമ്മിച്ചു വിതരണം ചെയ്യാൻ കഴിഞ്ഞു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായും മറ്റു സന്നദ്ധസംഘടനകളുമായും സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചൺ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനങ്ങളിൽ സഭയിലെ വനിതാ-യുവജന സംഘടനകളും സജീവമായി പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴി നടന്നുവരുന്ന പ്രവർത്തനങ്ങൾക്ക് ഏപ്രിൽ 30 വരെ 10,07,29,745 രൂപയും ഇടവകകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് 21,20,89,968 രൂപയും സന്ന്യസ്ത സഭകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് 12,87,18,280 രൂപയും ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, രൂപതകളിൽ നിന്നും സന്ന്യാസസമൂഹങ്ങളിൽ നിന്നും സമാഹരിച്ച 1,03,50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കെസിബിസി സംഭാവന ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച അവസരത്തിൽ ത്തന്നെ കത്തോലിക്കാസഭയുടെ ആശുപത്രികളും ആരോഗ്യപ്രവർത്തകരും സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിരുന്നു. കൂടാതെ, സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ധ്യാനകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ, സാമൂഹികക്ഷേമസംവിധാനങ്ങൾ, പാസ്റ്ററൽ സെന്ററുകൾ എന്നിവയുടെ വിശദവിവരങ്ങളും അവിടെ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങളും അതാതു ജില്ലാഭരണാധികാരികൾക്ക് കൈമാറിയിരുന്നു. പ്രവാസിമലയാളികളുടെ ക്വാറന്റെയിൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ലോക്ഡൗൺ കഴിയുന്ന മുറയ്ക്ക് തിരികെയെത്തുന്ന മദ്യം കുടുംബങ്ങളിലും സമൂഹത്തിലും നിലനില്ക്കുന്ന സമാധാന അന്തരീക്ഷം തകർക്കുകയും സാമൂഹ്യ നിയന്ത്രണങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ സങ്കീർണമാക്കുകയും ചെയ്തേക്കാം. ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത ആവശ്യമാണ്. കൂടാതെ, ജോലി നഷ്ടമായി തിരിച്ചെത്തുന്ന പ്രവാസികളുടെ മക്കളുടെ തുടർവിദ്യാഭ്യാസത്തിന് സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ ഫീസ് സൗജന്യവും മറ്റ് ആനുകൂല്യങ്ങളും ഏർപ്പെടുത്തുകയും മാറിയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന മാനസിക അസ്വസ്ഥതകൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നല്കുകയും വേണമെന്ന് സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേതൃത്വം നല്കുന്നവർക്ക് കെസിബിസി നിർദേശം നല്കിയിട്ടുണ്ട്. കൂടാതെ, യുവജനങ്ങളും അല്മായ നേതൃത്വവും വൈദികരും സന്ന്യസ്തരും പ്രാദേശിക പ്രശ്നങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കാൻ ജാഗ്രത പുലർത്തണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റു സന്നദ്ധ സംഘടനകളുമായി സഹകരിച്ച്, സർക്കാരിന്റെ വിവിധ ദുരിതാശ്വാസ-ക്ഷേമ പദ്ധതികൾ അതർഹിക്കുന്നവരിലെത്തിക്കാൻ ജാഗ്രത പുലർത്തണമെന്നും കെസിബിസി ആഹ്വാനം ചെയ്തു. **(14/5/2020)**